കേരള സർക്കാർ

# ബഡ്ജറ്റ് പ്രസംഗം

## 2011 - 2012

കെ. എം. മാണി
ധനകാര്യ മന്ത്രി

8 ജൂലായ് 2011

# കേരള സർക്കാർ

## പുതുക്കിയ ബജറ്റ്
## 2011-12

# ബജറ്റ് പ്രസംഗം

**ശ്രീ. കെ.എം. മാണി**

കേരള ധനകാര്യ മന്ത്രി

2011 ജൂലൈ 8

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| I | ആമുഖം | 1–10 |
| II | മുൻഗണനാ പരിപാടികൾ | 10–36 |
| III | വിവിധ വകുപ്പുകൾ | 36–76 |
| IV | വിഭവസമാഹരണം | 76–88 |
| V | ഉപസംഹാരം | 88–91 |

# ആമുഖം

സർ, പുതിയ ഗവൺമെന്റിന്റെ പുതുക്കിയ ബജറ്റ് ഈ സഭയ്ക്ക് മുൻപാകെ അവതരിപ്പിക്കുന്നതിൽ എനിക്ക് അത്യധികമായ അഭിമാനവും സന്തോഷവും ഉണ്ട്.

2. കഴിഞ്ഞ അഞ്ച് വർഷക്കാലമായി ഇവിടെ നിലനിന്നുപോന്ന വികസന മാന്ദ്യവും സാമ്പത്തിക അച്ചടക്കമില്ലായ്മയും കണ്ടു ദു:ഖിതരായ കേരള ജനത ഒരു സമൂലമാറ്റം ആഗ്രഹിച്ചുവെന്നതിന്റെ തെളിവാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിലെ ജനവിധി. അനുയോജ്യമായ എല്ലാ സാഹചര്യങ്ങളും ഒത്തിണങ്ങിയിരുന്നിട്ടും ഒരടിപോലും മുന്നോട്ടു നീങ്ങാനാവാതെ ചലനമറ്റു കിടക്കുന്ന നമ്മുടെ സംസ്ഥാനത്തിന് വികസന വിഹായസ്സിലേയ്ക്ക് കുതിച്ചുയരാനുള്ള ഊർജ്ജം പകർന്നുകൊടുക്കാൻ ജനങ്ങൾ നൽകിയ മാൻഡേറ്റായി ഞങ്ങൾ ഈ ജനവിധിയെ കാണുന്നു. കഴിഞ്ഞ അഞ്ചുവർഷങ്ങളായി നമ്മുടെ സാമ്പത്തിക രംഗത്ത് നിലനിന്നുപോരുന്ന കുത്തഴിഞ്ഞ പ്രവർത്തന ശൈലിക്ക് വിരാമമിടുന്നതിനും വികസനം ത്വരിതപ്പെടുത്തുന്നതിനും നഷ്ടപ്പെട്ട അവസരങ്ങൾ വീണ്ടെടുക്കുന്നതിനും ഈ ജനവിധി ഞങ്ങൾ പ്രയോജനപ്പെടുത്തുമെന്ന് വ്യക്തമാക്കട്ടെ.

3. ഒരൊറ്റ വ്യക്തിയുടെ പിന്നോക്കാവസ്ഥപോലും സമൂഹത്തിന്റെയാകെ ക്ഷേമത്തെ പ്രതികൂലമായി ബാധിക്കുമെന്ന സാമ്പത്തിക സിദ്ധാന്തം അടിസ്ഥാനമാക്കിക്കൊണ്ട്, ഒരു ഭരണ സംവിധാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളുടെ ആകെ ലക്ഷ്യം എല്ലാ ജനങ്ങളുടേയും ഉന്നതി എന്നതായിരിക്കണമെന്ന കാഴ്ചപ്പാടാണ് ഈ ബജറ്റിന്റെ മുഖമുദ്ര.

4. സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വികസനത്തിന് ധാരാളം സാദ്ധ്യതകളുണ്ടെങ്കിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഉൽപാദന മേഖലയെ പരിപോഷിപ്പിക്കുന്നതിലും തദ്ദേശീയമായി ഉൽപാദിപ്പിക്കുന്ന വിഭവങ്ങൾക്ക് മൂല്യവർദ്ധനവുണ്ടാക്കുന്നതിലും ആപേക്ഷികമായി മുൻതൂക്കം നേടാവുന്ന മേഖലകൾ പ്രയോജനപ്പെടുത്തുന്നതിലും നമുക്ക് വിജയിക്കുവാൻ കഴിഞ്ഞിട്ടില്ല.

5. കേരളത്തിലെ സമ്പദ്‌വ്യവസ്ഥയുടെ വൈകല്യങ്ങളും ബലക്ഷയങ്ങളും പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന ഒരു വസ്തുത കാർഷികമേഖലയുടെ മുരടിപ്പും അടിസ്ഥാനമേഖലയുടെ പിന്നോക്കാവസ്ഥയും സർവ്വാശ്ലേഷിയായ വികസനത്തിന്റെ (Inclusive Growth) വേഗതയില്ലായ്മയും അഭ്യസ്തവിദ്യരുടെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും വികസന രംഗത്ത് നിക്ഷേപങ്ങൾ ആർജ്ജിക്കുന്നതിൽ വന്നിട്ടുള്ള വിടവും പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റുമാണ്. പരിമിതികൾ ഉണ്ടെങ്കിലും ഇതിന് പരിഹാരമുണ്ടാക്കുക എന്നത് എന്റെ ബജറ്റിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്.

6. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിൽ കാത്തിരിക്കുന്ന അഭ്യസ്തവിദ്യരുടെ എണ്ണം 2005-06 ൽ 38.57 ലക്ഷമായിരുന്നത് 2009-10 ആയപ്പോഴേയ്ക്കും 43.29 ലക്ഷമായി ഉയർന്നു. ഇതിന് ഫലപ്രദമായ പ്രതിവിധി കണ്ടെത്താൻ മുൻ സർക്കാരിന് സാധിക്കുകയുണ്ടായില്ല. ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമായിരുന്ന സ്മാർട്ട്സിറ്റി പോലും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ല.

7. കഴിഞ്ഞ ഒരു ദശകത്തിനിടെ, സ്വകാര്യ മേഖലയിൽ കുറെ സ്ഥാപനങ്ങൾ ആരംഭിച്ചതിന്റെ ഫലമായി പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കുറെയൊക്കെ മാറ്റമുണ്ടായെങ്കിലും നിലവാരത്തിന്റെ കാര്യത്തിൽ നമുക്ക് ഇനിയും മുന്നേറേണ്ടിയിരിക്കുന്നു.

8. ഓക്സ്ഫോർഡ്, കേംബ്രിഡ്ജ്, മസാച്ചുസെറ്റ്സ് മുതലായ ലോകോത്തര വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ നിലവാരമുള്ള ഏതാനും മെച്ചപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളെങ്കിലും നമുക്കുണ്ടാകേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങൾ ഈ സർക്കാർ നടത്തുന്നതാണ്.

9. പഠനത്തിനും, സാമ്പത്തിക സംരംഭങ്ങൾക്കും, തൊഴിലിനുമായി മറ്റു സംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കേണ്ടിവരുന്ന അവസ്ഥ സാമ്പത്തിക മുൻ പിൻ ബന്ധങ്ങളിലൂടെ (Forward and Backward Linkages) സംസ്ഥാനത്തിനുണ്ടാകേണ്ട വികസന സാദ്ധ്യതകളെയാണ് ഇല്ലാതാക്കി കളയുന്നത്. ഈ പ്രവണത തിരുത്തപ്പെടേണ്ടതാണ്.

10. നമ്മുടെ ഉൽപാദന മേഖലയും വലിയ തകർച്ചയാണ് നേരിട്ടു കൊണ്ടിരിക്കുന്നത്. എന്തും വിളയിക്കാവുന്ന മണ്ണും കാർഷികോൽപന്നങ്ങൾക്ക് നല്ല വിപണിയും ഉണ്ടെങ്കിലും 2005-06 ൽ ആഭ്യന്തര ഉൽപാദനത്തിന്റെ 15.02 ശത മാനമായിരുന്ന കാർഷിക മേഖലയുടെ പങ്ക് ക്രമമായി കുറഞ്ഞ് 2009-10 ആയപ്പോ ഴേക്കും 12.01 ശതമാനമായി. വ്യവസായ മേഖലയുടെ പങ്കാകട്ടെ 2005-06 ൽ 25.06 ശതമാനമായിരുന്നത് 2009-10 ൽ 21.71 ശതമാനമായി. അതായത് 2005-06 ൽ ആഭ്യ ന്തര വരുമാനത്തിന്റെ 40.08 ശതമാനമായിരുന്ന ഉൽപാദന മേഖലയുടെ സംഭാ വന 2009-10 ആയപ്പോഴേക്കും കേവലം 33.72 ശതമാനമായി ചുരുങ്ങി. സർ, ഇതിന് എളിയ തോതിലെങ്കിലും പരിഹാരം നിർദ്ദേശിക്കുന്ന ബജറ്റാണ് ഇത്.

11. 2011-12 ലേക്കുള്ള പുതുക്കിയ ബജറ്റിന്റെ പശ്ചാത്തലം അൽപം വിശദ മാക്കേണ്ടതുണ്ട്. സംസ്ഥാന ധനമാനേജുമെന്റിനെ സംബന്ധിച്ച് ധനകാര്യക്കമ്മീ ഷനും, ആസൂത്രണ കമ്മീഷനും, ദേശീയ വികസനം ലക്ഷ്യമാക്കി രൂപീകരിച്ചി ട്ടുള്ള സമിതികളുമെല്ലാം ആവർത്തിച്ചാവശ്യപ്പെടുന്ന വസ്തുത റവന്യൂകമ്മി കുറ യ്ക്കണമെന്നും, പദ്ധതിയേതര ചെലവുകൾക്കായി പ്രത്യേകിച്ച് ഉൽപാദനകരമ ല്ലാത്ത ബാദ്ധ്യതച്ചെലവുകൾക്കായി കടം വാങ്ങുന്ന പ്രവണത കഴിവതും ഒഴിവാ ക്കണമെന്നുമാണ്. എന്നാൽ, കേരളം കഴിഞ്ഞ ഏതാനും വർഷങ്ങളായി പിൻതു ടരുന്ന രീതി മേൽ നിർദ്ദേശങ്ങൾക്ക് കടകവിരുദ്ധമായിരുന്നു. 2005-06 ൽ 45929 കോടി രൂപയായിരുന്ന സംസ്ഥാന കടബാദ്ധ്യത 2011-12 ൽ 88887 കോടി രൂപയാവുമെന്ന് കണക്കാക്കിയിരിക്കുന്നു. അതായത് 93 ശതമാനം വർദ്ധന. ഇതേ കാലയളവിൽ ആഭ്യന്തര കടം 25671 കോടി രൂപയിൽ നിന്നും 56288 കോടി രൂപയായി. 119 ശതമാനം വർദ്ധനവ്.

12. താരതമ്യ കണക്കുകൾ ലഭ്യമായ അവസാന വർഷമായ 2009-10 ൽ കേരളത്തിന്റെ കടബാദ്ധ്യത-റവന്യൂ വരുമാന അനുപാതം അഖിലേന്ത്യാ ശരാശ രിയെക്കാൾ 36.6 ശതമാനം കൂടുതലാണ്.

13. 2011-12 ലേയ്ക്ക് മുൻ ധനമന്ത്രി അവതരിപ്പിച്ച ബജറ്റ് പ്രസംഗത്തിന്റെ പത്താം ഖണ്ഡികയിൽ സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ വലിപ്പമല്ല, മറിച്ച് കടം വാങ്ങുന്നതിന് കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ള പരിധിയാണ് അദ്ദേഹത്തെ വിഷമി പ്പിക്കുന്നതെന്ന പ്രസ്താവന ഏറെ അമ്പരപ്പുളവാക്കുന്നതാണ്. കേന്ദ്ര നിയ ന്ത്രണം കൂടിയില്ലായിരുന്നെങ്കിൽ നാം വരുമാനം മുഴുവൻ ചെലവഴിച്ചാലും കടം

വീട്ടാൻ കഴിയാത്ത ഊരാക്കുടുക്കിലേയ്ക്ക് (debt lock) പോകുമായിരുന്നു എന്നതാണ് വസ്തുത.

14. സംസ്ഥാനത്തിന്റെ സാമ്പത്തിക ആസ്തിയുടെ ഇരട്ടിയിലധികം സാമ്പത്തിക ബാദ്ധ്യതയുള്ള സംസ്ഥാനങ്ങളെയാണ് കടബാദ്ധ്യതയാൽ ഞെരുക്കപ്പെടുന്നവയായി (debt stressed) കണക്കാക്കിയിരിക്കുന്നത്. ഈ വിഭാഗത്തിൽ പശ്ചിമബംഗാൾ, കേരളം, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളാണുള്ളത്. 2009-10 ലെ കണക്കനുസരിച്ച് ആസ്തിയുടെ രണ്ടര ഇരട്ടിയിലധികമാണ് (256 ശതമാനം) കേരളത്തിന്റെ സാമ്പത്തിക ബാദ്ധ്യത.

15. പതിമൂന്നാം ധനകാര്യകമ്മീഷൻ നിർദ്ദേശിച്ച സാമ്പത്തിക ക്രമീകരണ മാർഗ്ഗരേഖ പ്രകാരം 2013-14 ആകുമ്പോഴേയ്ക്കും നമ്മുടെ സംസ്ഥാനത്തിന്റെ ധനകമ്മി ആഭ്യന്തര വരുമാനത്തിന്റെ 3 ശതമാനമായി കുറയ്ക്കേണ്ടതുണ്ട്. റവന്യൂകമ്മി 2014-15 ഓടെ പൂർണ്ണമായും ഇല്ലാതാക്കണമെന്ന് ഈ മാർഗരേഖ നിഷ്കർഷിക്കുന്നു. 2011-12 ലെ റവന്യൂ കമ്മിയുടെ നിർദ്ദിഷ്ട പരിധിയായ 1.4 ശതമാനത്തിന്റെ സ്ഥാനത്ത് 1.97 ശതമാനത്തിന്റെ റവന്യൂ കമ്മിയാണ് എന്റെ മുൻഗാമി അവതരിപ്പിച്ച 2011-12 ലെ ബജറ്റ് വിഭാവന ചെയ്യുന്നത്. സാമ്പത്തിക ക്രമീകരണത്തിന്റെ ലക്ഷ്യങ്ങളിൽ നിന്നും നാം ഏറെ വ്യതിചലിച്ചു പോയിരിക്കുന്നു എന്നാണ് ഇതുകൊണ്ട് വ്യക്തമാകുന്നത്.

16. കടബാദ്ധ്യതയുടെ അനിയന്ത്രിത വളർച്ചയുടെ സ്വാഭാവിക പരിണാമമായിത്തന്നെ സംസ്ഥാനത്തിൻെറ റവന്യൂ വരുമാനത്തിൽ വലിയൊരു ഭാഗം പലിശ കൊടുക്കാനായി ചെലവാക്കേണ്ടിവരുന്നു. 2009-10 ൽ കേരളം ഇക്കാര്യത്തിനായി റവന്യൂ വരുമാനത്തിൻെറ 20.27 ശതമാനം ചെലവഴിച്ചു. ഇത് അഖിലേന്ത്യാ ശരാശരിയുടെ ഏകദേശം ഒന്നര ഇരട്ടിയിലധികവും, ആന്ധ്രാപ്രദേശിലേതിന്റെ മൂന്നിരട്ടിയിലധികവും തമിഴ്നാടിലേതിന്റെ ഇരട്ടിയുമാണ്.

17. 2001-02 ൽ ഐക്യജനാധിപത്യമുന്നണി സർക്കാർ സംസ്ഥാന ഭരണം ഏറ്റെടുക്കുമ്പോൾ കേരളത്തിൻെറ ധനകമ്മി സംസ്ഥാനത്തിൻെറ ആഭ്യന്തര ഉൽപാദനത്തിന്റെ 4.19 ശതമാനം ആയിരുന്നു. അഞ്ചുവർഷത്തെ ചിട്ടയായ പ്രവർത്തനംകൊണ്ട് ഇത് 3.06 ശതമാനത്തിൽ എത്തിച്ചശേഷമാണ് 2005-06 ൽ ഞങ്ങളുടെ സർക്കാർ ഭരണമൊഴിഞ്ഞത്. സംസ്ഥാന ചരിത്രത്തിൽ ആദ്യമായി

സാമ്പത്തിക ദൃഢീകരണത്തിനുള്ള മാർഗ്ഗരേഖകളിൽ നിന്ന് വ്യതിചലിക്കാതെയുള്ള ധനകാര്യ മാനേജ്മെന്റിന് അന്നത്തെ സർക്കാർ ദിശാബോധത്തോടെ ശ്രമിച്ചതിന്റെ ഫലമായിരുന്നു ഈ നേട്ടം എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. എന്നാൽ കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണത്തിൽ 2007-08 ൽ ഒഴികെ ഒരു വർഷം പോലും ധനകമ്മി 2005-06 ലെ നിലയിൽ നിലനിർത്താൻ പോലും കഴിഞ്ഞ സർക്കാരിന് കഴിഞ്ഞിട്ടില്ലെന്നത് കണക്കുകൾ വ്യക്തമാക്കുന്നു. മുൻ സർക്കാരിന്റെ ഭരണകാലത്ത് പൊതുവെ ധനകമ്മി 3.16 ശതമാനം മുതൽ 3.48 ശതമാനം വരെ ആയിരുന്നു.

18. ആഭ്യന്തര വരുമാനത്തിൻെറ 3.34 ശതമാനം റവന്യൂ കമ്മിയുമായി 2001 -02 ൽ ഭരണം ഏറ്റെടുത്ത ഐക്യജനാധിപത്യമുന്നണി സർക്കാർ, 2005-06 ൽ ഭരണമൊഴിയുമ്പോൾ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി ക്രമമായി കുറഞ്ഞ് 2.29 ശതമാനത്തിലെത്തി നിൽക്കുകയായിരുന്നു. എന്നാൽ റവന്യൂ കമ്മി കുറയ്ക്കുന്ന കാര്യത്തിൽ ഉണ്ടായ ഈ ക്രമാനുഗത നേട്ടം നിലനിർത്താൻ തുടർന്നുവന്ന സർക്കാരിനായില്ല. ഇൻഡ്യൻ സമ്പദ്ഘടന കഴിഞ്ഞ അഞ്ചുവർഷം ആഗോള സാമ്പത്തിക മാന്ദ്യത്തിനെ അതിജീവിച്ച് ഭേദപ്പെട്ട വളർച്ചാനിരക്ക് നേടുകയും മൂല്യവർദ്ധിത നികുതി സമ്പ്രദായം നിലവിൽ വന്നതിൻെറ കൂടി ഫലമായി ഇന്ത്യയിലെ 21 സംസ്ഥാനങ്ങൾ 2008-09 ൽ റവന്യൂ മിച്ചത്തിലായിരുന്നപ്പോൾ റവന്യൂ കമ്മിയിലായിരുന്ന ഇന്ത്യയിലെ മൂന്ന് പൊതുവിഭാഗ സംസ്ഥാനങ്ങളിൽ ഒന്ന് കേരളമായിരുന്നു.

19. 2009-10 ൽ തമിഴ്നാടിന്റെ ആളോഹരി റവന്യൂ കമ്മി 152.8 രൂപയായിരുന്നപ്പോൾ കേരളത്തിന്റേത് 873 രൂപയായിരുന്നു. എന്നാൽ ആന്ധ്രാപ്രദേശിന് 286.5 രൂപയും കർണ്ണാടകയ്ക്ക് 195.7 രൂപയും റവന്യൂ മിച്ചമാണ്. എന്തായാലും, 2023 രൂപ ആളോഹരി റവന്യൂ കമ്മിയുമായി പശ്ചിമബംഗാൾ നമുക്കു കൂട്ടിനുണ്ട്.

20. വായ്പ വാങ്ങി ചെലവാക്കുന്ന രീതി ന്യായീകരിക്കപ്പെടുന്നത് അത് പ്രത്യുൽപാദനപരമായി ഉപയോഗിച്ച് സംസ്ഥാനത്തിൻെറ ഭാവി വികസനത്തെ ത്വരിതപ്പെടുത്താൻ ഉപകരിക്കുമ്പോൾ മാത്രമാണ്. എന്നാൽ, കേരളത്തെ സംബന്ധിച്ച് സ്ഥിതി മറിച്ചാണ്. കടം വാങ്ങി മുൻകാലത്തെ കടം വീട്ടേണ്ട അവസ്ഥയിലാണ് നാം. 2011-12 ലേയ്ക്ക് മുൻപ് അവതരിപ്പിച്ച ബജറ്റിലെ കണക്കനുസരിച്ച്

ആകെ വാങ്ങുന്ന വായ്പ 19633.28 കോടി രൂപയാണ്. അതിൽ 15399.93 കോടി രൂപ ചെലവഴിക്കപ്പെടുന്നത് പലിശ കൊടുക്കുവാനും കടത്തിൻെറ വാർഷിക തിരിച്ചടവിനും വേണ്ടിയാണെന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ കടം വാങ്ങാതെ മുൻകടം തിരിച്ചടയ്ക്കാനാവാത്ത അവസ്ഥയിലാണ് കേരളം. സാമ്പത്തിക ശാസ്ത്ര പരിജ്ഞാനമുള്ളവർക്കറിയാം, ഇതിനെയാണ് കടക്കെണി (debt trap) എന്ന് വിളിക്കുക.

21. കമ്മിയും, വായ്പയും നിയന്ത്രിക്കാത്ത സംസ്ഥാനങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായങ്ങൾ ലഭിച്ചേക്കില്ലെന്ന് ധനകാര്യ കമ്മീഷൻ മുൻപേ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതിൻെറ പ്രത്യാഘാതങ്ങൾ നാം നേരിട്ടു കൊണ്ടുമിരിക്കുന്നു.

22. സംസ്ഥാനങ്ങളുടെ കമ്മി കുറയ്ക്കുന്ന നടപടികളുമായി സംയോജിപ്പിച്ച് കടം എഴുതിത്തള്ളുന്നതിന് 12-ാം ധനകാര്യ കമ്മീഷൻ പ്രഖ്യാപിച്ച പദ്ധതിയനുസരിച്ച് 1063.05 കോടി രൂപ കേരളത്തിന് ലഭിക്കുമായിരുന്നെങ്കിലും മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ 2006-10 കാലഘട്ടത്തിൽ 812.79 കോടി രൂപ കേരളം നഷ്ടപ്പെടുത്തുകയുണ്ടായി.

23. വികസനച്ചെലവിൻെറ കാര്യത്തിലാകട്ടെ നമ്മുടെ സംസ്ഥാനം എല്ലാ അയൽ സംസ്ഥാനങ്ങളുടേയും അഖിലേന്ത്യാ ശരാശരിയുടേയും പിന്നിലാണ്. ഇതുമൂലം കൃഷിയും വ്യവസായവുമുൾപ്പെടുന്ന ഉൽപാദന മേഖലകളും വിദ്യാഭ്യാസം, പൊതുജനാരോഗ്യം മുതലായ സാധാരണക്കാർക്ക് കൂടുതൽ പ്രയോജനപ്പെടുന്ന വകുപ്പുകളും, റോഡ്, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനവും അവഗണിക്കപ്പെടുകയാണ്.

24. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കാത്തതുമൂലവും നിശ്ചിത സമയത്ത് ചെലവഴിക്കാതെയും 2005-10 കാലഘട്ടത്തിൽ 416.17 കോടി രൂപയാണ് ഇടതുപക്ഷ സർക്കാർ നഷ്ടപ്പെടുത്തിയത്. മുൻ സർക്കാരിന്റെ സാമ്പത്തിക മാനേജ്മെന്റ് രംഗത്തും ഈ അച്ചടക്കമില്ലായ്മ ദർശിക്കാവുന്നതാണ്.

25. സർ, ഈ സന്നിഗ്ധാവസ്ഥയിലാണ് ഞാൻ 2011-12 ലേയ്ക്കുള്ള പുതുക്കിയ ബജറ്റ് ഈ സഭയിൽ അവതരിപ്പിക്കുന്നത്.

26. ബജറ്റിൽ വകയിരുത്തിയ തുകയും മരാമത്തുപണികൾക്ക് ഭരണാനുമതി നൽകിയ തുകയും തമ്മിലുള്ള അനുപാത ക്രമം പാലിക്കുന്നതിലും ഇടതു സർക്കാർ ഗുരുതരമായ വീഴ്ച്ച വരുത്തി. നിലവിലുള്ള ചട്ടമനുസരിച്ച് പൊതുമരാമത്ത് ജോലികൾക്ക് ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ ഒന്നരയിരട്ടി തുകയ്ക്കുവരെ ഭരണാനുമതി നൽകാം. എന്നാൽ മുൻസർക്കാർ ബജറ്റിൽ വകയിരുത്തിയ തുകയുടെ 20 ഇരട്ടി വരെയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിനും പുറമെയാണ് വലിയ സാമ്പത്തിക ബാദ്ധ്യത വരുന്ന പദ്ധതികൾ തുകയൊന്നും വകയിരുത്താതെ ലാഘവത്തോടെ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തുകയും പണം ചെലവഴിക്കേണ്ട ശീർഷകം പോലും വ്യക്തമാക്കാതെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുള്ളത്. വിഷൻ 2010 എന്ന പദ്ധതി, 10,000 കോടി രൂപയുടെ സാമ്പത്തികമാന്ദ്യവിരുദ്ധ പാക്കേജ് എന്നിവയൊക്കെ ഉദാഹരണങ്ങളാണ്. ഇത്തരത്തിൽ പണം മാറ്റിവയ്ക്കാതെ ഭരണാനുമതി നൽകിയിട്ടുള്ള ജോലികളിൽ, പലതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. അവ പൂർത്തിയാവുന്ന മുറയ്ക്ക് ഏകദേശം 2000 കോടി രൂപയുടെ ബാദ്ധ്യത നടപ്പുവർഷം ഈ സർക്കാരിനുണ്ടാകുമെന്നാണ് കണക്കാക്കുന്നത്.

27. എന്നാൽ, ഇടതുപക്ഷ സർക്കാർ അധികാരമൊഴിയുമ്പോൾ വൻതുക ട്രഷറിയിൽ മിച്ചമുണ്ടായിരുന്നു എന്നൊരവകാശവാദമുണ്ടായിരുന്നു. 2011 മെയ് 18 ന് പുതിയ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത ദിവസം ട്രഷറിയിലുണ്ടായിരുന്ന തുക 1963.47 കോടി രൂപയാണ്. എന്നാൽ മുൻസർക്കാർ കൊടുത്തു തീർക്കേണ്ടിയിരുന്ന എത്ര കോടി രൂപയുടെ ബാദ്ധ്യതകൾ കൊടുക്കാതെ ബാക്കിവച്ചിട്ടുണ്ടെന്ന കാര്യം സൗകര്യപൂർവ്വം വിസ്മരിക്കുകയോ മറച്ചുവയ്ക്കുകയോ ചെയ്യുന്നു.

28. ശമ്പള-പെൻഷൻ കുടിശ്ശികയായ 800 കോടി രൂപ, കരാറുകാർക്ക് ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ബിൽ കുടിശ്ശിക നൽകാൻ വേണ്ട 425 കോടി രൂപ, ചെറുകിട കർഷകർക്ക് സൗജന്യ നിരക്കിൽ വൈദ്യുതി നൽകിയതിന് ഇലക്ട്രിസിറ്റി ബോർഡിന് നൽകാനുള്ള തുകയായ 27 കോടി രൂപ, കർഷകരുടെ കടാശ്വാസത്തിന് കാർഷിക കടാശ്വാസ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള 27 കോടി രൂപ, മെഡിക്കൽ കോളേജുകളിൽ മരുന്ന് അടക്കം ഉള്ളവ വാങ്ങിയ വകയിൽ കൊടുക്കാനുള്ള 13 കോടി രൂപ, എം.എൽ.എ. മാരുടെ പ്രാദേശിക വിക

സന നിധിയിൽ റോഡ് പുനരുദ്ധാരണത്തിനായി ഓരോ നിയമസഭാമണ്ഡല ത്തിനും കൂടുതലായി അനുവദിച്ച ജോലികൾക്ക് കൊടുത്ത് തീർക്കേണ്ട 35 കോടി രൂപ, കേരള സംസ്ഥാന സഹകരണ ബാങ്കിന് മൂലധന പങ്കാളിത്തമായി വാഗ്ദാനം ചെയ്യപ്പെട്ട 136 കോടി രൂപ, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വർദ്ധിപ്പിച്ച നിരക്കിൽ കൊടുക്കുവാൻ വേണ്ട 200 കോടി രൂപ, ദാരിദ്ര്യ രേഖ യ്ക്ക് മുകളിലുള്ള കുടുംബങ്ങൾക്ക് 2 രൂപ നിരക്കിൽ അരി നൽകുന്നതിനാവശ്യ മായ 266 കോടി രൂപ, സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണത്തിന് കുടിശ്ശിക തീർക്കാൻ വേണ്ടി വരുന്ന അധിക ബാദ്ധ്യതയായ 125 കോടി രൂപ, വിവിധ ആവ ശ്യങ്ങൾക്കുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കൊടുത്ത് തീർക്കേണ്ട തുകയായ 100 കോടി രൂപ എന്നിങ്ങനെ ആകെ 2154 കോടിയോളം രൂപയുടെ ഉടൻ കൊടു ത്തുതീർക്കേണ്ട ബാദ്ധ്യത നിലനിൽക്കുമ്പോൾ 1963 കോടി രൂപയുടെ ട്രഷറി മിച്ചം നിരർത്ഥകമാണ്.

29. ഇതിന് പുറമെ ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടില്ലാത്ത മാന്ദ്യവിരുദ്ധപാക്കേജ് പ്രകാരം പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിൽ നട ത്തിയ പണികൾക്ക് കൊടുത്തു തീർക്കേണ്ടതായ 1800 കോടി രൂപയും വിഴിഞ്ഞം തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് അധികമായി വേണ്ടി വരുന്ന 115 കോടി രൂപയും, വിഷൻ 2010 പ്രകാരം ഏറ്റെടുത്ത പണികൾക്ക് നൽകേണ്ടി വരുന്ന 115.38 കോടി രൂപയും എന്നിങ്ങനെയുള്ള അധിക ബാദ്ധ്യത കൾ വേറെയുമുണ്ട്. ഇതിനുപുറമെ കെ.എസ്.ആർ.ടി.സി.യുടെ വാർഷിക നഷ്ട മായ 480 കോടി രൂപയും സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ബാദ്ധ്യത യായ 790 കോടി രൂപയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ സമ്മർദ്ദത്തിലാ ക്കുന്നവയാണ്.

30. സർ, മേൽപറഞ്ഞ അപഗ്രഥനങ്ങളിൽ നിന്ന് ഒരു കാര്യം വ്യക്തമാകു ന്നു. വികലമായ ധനകാര്യ മാനേജ്മെന്റ് നമ്മെ ഒരു വിഷമ വൃത്തത്തിൽ കൊണ്ടെത്തിച്ചിരിക്കുകയാണ്. ഒരു തിരുത്തൽ ബജറ്റ് കൊണ്ടുമാത്രം പരിഹരി ക്കാവുന്നതല്ല ഇത്. അതിന് ഒരു ദീർഘകാല ആസൂത്രണവും സമയബന്ധിത നടപടിയും ആവശ്യമാണ്. ഈ ബജറ്റ് അതിന് നാന്ദി കുറിക്കുക മാത്രമാണ്. എന്റെ മുൻഗാമിയുടെ ബജറ്റ് അപ്പാടെ മാറ്റി ഒരു പുതിയ ബജറ്റല്ല ഞാൻ അവത രിപ്പിക്കുന്നത്. മുൻ ബജറ്റ് അടിമുടി പൊളിച്ചെഴുതുക ഇപ്പോൾ പ്രായോഗികമല്ല. സാമ്പത്തിക വർഷം 3 മാസം പിന്നിട്ട വേളയിൽ ഇടയ്ക്ക് വച്ച് അത് ചെയ്താൽ

തുടങ്ങിവച്ച പ്രവർത്തനങ്ങളെല്ലാം പാഴിലാവും. അതിനാൽ എന്റെ മുൻഗാമി അവതരിപ്പിച്ച 2011-12 ലെ ബജറ്റിന്റെ അടിത്തറ അതേ നിലയിൽ നിറുത്തിക്കൊണ്ട് അതിൽ നിന്ന് പുതിയൊരു സാമ്പത്തിക സൗധം പണിയുന്നതിനുള്ള ശ്രമം മാത്രമാണ് ഞാൻ നടത്തുന്നത്.

31. സർ, സംസ്ഥാനത്തിന്റെ ധനസ്ഥിതിയെയും ധനകാര്യ മാനേജ്മെന്റി നെയും സംബന്ധിച്ച ഒരു അവലോകനമാണ് ഞാൻ ഇതുവരെ നടത്തിയത്. നമ്മുടെ പൊതുസാമ്പത്തിക വളർച്ചയുടെയും വികസനത്തിന്റെയും രംഗ ത്തേയ്ക്ക് ഞാൻ ഇനി കടക്കട്ടെ;

32. കഴിഞ്ഞ കുറേ വർഷങ്ങളായി കൃഷിയും മത്സ്യബന്ധനവും അനു ബന്ധ മേഖലകളും 1.12 ശതമാനം മുതൽ 3.35 ശതമാനം വരെ മാത്രമാണ് വളർച്ചാ നിരക്ക് കൈവരുത്തിയിട്ടുള്ളത്. ഇതുപോലെ തന്നെ വൈദ്യുതിയും നിർമ്മാണ മേഖലകളും ജലവിതരണവും ഇക്കാലയളവിൽ കാര്യമായ വളർച്ച കൈവരിച്ചിട്ടില്ല. കഴിഞ്ഞ അഞ്ചു വർഷങ്ങളായി വ്യാപാര, റിയൽ എസ്റ്റേറ്റ് മേഖ ലകൾ പോലും യഥാക്രമം 7 മുതൽ 10 വരെ ശതമാനവും 8 മുതൽ 12 വരെ ശത മാനവും വളർച്ച മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. മന്ദഗതിയിലുള്ള ഈ വളർച്ചാ നിരക്ക് കാരണമാണ് സംസ്ഥാനം ഇന്ന് ഈ അവസ്ഥയിലെത്തിയത്. സാമ്പ ത്തിക വികസനത്തിനുള്ള തടസ്സങ്ങളെപ്പറ്റി തികഞ്ഞ ബോധ്യമുള്ള ഈ സർക്കാർ ഇക്കാര്യത്തിൽ സാമ്പത്തിക വളർച്ച ഉറപ്പാക്കുന്നതിന് സന്തുലിത വളർച്ചക്ക് ഊന്നൽ നൽകുന്ന ഒരു ദ്വിമുഖ സമീപനം സ്വീകരിക്കുന്നതാണ്. അപ്രാപ്യതയോ ഇല്ലായ്മയോ കാരണം കഷ്ടപ്പെടുന്ന ജനതയ്ക്ക് ഭക്ഷ്യ-സാമൂ ഹ്യ സുരക്ഷ ഉറപ്പുവരുത്തുക എന്നതാണ് ഇതിൽ ആദ്യത്തേത്. കൃഷിക്കും അനു ബന്ധ മേഖലകൾക്കും കൂടുതൽ ഊന്നൽ നൽകി ഈ പ്രശ്നം പരിഹരിക്കുന്ന താണ്. രണ്ടാമത്തെ സമീപനം ആദ്യത്തേതിനെ അപേക്ഷിച്ച് ഒട്ടും അപ്രധാനമ ല്ലാത്ത അടിസ്ഥാന സൗകര്യ വികസനമാണ്. അടിസ്ഥാന സൗകര്യങ്ങളിന്മേലുള്ള നിക്ഷേപത്തിന് ജനങ്ങളുടെ ജീവിതത്തിലും, ജീവിത രീതിയിലും ഉണ്ടാക്കാൻ കഴിയുന്ന മാറ്റങ്ങളെപ്പറ്റി ഈ സർക്കാരിന് പൂർണ്ണ ബോധ്യമുണ്ട്. ഇക്കാര്യം കണ ക്കിലെടുത്ത് റോഡ്-വാർത്താവിനിമയ-വിമാനത്താവള-തുറമുഖ മേഖലകളുടെ വികസനത്തിന് സർക്കാർ കൂടുതൽ നിക്ഷേപം നടത്തുന്നതാണ്. നമ്മുടെ അമൂ ല്യ സമ്പത്തായ ജലത്തിന്റെ കാര്യക്ഷമമായ വിനിയോഗം ഏറെ പ്രാധാന്യമർഹി ക്കുന്നു.

33. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹ്യ മേഖലകളിലെ മുതൽമുടക്ക് മനുഷ്യ വിഭവശേഷി പരിപോഷിപ്പിക്കുകയെന്നതാണ്. കൂടാതെ മേൽ പറഞ്ഞ പശ്ചാത്തലമേഖലകളിലെ നിക്ഷേപങ്ങൾ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും അതുവഴി ഭക്ഷ്യ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ കാര്യമായ പങ്ക് വഹിക്കുകയും ചെയ്യും.

34. എന്റെ മുൻഗാമിയുടെ ബജറ്റിലെ പോരായ്മകൾ കഴിവതും തിരുത്തിക്കൊണ്ടും പുതിയ ഗവൺമെന്റിന്റെ വാഗ്ദാനങ്ങളും സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങളും മുന്നിൽ കണ്ടുകൊണ്ടും അതിനാവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ടുമുള്ള ഒരു പുതുക്കിയ ബജറ്റാണ് ഞാൻ സഭയുടെ മുൻപിൽ സമർപ്പിക്കുന്നത്.

## II

## മുൻഗണനാപരിപാടികൾ

***പശ്ചാത്തലവികസനം***

35. അടിസ്ഥാന സൗകര്യത്തിൽ കേരളം വളരെ പിന്നോക്കം പോയിരിക്കുന്നു. കഴിഞ്ഞ 5 വർഷം ഈ രംഗത്ത് കാര്യമായൊരു മുന്നേറ്റവും സൃഷ്ടിക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. കേരള വികസനത്തിന്റെ മുഖ്യചാലകശക്തി അടിസ്ഥാന സൗകര്യ വികസനമാണെന്ന് മനസ്സിലാക്കിക്കൊണ്ട് അതിന്റെ ഗതിവേഗം വർദ്ധിപ്പിക്കുവാൻ താഴെപ്പറയുന്ന സുപ്രധാന പദ്ധതികൾ പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുന്നതാണ്.

***വിഴിഞ്ഞം തുറമുഖ പദ്ധതി***

36. കേരളത്തിന്റെ പ്രത്യേകിച്ച് തലസ്ഥാനത്തിന്റെ ത്വരിത വികസനത്തിനുതകുന്ന വിഴിഞ്ഞം തുറമുഖ പദ്ധതി എത്രയും വേഗം സാക്ഷാത്കരിക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അനന്ത സാദ്ധ്യതകൾ ഉള്ളതും ഉദ്ദേശം 4000 കോടി രൂപ ചെലവുവരുന്നതുമായ ഈ പദ്ധതിയുടെ ഈ വർഷത്തെ ചെലവുകൾക്കായി 150 കോടി രൂപ വകയിരുത്തുന്നു.

### *സ്മാർട്ട് സിറ്റി*

37. കേരളത്തിന്റെ മുഖഛായ മാറ്റുന്നതും ഒരു ലക്ഷത്തോളം തൊഴിലവസരങ്ങൾ തുറന്നു തരുന്നതും ഐ.റ്റി. രംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് സംസ്ഥാനത്തെ സഹായിക്കുന്നതുമായ ഈ പദ്ധതിക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു.

### *കൊച്ചി മെട്രോ പദ്ധതി*

38. കൊച്ചി നഗരത്തിലെ ഗതാഗത പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കുകയും ഈ മേഖലയ്ക്ക് വികസനത്തിന്റെ ഒരു പുതിയ മാനം നൽകാനും ഉതകുന്ന ഈ വൻകിട പദ്ധതിക്ക് പശ്ചാത്തല സൗകര്യം ഒരുക്കുന്നതിലേയ്ക്കായി 25 കോടി രൂപ വകയിരുത്തുന്നു.

### *കണ്ണൂർ വിമാനത്താവളം*

39. ഉത്തരകേരളത്തിന്റെ ചിരകാല സ്വപ്നവും, കണ്ണൂരിന്റെ വ്യാവസായിക വളർച്ചയും, ടൂറിസം വികസനവും ഉറപ്പുവരുത്തുന്ന ഈ പദ്ധതിയുടെ ഈ വർഷത്തെ ചെലവുകൾക്കായി 30 കോടി രൂപ വകയിരുത്തുന്നു.

### *കോട്ടയം മൊബിലിറ്റി ഹബ്*

40. കോടൂർ നദിയുടെയും എം.സി. റോഡിന്റെയും സമീപത്ത് കോടിമാതയിൽ പുതുതായി അനുവദിച്ചിട്ടുള്ള റെയിൽവേ ടെർമിനലിനോടനുബന്ധിച്ച് റോഡ്-ജല-റെയിൽ ഗതാഗത സംവിധാനങ്ങൾ സംയോജിപ്പിക്കുന്ന ഒരു മൊബിലിറ്റി ഹബ് സ്ഥാപിക്കുന്നതാണ്. അതോടുകൂടി ഇന്റർ സിറ്റി ബസ് ടെർമിനൽ, ബോട്ട് ടെർമിനൽ, ട്രെയിൻ ടെർമിനൽ എന്നിവയെല്ലാം ഒരേ പ്രദേശത്ത് സംയോജിപ്പിക്കുവാൻ കഴിയുന്നതാണ്. ഇതിന്റെ നടത്തിപ്പിനായി കോട്ടയം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതാണ്. ഇതിലേയ്ക്ക് 5 കോടി രൂപ വകയിരുത്തുന്നു.

### *കോട്ടയം-കുമരകം-ചേർത്തല ടൂറിസ്റ്റ് ഹൈവേ*

41. കോട്ടയം (കോടിമാത) കുമരകം-ചേർത്തല ആയി ഒരു നാലുവരി ടൂറിസ്റ്റ് ഹൈവേ നിർമ്മിക്കുന്നതാണ്. നിർദ്ദിഷ്ട പാത മദ്ധ്യകേരളത്തിന്റെ

ടൂറിസം വികസനത്തിന് വഴി തുറക്കും. ഈ സംരംഭത്തിന് 5 കോടി രൂപ വകയിരുത്തുന്നു.

## *റിംഗ് റോഡുകൾ*

42. വർദ്ധിച്ചുവരുന്ന ഗതാഗത കുരുക്കുകൾ ആധുനിക കേരളീയ ജീവിതത്തിന് ശാപമായി മാറിയിരിക്കുന്നു. ഇതിന് ശാശ്വതവും ഫലപ്രദവുമായ പരിഹാരമുണ്ടാക്കുന്നതിന്റെ ഭാഗമായി പട്ടണങ്ങളിലെ പ്രധാന പാതകളെ ബന്ധിപ്പിക്കുന്നതും അതേസമയം തിരക്കൊഴിവാക്കി യാത്രാ സൗകര്യം നൽകുന്നതുമായ റിംഗ് റോഡുകളെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ വർക്കല, കോട്ടയം, പാല, മലപ്പുറം ജില്ലയിലെ മമ്പ്രം, മഞ്ചേരി എന്നീ പട്ടണങ്ങളിൽ റിംഗ് റോഡുകൾ നിർമ്മിക്കുന്നതിന് 10 കോടി രൂപ വീതം വകയിരുത്തുന്നു.

## *ബൈപാസുകൾ*

43. ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് റിംഗ് റോഡുകൾക്കൊപ്പം ബൈപാസുകളും അനിവാര്യമാണ്. പണി പൂർത്തിയാകാത്ത ബൈപാസുകളുടെ പണി പൂർത്തീകരിക്കാനും പുതിയ ബൈപാസുകളുടെ പണി ആരംഭിക്കുവാനും ആവശ്യമായ സ്ഥലങ്ങളിൽ ബൈപാസുകൾക്കായുള്ള സർവേ നടത്തുവാനും സമയബന്ധിതമായ കർമ്മപരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്. ആദ്യ ഘട്ടത്തിൽ ചങ്ങനാശ്ശേരി വെസ്റ്റേൺ ബൈപാസ്, പാലക്കാട് കെ.എസ്.ആർ.ടി.സി. ലിങ്ക് റോഡ്, കോട്ടയം ജില്ലയിലെ അയർകുന്നം, കുറ്റില്ലം ബൈപാസുകൾ, കട്ടപ്പനയിൽ പാറക്കടവ് ജോതിസ് ജംഗ്ഷൻ ബൈപാസ്, തൃശൂർ അമല നഗർ-മണ്ണുത്തി ബൈപാസ് എന്നിവയുടെ പ്രവൃത്തികൾ ഉടനെ ഏറ്റെടുക്കുന്നതാണ്. ഇതിലേയ്ക്ക് 6 കോടി രൂപ വകയിരുത്തുന്നു.

## *മലയോര വികസന അതോറിറ്റി*

44. സർ, മലയോരത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള ഒരു മലയോര വികസന അതോറിറ്റി മലയോര കർഷകരുടെ സ്വപ്നമാണ്. മലയോര വികസന അതോറിറ്റി രൂപീകരിക്കുന്നതിനും അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി 5 കോടി രൂപ വകയിരുത്തുന്നു.

*ഹിൽ ഹൈവേ*

45. സംസ്ഥാനത്തിന്റെ ചിരകാലാഭിലാഷമായ ഹിൽ ഹൈവേയുടെ നിർമ്മാണം ഈ വർഷം ആരംഭിക്കും അതിന്റെ ഈ വർഷത്തെ ചെലവിലേയ്ക്കായി 5 കോടി രൂപ വകയിരുത്തുന്നു.

*സംസ്ഥാന ഗതാഗത വികസനത്തിന് മാസ്റ്റർ പ്ളാൻ*

46. ഗുണനിലവാരമുള്ള ഗതാഗത സംവിധാനം ഏതൊരു സമ്പദ്ഘടനയുടെയും വികസനത്തിന് അനിവാര്യമാണ്. അടുത്ത അര നൂറ്റാണ്ടു കാലത്തേക്കെങ്കിലുമുള്ള ആവശ്യങ്ങൾ മുൻനിർത്തി കേരളത്തിലെ റോഡുകൾ, ജലഗതാഗത സൗകര്യങ്ങൾ, തുറമുഖങ്ങൾ, റെയിൽവേ, വിമാനത്താവളങ്ങൾ എന്നിവയുടെ വികസനത്തിന് ഒരു 'മാസ്റ്റർ പ്ളാൻ' തയ്യാറാക്കുന്നതാണ്. ഇതിന്റെ പ്രാഥമിക ആവശ്യങ്ങൾക്കായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

*വർക്കലയുടെ സമഗ്ര വികസനം*

47. ശ്രീനാരായണഗുരുവിന്റെ സമാധി സ്ഥലമായ ശിവഗിരിയും പിതൃബലിതർപ്പണത്തിന് ധാരാളം ആളുകൾ എത്തുന്ന പാപനാശവും ഉൾക്കൊള്ളുന്ന വർക്കല പ്രദേശത്തിന്റെ സമഗ്രമായ ടൂറിസം വികസനത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിനായി രണ്ട് കോടി രൂപ വകയിരുത്തുന്നു.

*വള്ളുവനാട് വികസന അതോറിറ്റി*

48. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ കേന്ദ്രമാക്കി അലിഗഢ് യൂണിവേഴ്സിറ്റിയുടെ കാമ്പസ് പ്രവർത്തിച്ചു തുടങ്ങിയിരിക്കുകയാണ്. ആസൂത്രിതവും ശാസ്ത്രീയവുമായ രീതിയിൽ ഇവിടത്തെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ത്വരിതപ്പെടുത്തേണ്ടതുണ്ട്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി വള്ളുവനാട് വികസന അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. പ്രാരംഭ ചെലവുകൾക്കായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

*ഭരണങ്ങാനം വികസന അതോറിറ്റി*

49. പുണ്യചരിതയായ അൽഫോൻസാമ്മ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടതോടു കൂടി ഭരണങ്ങാനം ഒരു അന്താരാഷ്ട്ര തീർത്ഥാടന കേന്ദ്രമായി മാറി. തീർത്ഥാടന ടൂറിസത്തിന്റെ വിപുലമായ സാധ്യതകളാണ് ഭരണങ്ങാനം വാഗ്ദാനം ചെയ്യുന്നത്.

50. ഭരണങ്ങാനത്തിന്റേയും, മീനച്ചിൽ, തലപ്പലം, തിടനാട് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന സമീപ പ്രദേശങ്ങളുടെയും സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് 'ഭരണങ്ങാനം വികസന അതോറിറ്റി' രൂപീകരിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ ചെലവുകൾക്കായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

## ശബരിമലയുടെ സമഗ്ര വികസനം

*എറണാകുളം-ശബരിമല സ്റ്റേറ്റ് ഹൈവേ*

51. കേരളത്തിലെ ജല-വ്യോമ-റെയിൽ-റോഡ് ഗതാഗത കേന്ദ്രമായ എറണാകുളത്തേയും തീർത്ഥാടന കേന്ദ്രമായ ശബരിമലയെയും കുറഞ്ഞ ദൂരത്തിൽ റോഡുമുഖേന ബന്ധിപ്പിക്കണമെന്ന ആവശ്യം ദീർഘകാലമായി ഉന്നയിക്കപ്പെടുന്നുണ്ട്. തദ്ദേശീയർക്കെന്നപോലെ അന്യസംസ്ഥാനക്കാർക്കും ഏറെ പ്രയോജനം ചെയ്യുന്ന ഈ റോഡ് കളമശ്ശേരി, കാക്കനാട്, ചോറ്റാനിക്കര, പിറവം, ഇലഞ്ഞി, മോനിപ്പള്ളി, ഉഴവൂർ, മുണ്ടുപാലം, പൊൻകുന്നം, എരുമേലി, മുക്കൂട്ടുതറ, പമ്പ തുടങ്ങിയ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതാണ്. ശബരിമല സ്റ്റേറ്റ് ഹൈവേയ്ക്ക് 2 കോടി രൂപ വകയിരുത്തുന്നു.

*'സീറോ വേസ്റ്റ് ശബരിമല' പദ്ധതി*

52. ശബരിമല തീർത്ഥാടനം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം പമ്പാനദിയിലെയും ശരണവഴികളിലെയും മാലിന്യമാണ്. ഇതുവരെ നടന്ന പഠനങ്ങൾ ഇക്കാര്യം അടിവരയിട്ടു സൂചിപ്പിക്കുന്നുണ്ട്. ഈ ദുരവസ്ഥ ഗുരുതരമായ പാരിസ്ഥിതിക - ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഇതിന് ഫലപ്രദവും ശാശ്വതവുമായ പരിഹാരം അടിയന്തരമായി കണ്ടെത്തേണ്ടതുണ്ട്. പ്രതിവർഷം വർദ്ധിച്ചുവരുന്ന തീർത്ഥാടക ബാഹുല്യം കണക്കിലെടുത്ത് ദീർഘവീക്ഷണ

ത്തോടുകൂടിയ ശാസ്ത്രീയവും ഫലപ്രദവുമായ ഒരു മാലിന്യ സംസ്കരണ പദ്ധതി ശബരിമലയ്ക്ക് അത്യന്ത്യാപേക്ഷിതമാണ്. അയ്യപ്പന്റെ പൂങ്കാവനമായ ശബരിമലയും ഇടത്താവളങ്ങളും സംരക്ഷിക്കേണ്ടതുണ്ട്. ഇതിനായി ശബരിമല യെയും അതിന്റെ സമീപ പ്രദേശങ്ങളായ നിലയ്ക്കൽ, പമ്പ, എരുമേലി, പത്തനം തിട്ട എന്നിവയെയും ഉൾപ്പെടുത്തിക്കൊണ്ട് 'സീറോ വേസ്റ്റ് ശബരിമല' എന്ന നൂതന പദ്ധതിക്ക് രൂപം കൊടുക്കുകയാണ്. സർ, ഈ പദ്ധതി നടപ്പിലാക്കുന്നതോ ടുകൂടി ഭാരതത്തിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായ ശബരിമല മാലിന്യ മുക്തമാക്കാൻ മാത്രമല്ല, മദ്ധ്യതിരുവിതാംകൂറിന്റെ ജീവനാഡിയും സാംസ്കാരിക സ്രോതസ്സുമായ പമ്പാനദിയുടെ ഇരു കരകളിലുമായി വസിക്കുന്നവരുടെ മാലിന്യ പ്രശ്നങ്ങൾക്ക് വലിയൊരളവുവരെ പരിഹാരം കണ്ടെത്താനും സാധിക്കും. പദ്ധ തിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

### *എരുമേലി ടൗൺഷിപ്പ്*

53. ശബരിമലയിലെത്തുന്ന അയ്യപ്പഭക്തൻമാരിൽ നല്ലൊരുപങ്ക് എരുമേലി യിലെത്തിയശേഷമാണ് ശബരിമല ദർശനം നടത്തുന്നത്. ഭാരതത്തിലെ മത സൗഹാർദ്ദത്തിന്റെ പ്രതീകമായ ഈ പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ച് എരുമേലിയെ ഒരു ടൗൺഷിപ്പായി ഉയർത്തുന്നു. അതിന്റെ പ്രാരംഭ പ്ര വർത്തനങ്ങൾക്കായി 2 കോടി രൂപ വകകൊളളിക്കുന്നു.

### *ഇസ്ലാമിക് ധനകാര്യ സ്ഥാപങ്ങളിൽ നിന്നുള്ള വായ്പ*

54. ഇസ്ലാമിക് ബാങ്കിൽ നിന്ന് 40,000 കോടി രൂപ സംഘടിപ്പിക്കാമെന്ന പ്രതീക്ഷയിൽ 2011–12 സാമ്പത്തിക വർഷത്തിലേയ്ക്ക് രൂപകൽപന ചെയ്ത റോഡ് വികസന പദ്ധതി പ്രായോഗിക കാരണങ്ങളാൽ ഈ വർഷം നടപ്പിലാ ക്കുവാൻ കഴിയുന്നതല്ല. എങ്കിലും പ്രസ്തുത ബാങ്ക് കേരളത്തിൽ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് അതിൽ നിന്നും ധനസഹായം കൈവരുത്തു വാനുള്ള ശ്രമം നടത്തുന്നതാണ്.

### പ്രത്യേക റോഡുകളുടെ നിർമ്മാണവും നിലവാരം ഉയർത്തലും പാലങ്ങളുടെ പണിയും

55. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്കും സുസ്ഥിര വികസന ത്തിനും നല്ല റോഡുകൾ കൂടിയേ തീരൂ. എന്നാൽ നമ്മുടെ സംസ്ഥാനത്തെ പല

റോഡുകളും മതിയായ നിലവാരം പുലർത്തുന്നവയല്ല. അതിനാൽ നമ്മുടെ റോഡുകളുടെ നിലവാരം അടിയന്തരമായി മെച്ചപ്പെടുത്തേണ്ടതുണ്ട്.

56. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിലെ പ്രധാനപ്പെട്ട 1000 കിലോ മീറ്റർ റോഡുകളുടെയെങ്കിലും നിലവാരം ഉയർത്തുന്നതാണ്. ഇതിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 1000 കോടി രൂപ ഉൾപ്പെടെ ഏതാണ്ട് 5100 കോടി രൂപ വേണ്ടി വരും. ഈ പദ്ധതി നടപ്പാക്കുന്നതിന് 'സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്' രൂപവത്കരിക്കുന്നതാണ്. കേന്ദ്ര ഗവണ്മെന്റിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഈ പദ്ധതിയിലേയ്ക്കായി ഫണ്ട് സ്വരൂപിക്കുന്നതാണ്.

57. ഈ വർഷം അപ്ഗ്രേഡ് ചെയ്യേണ്ട താഴെ പറയുന്ന സുപ്രധാനമായ ചില റോഡു വർക്കുകൾക്കും പണിതീർക്കേണ്ട ചില പാലങ്ങൾക്കുമായി ഒരു പ്രത്യേക തുക ബജറ്റിൽ നീക്കിവയ്ക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

- കൊച്ചി -സീപോർട്ട്-എയർപോർട്ട് റോഡ്
- കോട്ടയം ടി.ബി.ജംഗ്ഷൻ-കോടിമാത-നാട്ടകം-ഗവൺമെന്റ് കോളേജ് റോഡ്
- പൊന്നാനി-വെങ്ങളം തീരദേശറോഡ്
- കഞ്ഞിപ്പുര-മൂടാൽ റോഡ്
- കണ്ണൂർ ജില്ലയിൽ ജെ.റ്റി.എസ്. മുതൽ തയ്യിൽ വരെ റോഡ് പുനരുദ്ധാരണം
- കണ്ണൂർ ജില്ലയിൽ പൊടികുണ്ട് മുതൽ കണ്ണോത്തും ചാൽ വരെ റോഡ് പുനരുദ്ധാരണം
- അമ്മിനിക്കാട് മുതൽ കൊടികുത്തിമല വരെയുള്ള റോഡ് പുനരുദ്ധാരണം.
- അങ്ങാടിപ്പുറം-വളാഞ്ചേരി റോഡ് പുനരുദ്ധാരണം
- കുമ്പള-ബദിയടുക്ക റോഡ്
- നെല്ലിക്കുന്ന് പാലവും നെല്ലിക്കുന്ന് ബീച്ച് റോഡും പണിയൽ
- തോട്ടയാട് മേൽപാലം
- പന്നിയങ്കര റെയിൽവെ ഓവർ ബ്രിഡ്ജ്

- പുതിയപാലം (കോഴിക്കോട്)
- തിരുവല്ല-മണർകാട്-ഉഴവൂർ-കൂത്താട്ടുകുളം കെ.ആർ. നാരായണൻ മെമ്മോറിയൽ റോഡ്
- കൊട്ടാരത്തിൽകടവ്-പുതുപ്പള്ളി അങ്ങാടി-മാങ്ങാനം റോഡ്
- കൂരോപ്പട ബൈപാസ്
- തുറവൂർ-പമ്പാ റോഡിന്റെ നവീകരണവും തൈയ്ക്കാട്ടുശേരി, നേരേകടവ് പാലങ്ങളുടെ നിർമ്മാണവും
- കോട്ടയം ജില്ലയിൽ ഈരയിൽക്കടവ്, വട്ടമൂട്, തറപ്പേൽക്കടവ്, ചേർപ്പുങ്കൽ പാലങ്ങൾ
- ഇടതിരിഞ്ഞി-കാട്ടൂർ റോഡ്
- പാറേകാട്ടുകര-കല്ലേറ്റുംകര റോഡ്
- തടിക്കൽകടവ് പാലം
- ഐലന്റ്-കണ്ണംകാട്ടു പാലം
- നെട്ടൂർ-കുണ്ടന്നൂർ സമാന്തര പാലം
- നീണ്ടകര-വെള്ളിയഴീക്കൽ തീരദേശ റോഡ്
- ചെക്കികടവ് പാലവും മണിയൻകൊല്ലിപാലവും
- തളിപറമ്പ്-കൂർഗ് റോഡ്
- പൈനാവ്-താണ്ടികണ്ടം-പേപ്പാറ-മണിയാറംകുടി-അശോകകടവ് റോഡ്
- പ്രകാശ് കരിക്കിന്മേട്-ഉപ്പുതോട് റോഡ്
- സ്വരാജ്-കോഴിമല റോഡ്
- മുണ്ടക്കയം-കോരുത്തോട്-കണമല-പമ്പാവാലി റോഡ്
- പള്ളുരുത്തി നാല്പതടി റോഡ്
- പൊന്നറ പാലം
- മുണ്ടക്കയം ബൈപാസ്
- ചെങ്ങന്നൂർ കല്ലിശ്ശേരി പാലം
- പട്ടൻ കുളിച്ചപാറ മീനാങ്കൽ-പന്നികുഴി റോഡ്
- പൊന്നാംചുണ്ട്-ചായം-പെരിങ്ങമല റോഡും പാലവും

- കൂവപടി പാലം
- വാളകം-പത്തനാപുരം-ശബരിമല ബൈപാസ് റോഡ്
- ചിരട്ടകോണം-മേലില-കുന്നികോട് റോഡ്
- വാകയാർ-വള്ളികോട് റോഡ്
- ചന്ദനപ്പള്ളി-കോന്നി റോഡ്
- പയ്യാവൂർ-പൈസക്കരി, ചന്ദനക്കാംപാറ-വഞ്ചിയം റോഡ്
- പൊൻകുന്നം-പാലാ റോഡ്
- പൂവം-തിരുമ്പഴകടവ് പാലം
- ചങ്ങനാശ്ശേരി-വാഴൂർ റോഡ് പരിഷ്കരണം
- കറുകച്ചാൽ- മണിമല റോഡ്
- ഉറവയ്ക്കൽ-കൂരാലി റോഡ്
- കൊല്ലപ്പള്ളി-മേലുകാവ് മൂന്നിലവ് റോഡ്.

58. മേൽ പറഞ്ഞ റോഡുകൾക്കും 14 ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന മറ്റ് സുപ്രധാന റോഡ്-പാലങ്ങൾക്കും വേണ്ടി 200 കോടി രൂപ മാറ്റി വയ്ക്കുന്നു. കൂടുതൽ വിവരങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് കൂടുതൽ റോഡുകളുടെ അപ്ഗ്രേഡേഷൻ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇതിനും പുറമെ വർക്ക്സ് അപ്പൻഡിക്സ് വാല്യം 4 ൽ ടോക്കൺ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവർത്തികൾക്ക് ഭരണാനുമതി കിട്ടുന്ന മുറയ്ക്ക് ഏറ്റെടുത്ത് നടത്തുന്നതിലേയ്ക്കായി 125 കോടി രൂപ കൂടി വകയിരുത്തുന്നു. സർ, ഇതിന്റെ ഫലമായി പുതിയ മരാമത്ത് പ്രവർത്തികൾക്കായി മൊത്തം 325 കോടി രൂപയാണ് അധികമായി അനുവദിക്കുന്നത്.

## *ഹരിപ്പാട്ടും കട്ടപ്പനയിലും കൊടുങ്ങല്ലൂരിലും റവന്യൂ ടവറുകൾ*

59. ഭവനനിർമ്മാണ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന റവന്യൂ ടവർ നിർമ്മാണ പരിപാടി തുടരുന്നതാണ്. ഈ വർഷം ഹരിപ്പാട്ടും, കട്ടപ്പനയിലും, കൊടുങ്ങല്ലൂരിലെ അന്നമനടയിലും ഹൗസിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിൽ പുതിയ റവന്യു ടവറുകൾ ആരംഭിക്കും.

### *തലസ്ഥാന നഗര വികസനം*

60. തലസ്ഥാന നഗരിയുടെ വികസനത്തിന് ഈ ഗവൺമെന്റിന്റെ മുന്തിയ പരിഗണന ഉണ്ടായിരിക്കുന്നതാണ്. ഈ ലക്ഷ്യം മുൻനിർത്തി വിവിധ പരിപാടികളുടെ നടത്തിപ്പിന് 30 കോടി രൂപ നീക്കിവയ്ക്കുന്നു.

### *അരുവിക്കര കൺവെൻഷൻ സെന്റർ*

61. തലസ്ഥാന നഗരത്തിന്റെ തിരക്കുകളിൽ നിന്നൊഴിഞ്ഞ് കരമനയാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന പ്രകൃതി രമണീയമായ അരുവിക്കരയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഒരു വികസന ഏജൻസി രൂപീകരിക്കും. അരുവിക്കരയിൽ അന്തർദേശീയ നിലവാരമുള്ള ഒരു കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതാണ്. അതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

### *ലോക നിലവാരമുള്ള മാർക്കറ്റ്*

62. തിരുവനന്തപുരം പൂവച്ചലിൽ ലോക നിലവാരമുള്ള ഒരു കർഷക മാർക്കറ്റ് സ്ഥാപിക്കും അതിലേയ്ക്ക് 25 ലക്ഷം രൂപ വകയിരുത്തുന്നു.

## കൃഷി

### *ഫാം അഡൈ്വസറി മെസേജിംഗ്*

63. ശബ്ദ സന്ദേശങ്ങൾ, വീഡിയോ ക്ലിപ്പിംഗുകൾ എന്നിവയിലൂടെ ഉൽപ്പന്നങ്ങളുടെ വില, കീടരോഗ നിവാരണ മാർഗങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ, വിളപരിപാലന മാർഗങ്ങൾ, കൃഷിയിറക്കലിന് അനുയോജ്യമായ സമയം, വിത്തുകളുടെയും മറ്റ് കാർഷിക സാമഗ്രികളുടെയും ലഭ്യത മുതലായ കാര്യങ്ങൾ കർഷകരെ മൊബൈൽ ഫോണിലൂടെ അറിയിക്കാനും അവരുടെ സംശയങ്ങൾ ദൂരീകരിക്കാനുമുള്ള സംവിധാനത്തിന് രൂപം നൽകും. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിലായിരിക്കും ഇത് നടപ്പിലാക്കുക. ഇതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

### *കൃഷിഭവനും ഭൂവുടമയും ചേർന്നുള്ള കരാർ കൃഷി*

64. കേരളത്തിനാവശ്യമായ പഴങ്ങൾക്കും പച്ചക്കറികൾക്കും വലിയൊരു പരിധിവരെ നാം അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. അതേസമയം തന്നെ നമ്മുടെ നാട്ടിൽ ഫലഭൂയിഷ്ടമായ ഭൂമി തരിശായി കിടക്കുകയോ പൂർണ്ണമായി ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന അവസ്ഥയുമുണ്ട്. സംസ്ഥാനത്തെ കൃഷിഭവനുകൾ ഇത്തരം ഭൂമി കണ്ടെത്തി ഭൂവുടമകളുമായി നിശ്ചിത വർഷത്തെ കരാറുണ്ടാക്കി പഴവർഗ്ഗങ്ങളും പച്ചക്കറികളും, കപ്പ, ചേന, ചേമ്പ്, കാച്ചിൽ മുതലായ ഭൂകാണ്ഡങ്ങളും കൃഷിചെയ്യുന്നതിനുള്ള ഒരു പദ്ധതി ഞാൻ പ്രഖ്യാപിക്കുന്നു. കൃഷിഭവനുകൾ ഭൂവുടമകളുമായി ഇത്തരത്തിൽ കരാറുണ്ടാക്കുമ്പോൾ കൃഷിഭവനുകളിൽ നിന്നും ആറുമാസത്തെ നോട്ടീസ് നൽകി ഭൂമി കൃഷിക്കാർക്ക് തിരിച്ചെടുക്കാനുള്ള അവകാശം ഉൾപ്പെടെ ഭൂവുടമകളുടെ എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ടായിരിക്കും ഈ പദ്ധതി നടപ്പാക്കുക. ഭൂവുടമയ്ക്ക് താത്പര്യമെങ്കിൽ കൃഷിഭവനുമായി ചേർന്ന് സംയുക്ത പങ്കാളിത്തത്തിൽ പിന്നീട് ഇതിലേയ്ക്ക് തയ്യാറാക്കുന്ന ചട്ടങ്ങൾക്കു വിധേയമായി നിർദ്ദിഷ്ട കൃഷികൾ ഏറ്റെടുത്തു നടത്താവുന്നതാണ്. കുടുംബശ്രീ, ജനശ്രീ, ഗൃഹശ്രീ തുടങ്ങിയ മഹിളാ സംഘടനകളുടെ സഹകരണവും സേവനവും ഇതിലേയ്ക്ക് പ്രയോജനപ്പെടുത്തുന്നതാണ്. ഇതിന് വിപുലമായ സ്കീം തയ്യാറാക്കി ഈ വർഷം തന്നെ നടപ്പാക്കും. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2 കോടി രൂപ വകയിരുത്തുന്നു.

### *ചെറുകിട-നാമമാത്ര കർഷകർക്ക് പെൻഷൻ*

65. ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള ചെറുകിട-നാമമാത്ര കർഷകർ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരാണ്. ഇവരിൽ മിക്കവരും ബി.പി.എൽ. വിഭാഗത്തിലാണ് ഉൾപ്പെടുന്നത് എങ്കിലും കേരള സമ്പദ് വ്യവസ്ഥയുടെ വികസനത്തിന് ഈ വിഭാഗം വഹിക്കുന്ന പങ്ക് വളരെ നിർണ്ണായകമാണ്. പക്ഷെ അവർക്ക് അതിനുതക്ക അംഗീകാരമോ ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. എന്നാൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള വിവിധ സംഘടിത-അസംഘടിത വിഭാഗങ്ങൾക്ക് പെൻഷനോ അതുപോലുള്ള ആനുകൂല്യങ്ങളോ ലഭിക്കുന്നുണ്ട്. ഇതൊരു വലിയ പൊരുത്തക്കേടാണെന്ന് ഞാൻ കരുതുന്നു. അതി

നാൽ ചെറുകിട-നാമമാത്ര കർഷകർക്ക് ഒരു കൈത്താങ്ങ് നൽകേണ്ടത് ആവശ്യ മാണ്.

66. ഈ സാഹചര്യത്തിൽ ഒരു ഹെക്ടറോ അതിനു താഴെയോ ഭൂമിയുള്ള ചെറുകിട-നാമമാത്ര കർഷക കുടുംബങ്ങളിലെ അറുപതു വയസ്സുകഴിഞ്ഞ കുടുംബനാഥനോ, കുടുംബനാഥയ്ക്കോ പ്രതിമാസം 300 രൂപ നിരക്കിൽ പ്രതി വർഷം 3600 രൂപ കർഷക പെൻഷൻ അനുവദിക്കുന്നു. സർക്കാരുദ്യോഗമോ മറ്റു സർക്കാർ-അർദ്ധസർക്കാർ പെൻഷൻ പദ്ധതികളുടെ ആനുകൂല്യമോ ലഭി ക്കാത്തവർക്കായിരിക്കും ഈ പദ്ധതിയുടെ സഹായം ലഭിക്കുക.

67. ഈപദ്ധതിയുടെ നടത്തിപ്പിനായി ഈ വർഷത്തേയ്ക്ക് 25 കോടി രൂപ വകയിരുത്തുന്നു.

***കർഷകർക്കുള്ള കിസാൻ പാസ് ബുക്ക്.***

68. കേരളത്തിലെ ഭൂരിപക്ഷം കർഷകരും ഒരു ഹെക്ടറിനു താഴെ മാത്രം ഭൂമിയുള്ളവരാണ്. അവർ കൃഷി ചെയ്യുന്നതിനാവശ്യമായ പണം കണ്ടെത്തുന്നതിന് ബാങ്കുകൾ, സഹകരണ സംഘങ്ങൾ തുടങ്ങിയ ധനകാര്യസ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. കർഷകർ ഭൂമി പണയപ്പെടുത്തി വായ്പയെടുക്കുമ്പോൾ വസ്തു സംബന്ധിച്ച അസൽ പ്രമാണം ധനകാര്യ സ്ഥാപനങ്ങളിൽ ഈടായി നൽകേണ്ടതുണ്ട്. ഗെഹാൻ നിയമം ബാധകമല്ലാത്ത ധനകാര്യസ്ഥാപനങ്ങൾ, ബാങ്കുകൾ, എന്നിവയിൽ ഭൂപണയം, ഒഴുവുകുറി ആധാരം മുതലായവ രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ഭീമമായ തുക നൽകേണ്ടിയും വരുന്നു. ഇതിനൊരു പരിഹാരമായി കഴിഞ്ഞ യു.ഡി.എഫ് സർക്കാർ കിസാൻ പാസ് ബുക്ക് നിയമം പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തോടുകൂടി പ്രാബല്യത്തിൽ കൊണ്ടുവന്നു. പ്രസ്തുത നിയമം നടപ്പിലാക്കാനോ അതിനാവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാനോ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ യാതൊരു ശ്രമവും നടത്തിയില്ല. ഭൂമിയോ അതിന്റെ പ്രമാണമോ പണയപ്പെടുത്തുന്നതിനുപകരം കിസാൻ പാസ് ബുക്കിന്റെ ഉറപ്പിന്മേൽ ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കാൻ അവസരം നൽകുന്ന ഈ നിയമനിർമ്മാണം കർഷകർക്ക് വളരെ ആശ്വാസകരമായിരിക്കും. തുടക്കമെന്ന നിലയിൽ ഈ നിയമം ഇടുക്കി,

വയനാട് ജില്ലകളിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു. എത്രയും പെട്ടെന്ന് ഇതിന്റെ ചട്ടങ്ങൾ ഉണ്ടാക്കി ഇത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതാണ് . ഇതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

***വനം പരിസ്ഥിതി നിയമത്തിൽ നിന്ന് കാർഷിക ഭൂമിയെ ഒഴിവാക്കുന്നു.***

69. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന വനം ഓർഡിനൻസിന്റെ കീഴിൽ യാതൊരു വിധ നോട്ടീസും പ്രതിഫലവും നൽകാതെ അനേകം ചെറുകിട കർഷകരുടെ പട്ടയഭൂമി പ്രത്യേകിച്ച് മലബാർ മേഖലയിലെ കർഷകരുടെ ഭൂമി, പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ വനഭൂമിയായി പ്രഖ്യാപിക്കുകയുണ്ടായി. മുൻ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന നിയമത്തിൽ, തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക്, കശുമാവ് തുടങ്ങിയ ഏതെങ്കിലും കൃഷിയോ ഉണ്ടെങ്കിലോ അഥവാ അതിൽ വാസഗൃഹമോ ഉണ്ടെങ്കിൽ അതിന്റെ സൗകര്യപ്രദമായ ഉപയോഗത്തിന് ആവശ്യമായിട്ടുള്ള ഭൂമിയോ ആണെങ്കിൽ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ നിന്നും അവയെ പൂർണമായി ഒഴിവാക്കിയിരുന്നു. ഈ നിയമത്തിന് 2005 ഏപ്രിൽ 25-ാം തീയതി രാഷ്ട്രപതിയുടെ അനുമതിയും ലഭിക്കുകയുണ്ടായി. ഈ നിയമം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കാതിരുന്നതിന്റെ ഫലമായി കൃഷിക്കാർക്ക് നിയമത്തിന്റെ പ്രയോജനം ലഭിച്ചില്ല. ഈ സാഹചര്യത്തിൽ അർഹരായ കൃഷിക്കാർക്കെല്ലാം ഈ നിയമത്തിന്റെ പരിരക്ഷ ഉറപ്പുവരുത്തും.

***ജന്മിമാരാൽ കബളിപ്പിക്കപ്പെട്ട് മിച്ചഭൂമി വിലയ്ക്കുവാങ്ങിയ കർഷകർക്ക് ഭൂമിയുടെ സ്ഥിരാവകാശം.***

70. വസ്തുതകൾ വ്യക്തമായി മനസിലാക്കാതെ ഭൂമി വാങ്ങി കബളിക്കപ്പെട്ട അനേകം കർഷകർ, പ്രത്യേകിച്ച്, മലബാർ മേഖലയിലെ വടക്കേകളം ഭൂപ്രദേശത്തുണ്ട്. വളരെക്കാലം കൈവശം വച്ച് കൃഷിചെയ്തു വന്ന ഈ ഭൂമിയിൽ നിന്നും അവർ ഒഴിവാക്കപ്പെട്ടു. അനേകം വർഷങ്ങളായി കൃഷി ചെയ്തു വരുന്ന ഭൂമിയിൽ നിന്നും ജന്മിമാരാൽ കബളിക്കപ്പെട്ട് അവർ ഒഴിവാക്കപ്പെടുന്നത് ദു:ഖകരവും അന്യായവുമാണെന്ന് യു.ഡി.എഫ്. സർക്കാർ കാണുകയും ഇത് പരിഹരിക്കാൻ നിയമത്തിൽ ആവശ്യമായ ഭേദഗതി കൊണ്ടുവന്ന് രാഷ്ട്രപതിയുടെ അനുമതി വാങ്ങുകയും ചെയ്തിരുന്നു. എന്നാൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ആ നിയമം നടപ്പിലാക്കാൻ വിമുഖത

കാണിച്ചു. പ്രസ്തുത നിയമം ഉടനടി നടപ്പിലാക്കാൻ നടപടി സ്വീകരിക്കും. ഈ വിഭാഗം കർഷകർക്ക് താലൂക്കു ലാന്റ് ബോർഡ് മുഖേന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്യും.

### *കൃത്യമായ വായ്പ തിരിച്ചടവിന് പലിശ സബ്സിഡി*

71. കൃഷിക്കാരെ അലട്ടുന്ന ഏറ്റവും വലിയ പ്രശ്നം വായ്പയിന്മേലുളള ദുർവഹമായ പലിശഭാരമാണ്. സർവീസ് സഹകരണ ബാങ്കുകൾ വഴി ലഭിക്കുന്ന കാർഷിക വായ്പയ്ക്ക് കൃഷിക്കാർ 12 ശതമാനം വരെ പലിശ നൽകേണ്ടിവരുന്നുണ്ട്. വർദ്ധിച്ച തോതിലുളള ഈ പലിശയാണ് കൃഷിക്കാർ കടക്കെണിയിൽ അകപ്പെടാനുളള കാരണം. അത് ആത്മഹത്യയിലേക്കുവരെ കർഷകരെ നയിച്ച വേദനാജനകമായ സംഭവങ്ങളുണ്ട്. സമയത്ത് പലിശ കൃത്യമായി തിരിച്ചടയ്ക്കാത്തതുകൊണ്ട് കടം കൊടുക്കുന്ന സ്ഥാപനങ്ങളും പ്രയാസപ്പെടുന്നു. ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കി, വായ്പയെടുക്കുന്ന കൃഷിക്കാരെയും വായ്പ നൽകുന്ന സ്ഥാപനങ്ങളെയും ഒരേ സമയം സംരക്ഷിക്കുന്നതിന്, കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്കായി ഒരു 'ഉത്തേജന പലിശ ഇളവു പദ്ധതി' ഞാൻ പ്രഖ്യാപിക്കുന്നു. സർക്കാരിന്റെയോ സഹകരണ സ്ഥാപനങ്ങളുടെയോ ആഭിമുഖ്യത്തിലുളള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കാർഷിക വായ്പ എടുക്കുന്ന ഏതൊരാൾക്കും പ്രസ്തുത വായ്പത്തുക (Principal) കൃത്യ തീയതിയിൽ തിരിച്ചടയ്ക്കുന്നപക്ഷം 5 ശതമാനം പലിശ ഇളവു നൽകുന്നതാണ്. ഇതിലേയ്ക്ക് 10 കോടി രൂപ വകയിരുത്തുന്നു.

### *കായൽ കർഷകർക്ക് പമ്പിംഗ് സബ്സിഡി സമ്പൂർണമാക്കുന്നു*

72. കുട്ടനാട്ടിലെ കായൽ കർഷകർക്ക് പമ്പിംഗ് സബ്സിഡി അനുവദിച്ചത് ഞാൻ അവതരിപ്പിച്ച മുൻകാല ബജറ്റിലൂടെയാണ്. കാലാകാലങ്ങളിലുണ്ടായ ചെലവ് വർദ്ധനയുടെയും അതിന്റെ പേരിൽ കരാറുകാർ ഏർപ്പെടുത്തിയ 'നേർമ്മ'യുടെയും ഫലമായി കൃഷിക്കാർക്ക് പമ്പിംഗിന്റെ മുഴുവൻ സബ്സിഡിയും കിട്ടുന്നില്ല. ഇത് കർഷകർക്ക് വലിയ നഷ്ടം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പമ്പിംഗിന് കർഷകർ ചെലവാക്കുന്ന മുഴുവൻ തുകയും സബ്സിഡിയായി സർക്കാർ നൽകുന്നതാണ്. കുട്ടനാട്ടിലെ ആയിരക്കണക്കിന്

കർഷകർക്ക് ആശ്വാസം പകരുന്ന ഈ പദ്ധതിക്കുവേണ്ടി 50 ലക്ഷം രൂപ വകയിരുത്തുന്നു.

### *കാലിത്തീറ്റയ്ക്ക് സബ്സിഡി*

73. കാലിത്തീറ്റയുടെ വിലവർദ്ധനവിന്റെയും മറ്റും ഫലമായി പാൽ ഉൽപാദന ചെലവ് വർദ്ധിച്ചിരിക്കുകയാൽ ക്ഷീരകർഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന പശ്ചാത്തലത്തിൽ കാലിത്തീറ്റയ്ക്ക് നൽകിവരുന്ന സബ്സിഡിയുടെ നിരക്ക് ഇരട്ടിയാക്കുന്നു. ഈ വർഷത്തെ ചെലവിലേയ്ക്കായി 3 കോടി രൂപ വകയിരുത്തുന്നു.

### *കാർഷിക ഇൻഷ്വറൻസ്*

74. കാർഷികവിള ഇന്ന് കാലവർഷക്കെടുതി, രോഗം, കീടനാശം, കാലാവസ്ഥാ വ്യതിയാനം എന്നീ കാരണങ്ങളാൽ തകർച്ചയിലാണ്. വായ്പ എടുത്ത് കൃഷി ഇറക്കിയ കർഷകർക്ക് ഇത്തരം തകർച്ച താങ്ങാവുന്നതല്ല. ഇൻഷ്വർ ചെയ്യുകയാണ് ഇതിന് ഏറ്റവും നല്ല പരിഹാരം. ഇൻഷ്വറൻസ് റഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തോടെ കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ പല ഇൻഷ്വറൻസ് പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ അവയെല്ലാം കേരളത്തിൽ നടപ്പാക്കിയിട്ടില്ല. നെൽകൃഷി മേഖലയിൽ പരിമിതമായി ഒരു ഇൻഷ്വറൻസ് നിലവിലുണ്ടെങ്കിലും മറ്റു കാർഷിക മേഖലകളിൽ ഇതുവരെ ഇൻഷ്വറൻസ് കടന്നുവന്നിട്ടില്ല. ഈ കുറവ് പരിഹരിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഈ സാഹചര്യത്തിൽ എല്ലാ കൃഷികളെയും ഉൾപ്പെടുത്തിക്കൊണ്ട് അപകട ഇൻഷ്വറൻസും പെൻഷൻ ആനുകൂല്യങ്ങളും കൂട്ടിച്ചേർത്തുകൊണ്ട് ഒരു സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി സർക്കാർ നടപ്പിലാക്കും.

75. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ഇൻഷ്വറൻസ് പോളിസികൾ ഒരു കുടക്കീഴിൽ കൊണ്ടു വന്ന് സർക്കാരിന് യാതൊരുവിധ അധിക ബാദ്ധ്യതയും ഉണ്ടാക്കാതെ അവയെ റീ-ഇൻഷ്വർ ചെയ്ത് സർക്കാരിനും ഉപഭോക്താക്കൾക്കും കൂടുതൽ പ്രയോജനം ലഭിക്കുന്ന രീതിയിലുള്ള പദ്ധതി ആവിഷ്കരിക്കും. ഈ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും പഠനത്തിനും 10 ലക്ഷം രൂപ വകയിരുത്തുന്നു.

**തോട്ടവിള ഭൂമി മറ്റ് കൃഷികൾക്കായി ഉപയോഗിക്കുവാൻ വ്യവസ്ഥ നടപ്പിലാക്കും**

76. കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ തോട്ടവിളകളെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഇങ്ങനെ ഒഴിവാക്കപ്പെട്ട ഭൂമി മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിച്ചാൽ ഭൂപരിഷ്ക്കരണ നിയമത്തിൽ അത്തരം ഭൂമിക്ക് നൽകിയിട്ടുള്ള പരിരക്ഷ നഷ്ടമാകും. ഇന്ന് റബ്ബർ ഒഴികെ പല തോട്ടവിളകളും വിലത്തകർച്ചകൊണ്ട് നഷ്ടത്തിലാണ്. നഷ്ടത്തിലായ ഇത്തരം തോട്ടങ്ങളിലെ തൊഴിലാളികളും ചെറുകിടകർഷകരും ഇന്ന് പട്ടിണിയിലാണ്. ഇപ്രകാരമുള്ള ഭൂമിയുടെ അഞ്ചു ശതമാനം വരെ മറ്റ് കാർഷിക വിളകൾക്കോ ഔഷധ സസ്യകൃഷിക്കോ പച്ചക്കറി-പൂന്തോട്ട കൃഷിക്കോ വിനോദസഞ്ചാര പദ്ധതികൾക്കോ ഉപയോഗിക്കുവാൻ അനുവദിച്ചാൽ ഇന്നുള്ള പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരമാകും. ഇതിലേയ്ക്ക് ഈ സഭ പാസാക്കിയ ബിൽ നിയമമായി നടപ്പാക്കും.

**കശുമാവ് തോട്ടങ്ങളെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കി കർഷകരെയും കശുവണ്ടിത്തൊഴിലാളികളെയും സംരക്ഷിക്കുവാൻ നടപടി.**

77. കേരള ഭൂപരിഷ്ക്കരണ നിയമം ഒരാൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമിക്ക് ഉയർന്ന പരിധി വ്യവസ്ഥ ചെയ്യുന്നു. 1970 ലെ ഭേദഗതി നിയമം വഴി ഈ ഒഴിവാക്കൽ വ്യവസ്ഥ റദ്ദ് ചെയ്യപ്പെട്ടു. അത് കശുവണ്ടിയുടെ ഉൽപാദനത്തെ പ്രതികൂലമായി ബാധിച്ചു. സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നതിന് പത്ത് മെട്രിക് ടൺ കശുവണ്ടി ആവശ്യമാണ്. എന്നാൽ ഒരു മെട്രിക്ടൺ കശുവണ്ടി മാത്രമേ ഇവിടെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നുള്ളൂ. കശുമാവ് കൃഷിയെ തോട്ടവിളയായി കണ്ട് അതിന്റെ ഉത്പാദനം വർദ്ധിപ്പിച്ചാൽ മാത്രമേ കശുവണ്ടി വ്യവസായം ഇന്ന് അനുഭവിക്കുന്ന പ്രതിസന്ധിക്ക് പരിഹാരം ഉണ്ടാകൂ. നമ്മുടെ പരമ്പരാഗതമായ കശുവണ്ടി വ്യവസായം നിലനിർത്തുന്നതിനും അതിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ പട്ടിണിയിൽ നിന്ന് രക്ഷിക്കുന്നതിനും വേണ്ടി, കശുമാവിന്റെ വൻതോതിലുള്ള കൃഷി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ, കശുമാവ് വച്ചുപിടിപ്പിക്കുന്ന ഭൂമിയെ കേരള ഭൂപരി

ഷ്ക്കരണ നിയമത്തിന്റെ ഉയർന്ന ഭൂപരിധി സംബന്ധിച്ച വ്യവസ്ഥകളിൽ നിന്നും ഭാവിയിൽ ഒഴിവാക്കുവൻ യു.ഡി.എഫ് കൊണ്ടുവന്ന ഭേദഗതി നടപ്പിലാക്കും.

**പബ്ളിക് പ്രൈവറ്റ്-പഞ്ചായത്ത് പങ്കാളിത്തത്തോടുകൂടി സർക്കാർ വക തരിശു ഭൂമികൾ വികസനോന്മുഖമാക്കൽ**

78. കാലാകാലങ്ങളായി റോഡു വികസനത്തിനും മറ്റ് പൊതു ആവശ്യങ്ങൾക്കുമായി സർക്കാർ പൊന്നുംവിലയ്ക്കെടുത്ത ഭൂമിയിൽ, ആവശ്യം കഴിഞ്ഞ് മിച്ചം വന്നത് ഉപയോഗശൂന്യമായി കിടക്കുകയാണ്. റോഡുകളുടെ വളവു നിവർത്താനായി പുതിയ സ്ഥലം പൊന്നുംവിലയ്ക്കെടുത്ത് ഉപയോഗിക്കുകയും വളവുണ്ടായിരുന്ന റോഡും അനുബന്ധഭാഗങ്ങളും ഉപയോഗരഹിതമായിക്കിടക്കുകയും ചെയ്യുന്നു. പൂർത്തിയായ പദ്ധതികൾക്ക് ഭാവിയിൽ ആവശ്യമില്ലാത്തതും ഉപയോഗിക്കാതെ കിടക്കുന്നതും തരിശുഭൂമികളും ഇതിൽപ്പെടും.

79. മറ്റ് പൊതു ആവശ്യങ്ങൾക്കായി ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ സ്ഥിതിയും വിഭിന്നമല്ല. ഇങ്ങനെ ഉപയോഗരഹിതമായി ദീർഘകാലം കിടന്ന ഭൂമിയിൽ കുറെയെങ്കിലും കൈയ്യേറപ്പെട്ടിരിയ്ക്കാനും സാദ്ധ്യതയുണ്ട്. അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനെ പൊതുമുതലിന്റെ അപഹരണമായി കണക്കാക്കി മോചിപ്പിച്ചെടുക്കേണ്ടതുണ്ട്.

80. ഇപ്രകാരം മിച്ചമായിക്കിടക്കുന്ന പൊതുഭൂമി കൃത്യമായി തിരഞ്ഞുപിടിച്ച്, അളവും മറ്റു വിശദാംശങ്ങളും രേഖപ്പെടുത്തി, പൊതു ആശ്യങ്ങൾക്ക് റിസർവ് ചെയ്യാൻ അനുയോജ്യമായത് അപ്രകാരം ചെയ്യുകയും അല്ലാത്തവ പൊതു-സ്വകാര്യ-പഞ്ചായത്ത് (PPP) സംയുക്ത പങ്കാളിത്തത്തോടെയുള്ള സംരംഭങ്ങൾക്കോ, പാട്ടകൃഷി എന്നിവയിലൂടെ പച്ച ക്കറി കൃഷി, പൂ കൃഷി, ഔഷധ കൃഷി മുതലായ ഉൽപാദന വർദ്ധനവിനുതകുന്ന ആവശ്യങ്ങൾക്കോ ലഭ്യമാക്കും. ഈ പദ്ധതി ഭക്ഷ്യോൽപാദന വർദ്ധനവിനും അടിസ്ഥാന സൗകര്യ വികസനത്തിനും വാണിജ്യ വികസനത്തിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാന വർദ്ധനയ്ക്കും വഴി തെളിക്കും.

81. സർ, ഞാൻ ഇനി മറ്റുമേഖലകളിലെ പദ്ധതികളെപ്പറ്റി പരാമർശിക്കട്ടെ;

***മത്സ്യമേഖല***

82. സംസ്ഥാനത്തെ മുഴുവൻ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുമായി സമയബന്ധിത ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കും. മൊത്തം 400 കോടി രൂപ പ്രതീക്ഷിക്കുന്ന പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതത്തിന് പുറമെ വിവിധ ഏജൻസികളുടെ ധനസഹായം കൂടി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കേണ്ടതാണ്. ഈ വർഷം സംസ്ഥാന വിഹിതമായ 10 കോടി രൂപ വകയിരുത്തുന്നു.

***തീരദേശ വികസന അതോറിറ്റി***

83. കേരളത്തിലെ തീരദേശമേഖലയുടെ സമഗ്ര വികസനത്തിന് സഹായകമായ രീതിയിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന തീരദേശ്‌വികസന അതോറിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

## <u>വിദ്യാഭ്യാസം</u>

***എഴുത്തച്ഛൻ മലയാള സർവ്വകലാശാല***

84. നമ്മുടെ ചരിത്രവും സംസ്ക്കാരവും പാരമ്പര്യവും സംരക്ഷിക്കുന്നതിനും, നമ്മുടെ സംസ്ഥാനത്തെ സാംസ്ക്കാരിക നവീകരണ പ്രവർത്തനങ്ങൾക്ക് കരുത്തു പകരുന്നതിനുമായി മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ പേരിൽ തിരൂരിൽ ഒരു മലയാള സർവകലാശാല സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നയപരമായ തീരുമാനമെടുത്തിട്ടുള്ളതാണ്. ഈ സർവകലാശാലയുടെ പ്രാരംഭ ചെലവുകൾക്കായി 1 കോടി രൂപ വകയിരുത്തുന്നു.

***എഡ്യൂക്കേഷണൽ ആന്റ് ഹെൽത്ത് ഹബ്***

85. കെ.എസ്.ഐ.ഡി.സി.യും ഇൻകെലും ചേർന്ന് മലപ്പുറം ജില്ലയിലെ പാണക്കാട് എഡ്യൂക്കേഷണൽ ആന്റ് ഹെൽത്ത് ഹബ്

വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനസൗകര്യ വികസനങ്ങൾക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

### *വിദ്യാധനം വായ്പാ പദ്ധതി*

86. ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനമുള്ളവരും, ദുർബല വിഭാഗത്തിൽപെടുന്നവരുമായ വിദ്യാർത്ഥികൾക്കുവേണ്ടി കെ.എസ്.എഫ്.ഇ. യുടെ ആഭിമുഖ്യത്തിൽ ഒരു വിദ്യാഭ്യാസ വായ്പാ പദ്ധതി പ്രഖ്യാപിക്കുന്നു. പ്രവേശന ഫീസ്, കരുതൽ നിക്ഷേപം, മറ്റു ഫീസിനങ്ങൾ മുതലായ ആവശ്യങ്ങൾക്ക് 50,000 രൂപ മുതൽ 10 ലക്ഷം രൂപ വരെ പരമാവധി 11 വർഷം വരെ കാലയളവിൽ, ബാങ്ക് പലിശ നിരക്കിൽ വായ്പ നൽകും. കോഴ്സ് കഴിഞ്ഞ് 12 മാസമോ, വിദ്യാഭ്യാസം കഴിഞ്ഞ് ജോലി കിട്ടുകയോ, ഏതാണോ ആദ്യം അതുമുതൽ അഞ്ചുവർഷം കൊണ്ട് വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. 5 ലക്ഷം രൂപവരെയുള്ള വായ്പകൾ ആൾ ജാമ്യത്തിലും അതിനുമുകളിലുള്ള വായ്പകൾ Collateral Security വാങ്ങിയുമായിരിക്കും അനുവദിക്കുക. കുട്ടിയുടെ രക്ഷിതാവ് സഹബാദ്ധ്യതക്കാരൻ ആയിരിക്കും. കെ.എസ്.എഫ്.ഇ. 30 കോടി രൂപ പ്രതിവർഷം ഇതിനുവേണ്ടി നീക്കിവയ്ക്കും. വർഷം തോറും ഏകദേശം 1500 വിദ്യാർത്ഥികൾക്ക് ഇത് പ്രയോജനപ്പെടും.

87. സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതിയെന്ന നിലയിൽ 12 ശതമാനം ഫ്ളോട്ടിംഗ് നിരക്കിനായിരിക്കും വായ്പ നൽകുന്നത്. പലിശ ബാദ്ധ്യതയുടെ 4 ശതമാനം വാർഷിക സബ്സിഡിയായി സർക്കാർ വഹിക്കും.

## ആരോഗ്യം

### *രാജീവ് ആരോഗ്യശ്രീ പദ്ധതി*

88. ആരോഗ്യരംഗത്ത് മുൻപന്തിയിൽ നിൽക്കുന്നു എന്ന് നാം അഭിമാനിക്കുന്ന നമ്മുടെ സംസ്ഥാനത്ത് രോഗ നിർണ്ണയത്തിനും ചികിത്സക്കും വേണ്ടി വൻതുകയാണ് ജനങ്ങൾ മുടക്കേണ്ടിവരുന്നത്. സർക്കാർ ആശുപത്രികളിൽ രോഗികളുടെ ബാഹുല്യം കാരണം പലപ്പോഴും മെച്ചപ്പെട്ട സേവനങ്ങൾ നൽകുക എന്നത് ദുഷ്കരമായിരിക്കുന്നു. എന്നാൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നു

എന്നവകാശപ്പെടുന്ന സ്വകാര്യ ആശുപത്രികളെ സമീപിക്കുക സാധാരണ ക്കാർക്ക് ഇന്നും എളുപ്പമല്ല. ഇതിനൊരു പരിഹാരമായി സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ സർക്കാർ ആശുപത്രികളിലും അതോ ടൊപ്പം തന്നെ സ്വകാര്യ ആശുപത്രികളിലും 2 ലക്ഷം രൂപ വരെയുള്ള ചികിത്സ സൗജന്യമായി ലഭിക്കുന്നതിനുവേണ്ടി ഈ വർഷം തന്നെ രാജീവ് ആരോഗ്യശ്രീ എന്ന പേരിൽ ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതാണ്.

89. ഈ പദ്ധതി നടപ്പാക്കുന്നതിനു വേണ്ടിവരുന്ന ഇൻഷ്വറൻസ് പ്രീമിയം തുക മുഴുവനായും ഇൻഷ്വറൻസ് കമ്പനികൾക്ക് നൽകേണ്ടതായിട്ടുണ്ട്. 32 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്കും രണ്ടര ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള 20 ലക്ഷം എ.പി.എൽ. കുടുംബങ്ങൾക്കും ഉൾപ്പെടെ ആകെ 52 ലക്ഷം കുടുംബങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. രണ്ടര ലക്ഷം രൂപയ്ക്കു മുകളിൽ വാർഷിക വരുമാനമുള്ള വിഭാഗങ്ങൾക്കും സർക്കാർ ജീവന ക്കാർക്കും അർദ്ധസർക്കാർ ജീവനക്കാർക്കും സ്വമേധയാ പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ ചേരാവുന്നതാണ്. ഈ പദ്ധതിയുടെ പ്രാരംഭ ചെലവു കൾക്കായി 25 കോടി രൂപ വകയിരുത്തുന്നു.

### *കാൻസർ, കിഡ്നി, ഹൃദയ ചികിത്സയ്ക്കും പാലിയേറ്റീവ് കെയർ രോഗി കൾക്കുമായി പ്രത്യേക ഭാഗ്യക്കുറി നറുക്കെടുപ്പുകൾ*

90. ഇപ്പോൾ ആഴ്ചയിൽ ഒരു തവണയാണ് കേരള ഭാഗ്യക്കുറി നറുക്കെടു പ്പ് നടക്കുന്നത്. ഇനി മുതൽ ആഴ്ചയിൽ ഏഴു ദിവസങ്ങളിലും നറുക്കെടുക്കുന്ന താണ്. അതിൽ നാലു നറുക്കെടുപ്പുകൾ കാൻസർ, കിഡ്നി, ഹൃദയ, പാലിയേ റ്റീവ് കെയർ രോഗികൾക്കു വേണ്ടിയായിരിക്കും. ഈ നറുക്കെടുപ്പിൽ നിന്നുള്ള വരുമാനം പ്രസ്തുത രോഗികളുടെ ചികിത്സാ സഹായത്തിനായി വിനിയോഗിക്കു ന്നതാണ്. ഇതിലേയ്ക്കുള്ള തുക സമാഹരിക്കുന്നതിനായി സംസ്ഥാന ലോട്ടറി വകുപ്പ് ഓരോ ആഴ്ചയിലും ഒരു പ്രത്യേക ഭാഗ്യക്കുറിയും നടത്തുന്നതാണ്. ഇതിൽ നിന്നുള്ള വരുമാനം ഉൾക്കൊള്ളിച്ച് ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കു ന്നതും അതിന്റെ അഡ്മിനിസ്ട്രേഷനുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ അട ങ്ങിയ ഒരു സംസ്ഥാനതല മോണിറ്ററിംഗ് സമിതിയും ജില്ലാതല സമിതികളും രൂപീകരിക്കുന്നതും ഫണ്ട് വിനിയോഗം സംബന്ധിച്ച് പ്രത്യേക പദ്ധതി തയ്യാറാ ക്കുന്നതുമാണ്.

91. രോഗിയെ ചികിത്സിക്കുന്ന ആശുപത്രിയുടെ മേധാവിയിൽ നിന്നുള്ള എസ്റ്റിമേറ്റും ശുപാർശയും സഹിതം ജില്ലാസമിതി കൺവീനർ മുഖേന ജില്ലാതല ചെയർമാനായ കളക്ടർക്ക് ലഭിക്കുന്ന അപേക്ഷകളിന്മേൽ 10 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകരെയും ആശുപത്രി അധികൃതരെയും വിവരം അറിയിക്കുന്നതും തുക ലഭ്യമാക്കുന്നതുമാണ്. തുക അനുവദിച്ച് നൽകുന്നത് ജില്ലാ കളക്ടർക്കായിരിക്കും. സംസ്ഥാന സമിതിയുടെ പേരിൽ ഈ നിധി പ്രത്യേക ഫണ്ടായി സൂക്ഷിക്കുകയും ജില്ലാ കളക്ടർക്കുള്ള വിഹിതം ലഭ്യമാക്കുകയും ചെയ്യുന്നതാണ്. കൂടാതെ ജില്ലാതല സമിതിയുടെ പ്രവർത്തനം സൂക്ഷ്മമായി പരിശോധിക്കുകയും ആവശ്യമായ തിരുത്തൽ നടപടികൾ എടുക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതുമാണ്.

### *തലപ്പാടി ബയോ മെഡിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ*

92. എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ തലപ്പാടി നഴ്സിംഗ് കോളേജ് കാമ്പസിൽ ഇപ്പോൾ പ്രവർത്തനമാരംഭിച്ചിരിക്കുന്ന ബയോ മെഡിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രണ്ടാം ഘട്ടമായി ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭിക്കുന്നതിനായി ഗവൺമെന്റ് 1 കോടി രൂപ ഈ വർഷത്തേയ്ക്ക് വകയിരുത്തുന്നു.

### *വയനാട് ആധുനിക ചികിത്സാ കേന്ദ്രം*

93. വേണ്ടത്ര ആധുനിക ചികിത്സാ സൗകര്യങ്ങളുടെ അഭാവത്തിൽ വയനാട്ടിലെ ജനങ്ങൾ വളരെയേറെ ദുരിതമനുഭവിക്കുകയാണ്. ഈ പ്രദേശത്തെ ജനങ്ങൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരത്തെ ശ്രീചിത്രാമെഡിക്കൽ സെന്ററിന്റെ നിലവാരത്തിലുള്ള ആധുനികാ ചികിത്സാകേന്ദ്രം വയനാട് ജില്ലയിൽ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം സർക്കാർ ലഭ്യമാക്കുന്നതാണ്. ഇതിലേയ്ക്കായി 2 കോടി രൂപ വകയിരുത്തുന്നു.

### *പുതിയ നാല് മെഡിക്കൽ കോളേജുകൾ*

94. കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ പുതിയ മെഡിക്കൽകോളേജുകൾ ഈ വർഷം സ്ഥാപിക്കുന്നതാണ്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

## സാമൂഹ്യക്ഷേമം

***തൊഴിലാളിക്ഷേമ പെൻഷനുകളും സാമൂഹ്യ സുരക്ഷാ പെൻഷനുകളും വർദ്ധിപ്പിക്കുന്നു.***

95. കാർഷികത്തൊഴിലാളികൾക്ക് ഇന്ത്യയിൽ ആദ്യമായി പെൻഷൻ ഏർപ്പെടുത്തിയത് 1980-81 ൽ ഞാൻ കേരള നിയമസഭയിൽ അവതരിപ്പിച്ച ബജറ്റിലൂടെയായിരുന്നു. പ്രതിമാസം 25 രൂപ നിരക്കിൽ തുടങ്ങിയ പ്രസ്തുത പെൻഷൻ നിരക്ക് കാലക്രമേണ വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ജീവിതച്ചെലവുകൾ ദുർവഹമായ നിലയിൽ ഉയർന്നിരിക്കുന്ന സാഹചര്യം കണക്കിലെടുക്കുമ്പോൾ ഇത് വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്ന് ഞാൻ കരുതുന്നു. മുൻ ഇടതുപക്ഷ സർക്കാരിന്റെ അവസാനഘട്ടത്തിൽ കർഷകത്തൊഴിലാളി പെൻഷൻ 300 ൽ നിന്നും 400 ആയി വർദ്ധിപ്പിക്കാൻ പ്രഖ്യാപനമുണ്ടായിരുന്നെങ്കിലും ആവശ്യമായ തുക വകയിരുത്തുകയോ ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്തില്ല. ഈ പശ്ചാത്തലത്തിൽ കർഷകത്തൊഴിലാളി പെൻഷൻ 300 ൽ നിന്നും പ്രതിമാസം 400 രൂപ നിരക്കിലേയ്ക്ക് വർദ്ധിപ്പിക്കുന്നു. ഇതിനനുസൃതമായി എല്ലാ വിഭാഗം തൊഴിലാളി ക്ഷേമ പെൻഷനുകളും മറ്റു സാമൂഹ്യ സുരക്ഷാ പെൻഷനുകളും 400 രൂപയായി വർദ്ധിപ്പിക്കുന്നു.

96. എൻഡോസൾഫാൻ രോഗബാധിതരെ സഹായിക്കുന്നതിന് ഒരു പ്രത്യേക പാക്കേജ് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ആവിഷ്കരിക്കുന്നതാണ്. ഈ രോഗംമൂലം മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം വിതരണം ചെയ്തു കഴിഞ്ഞു. രോഗംമൂലം കഷ്ടപ്പെടുന്നവരുടെ വിദഗ്ധ ചികിത്സയ്ക്കും സംരക്ഷണത്തിനും ഉതകുന്ന ഒരു പാക്കേജാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

97. സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അർഹരായ എല്ലാ അനാഥാലയങ്ങൾക്കും ധനസഹായം അനുവദിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നതാണ്.

## തൊഴിലവസരങ്ങൾ

### *കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ*

98. കേരളത്തിൽ തൊഴിലില്ലായ്മ പ്രശ്നം ഏറ്റവും രൂക്ഷമാണ്. ഇന്ത്യയിലെ തൊഴിലില്ലാത്തവരിൽ 10 ശതമാനം പേർ കേരളത്തിലാണെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. തൊഴിലില്ലാത്ത അഭ്യസ്തവിദ്യരാണ് ഇതിൽ ഏറ്റവും കൂടുതൽ. ഇവരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കുകയാണ് ഏറ്റവും അടിയന്തിരമായ ആവശ്യം. അതിലേയ്ക്ക് 500 കോടി രൂപ മുതൽ മുടക്കിൽ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ബൃഹത്തായ തൊഴിൽദാന പരിപാടിയായ 'കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ' ഞാൻ ഈ സഭയുടെ മുൻപാകെ അവതരിപ്പിക്കുന്നു.

99. പൊതുമേഖല, സ്വകാര്യമേഖല, പഞ്ചായത്തുകൾ എന്നിവയുടെ സംയുക്ത പങ്കാളിത്തത്തോടെ (P-P-P-P Model) ആയിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷന് രൂപം കൊടുക്കും. കേരള ഫിനാൻഷ്യൽ കോർപ്പറേഷനായിരിക്കും ഇതിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുക.

100. നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, എന്റർപ്രിണേറിയൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള പരിശീലന പരിപാടികളിലൂടെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ മികച്ച സംരംഭകരാകാൻ പ്രാപ്തരാക്കും.

101. കേരളത്തിലെ ഓരോ പഞ്ചായത്ത് /മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്തുനിന്നും 50 യുവാക്കളെ വീതം തെരഞ്ഞെടുത്ത് അൻപതിനായിരത്തോളം പേർക്ക് പരിശീലനം നൽകി അവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതുമാണ്. അപ്രകാരം ലിസ്റ്റിൽ ഉൾപ്പെടുന്നതും പരിശീലനം ലഭിച്ചവരുമായ അഞ്ചിൽ കുറയാത്ത അംഗങ്ങൾ ചേർന്ന് പതിനായിരത്തോളം ചെറുകിട-മൈക്രോ വ്യവസായ സംരംഭങ്ങൾക്ക് രൂപം നൽകും.

102. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന വ്യാവസായിക യൂണിറ്റുകൾക്ക് പ്രോജക്ട് കോസ്റ്റിന്റെ തൊണ്ണൂറ് ശതമാനം തുക പലിശ രഹിത വായ്പയായി കെ.എഫ്.സി. നൽകുന്നതാണ്. ഇതിൻപ്രകാരം യുവസംരംഭകരുടെ വ്യാവസായിക സംഘങ്ങൾക്ക് 20 ലക്ഷം രൂപയുടെയും സംഘാംഗങ്ങളല്ലാത്ത ടെക്നോക്രാറ്റുകളായ വ്യക്തികൾക്ക് 10 ലക്ഷം രൂപവരെയും വായ്പ നൽകുന്നതാണ്. ഇതിനുപുറമെ ഒരോ സംഘത്തിനും മുടക്കുമുതലിന്റെ 1 ശതമാനം ആദ്യത്തെ മൂന്നു വർഷം മാനേജീരിയൽ സബ്സിഡിയായി സർക്കാർ നൽകുന്നതാണ്. വായ്പ തിരിച്ചടവ് തീയതിയിൽ കൃത്യമായിതിരിച്ചടയ്ക്കുന്നവർക്കുമാത്രമായിരിക്കും ഈ ആനുകൂല്യത്തിന് അർഹത.

103. ഈ പദ്ധതിയിൻപ്രകാരം അൻപതിനായിരം സംരംഭകർക്ക് പുറമെ ഒരു യൂണിറ്റിൽ കുറഞ്ഞത് അഞ്ചുപേർക്കെങ്കിലും ജോലി ലഭിക്കും എന്ന കണക്കിൽ അൻപതിനായിരം ജോലിക്കാർക്കും അൻപതിനായിരം സംരംഭകർക്കും ഉൾപ്പെടെ ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭിക്കും. 2000 കോടിയോളം രൂപയുടെ അടങ്കലുള്ള ഒരു ബൃഹത്തായ പദ്ധതിയാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. കെ. എഫ്.സി.യുടെ വായ്പാ സ്കീമിൽപ്പെടുത്തി നടത്തുന്ന ഈ പദ്ധതിയിലെ പലിശസബ്സിഡി ചെലവിലേയ്ക്ക് ഈ വർഷത്തേയ്ക്ക് 25 കോടി രൂപ വകയിരുത്തുന്നു.

## മാലിന്യനിവാരണം

### *മാലിന്യമുക്ത കേരള പദ്ധതി*

104. ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഇന്നൊരു മാലിന്യ കൂമ്പാരമായി മാറിയിട്ടുണ്ട്. സംസ്ഥാനത്ത് മാരകമായ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നതിന്റെയും ആവാസ വ്യവസ്ഥയും പരിസ്ഥിതിയും തകിടം മറിയുന്നതിന്റെയും മുഖ്യ കാരണം ഇതാണ്. ഏറ്റവും അടിയന്തിരമായി പരിഹരിക്കേണ്ട പ്രശ്നമായാണ് സർക്കാർ ഇതിനെ കാണുന്നത്. നമ്മുടെ നിലനിൽപ്പിന്റെയും വികസനത്തിന്റെയും മാത്രമല്ല അന്തസിന്റെയും പ്രശ്നമാണിത്. കേരളത്തെ മാലിന്യമുക്തമാക്കുക എന്നതു മാത്രമാണ് ഇതിനുള്ള പോംവഴി. സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും സന്നദ്ധ

സംഘടനകളും പൊതുജനങ്ങളും ദൃഢനിശ്ചയത്തോടെ ഭഗീരഥ പ്രയത്നം ചെയ്താലേ മഹത്തായ ഈ ലക്ഷ്യം നേടാൻ കഴിയൂ. ഇതിനുവേണ്ടി ''മാലിന്യമുക്ത കേരളം'' എന്ന പദ്ധതി ഞാൻ അവതരിപ്പിക്കുന്നു.

105. ജൈവ മാലിന്യങ്ങൾ കഴിവതും അതിന്റെ ഉറവിടങ്ങളിൽ തന്നെ സംസ്കരിച്ച് ഒന്നാംതരം വളമാക്കി അവിടങ്ങളിൽ തന്നെ പച്ചക്കറി-പഴവർഗ്ഗ കൃഷികൾക്കുവേണ്ടി ഉപയോഗിക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കും. ഇതിന് കഴിയാത്ത സ്ഥലങ്ങളിൽ നിന്നും മാലിന്യങ്ങൾ സംഭരിച്ച് ബയോഗ്യാസും ജൈവവളവും നിർമ്മിക്കാൻ പഞ്ചായത്ത് തലത്തിലും, അജൈവ വസ്തുക്കൾ റീസൈക്കിൾ ചെയ്ത് മൂല്യവർദ്ധിത വസ്തുക്കളാക്കാൻ ബ്ലോക്കുപഞ്ചായത്ത് തലത്തിലും പ്ലാന്റുകൾ സ്ഥാപിക്കും. ജില്ലാതലത്തിലാകട്ടെ മാലിന്യങ്ങളിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള പ്ലാന്റുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

106. ഈ പദ്ധതിക്കായി ദേശീയതലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ സഹായവും ജനങ്ങളുടെ അകമഴിഞ്ഞ പിന്തുണയും സഹകരണവും തേടുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയടങ്കലിന്റെ 50 ശതമാനം സർക്കാർ വഹിക്കുന്നതും ബാക്കി ഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനം കണ്ടെത്തുന്നതുമാണ്. ഇതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി ഈ വർഷം 10 കോടി രൂപ വകയിരുത്തുന്നു.

## സാംസ്കാരികരംഗം

### *തിരുവിതാംകൂർ ഫോക്‌ലോർ ഗ്രാമം*

107. മദ്ധ്യതിരുവിതാംകൂറിൽ പ്രചാരത്തിലുള്ള പാരമ്പര്യ ജനകീയ കലാരൂപങ്ങളുടെ സംരക്ഷണത്തിനും പരിപോഷണത്തിനും വേണ്ടി മണിമലയാറിന്റെ തീരത്ത് വെള്ളാവൂർ പഞ്ചായത്തിലെ മുങ്ങാനിയിൽ തിരുവിതാംകൂർ ഫോക്‌ലോർ ഗ്രാമം എന്ന സ്ഥാപനം ആരംഭിക്കുന്നതാണ്. ഈ സംരംഭത്തിനു വേണ്ടി വെള്ളാവൂർ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ

മുങ്ങാനിയിലുള്ള ഒന്നര ഏക്കർ സ്ഥലവും കെട്ടിടവും സംസ്ഥാന സർക്കാരിനു കൈമാറുന്നതാണ്. ഈ സ്ഥാപനത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

## ഭരണരംഗം

### *പെർഫോമൻസ് മോണിട്ടറിംഗ് ഇവാലുവേഷൻ പദ്ധതി*

108. ഏതൊരു സമൂഹത്തിന്റെയും പുരോഗതി അവിടത്തെ ഭരണ സംവിധാനത്തിന്റെ കാര്യക്ഷമതയെ ആശ്രയിച്ചിരിക്കുന്നു. സംസ്ഥാനം ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നതും വിഭവ വിനിയോഗം നടത്തുന്നതും ഭരണ സംവിധാനത്തിനുവേണ്ടിയാണ്. ഈ സംവിധാനം ജനങ്ങൾക്ക് നൽകാൻ ബാദ്ധ്യസ്ഥമായ സേവനം സമയബന്ധിതമായി നൽകുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. അല്ലാത്ത പക്ഷം ഈ സംവിധാനത്തിന്റെ ലക്ഷ്യം തന്നെ അപ്രസക്തമാകും. സർക്കാരിന്റെ പ്രവർത്തന മണ്ഡലങ്ങളിലെല്ലാം 'പെർഫോമൻസ് മോണിട്ടറിംഗ് ഇവാലുവേഷൻ' സംവിധാനം ഏർപ്പെടുത്തും. ഇതിനായി എല്ലാ വകുപ്പുകളിലും അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും, ഉത്തരവാദിത്വങ്ങളും ചുമതലകളും വ്യക്തമാക്കുന്ന "റിസൾട്ട് ഫ്രെയിംവർക്ക് ഡോക്കുമെന്റ്" തയ്യാറാക്കുകയും അതിന്റെ വെളിച്ചത്തിൽ മാനദണ്ഡാധിഷ്ഠിതമായി ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തുകയും ചെയ്യും. ഇതിലേയ്ക്കായി 10 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

### *കേരള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്*

109. കേന്ദ്ര സർക്കാരിന്റെ പേഴ്സണൽ & ട്രെയിനിംഗ് വകുപ്പിന്റെ കീഴിലുള്ള സിവിൽ സർവ്വീസ് ഓഫീസേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ കേരള സിവിൽ സർവ്വീസസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണ്. പ്രസ്തുത സ്ഥാപനത്തിൽ ലൈബ്രറി, കമ്പ്യൂട്ടർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി 1 കോടി രൂപ വകയിരുത്തുന്നു.

110. ഇനി ഞാൻ മറ്റു പ്രധാനപ്പെട്ട പ്രവർത്തന മേഖലകളെപ്പറ്റി പരാമർശിക്കട്ടെ.

# III

## വിവിധ വകുപ്പുകൾ

### കൃഷിവകുപ്പ്

111. കാർഷികമേഖലയുടെ വികസനം കേരള സമ്പദ്ഘടനയുടെ അടിസ്ഥാനാവശ്യമാണ്. ആകെ തകർന്നു കിടക്കുന്ന കാർഷിക മേഖലയുടെ ഉന്നമനത്തിന് ഈ വർഷം സർക്കാർ അടിയന്തര പ്രാധാന്യം നൽകും.

1112. നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്ന "Paddy Mission" ന്റെ പ്രവർത്തനം തൃപ്തികരമല്ല. അടിയന്തരമായി ഉടച്ചുവാർത്ത് അതിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തും.

113. കർഷകർക്ക് സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ കാർഷിക നിരീക്ഷണ സമിതികൾ രൂപീകരിക്കുന്നതാണ്. യുവാക്കൾക്ക് കാർഷിക ചെറുകിട യന്ത്രങ്ങളുടെ ഉപയോഗം സംബന്ധിച്ചും പുതിയ കൃഷി സമ്പ്രദായങ്ങളെ സംബന്ധിച്ചും പരിശീലനം നൽകുന്നതിനായി കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിൽ ഒരു ദേശീയ ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതാണ്.

114. കുട്ടനാട് പാക്കേജിന് കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി കുട്ടനാട് കേന്ദ്രമായി ഒരു കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ ആരംഭിക്കുന്നതാണ്. ഈ പദ്ധതിയുടെ ഭാഗമായി കേന്ദ്രസഹായത്തോടെ നടപ്പാക്കി വരുന്ന വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കും.

115. വിലയിടിവ് മൂലം ദുരിതമനുഭവിക്കുന്ന കാസർഗോഡ് ജില്ലയിലെ കവുങ്ങ് കർഷകരെ സഹായിക്കാനായി പ്രത്യേക പാക്കേജ് നടപ്പാക്കും. കാസറഗോഡ് അടയ്ക്ക, കശുവണ്ടി പ്രോസസിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതാണ്. പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ കൃഷി ശാസ്ത്രത്തിൽ ഡിപ്ലോമാ കോഴ്സ് ആരംഭിക്കുന്നതാണ്.

*മൃഗസംരക്ഷണം*

116. ഭക്ഷ്യസുരക്ഷക്ക് വളരെ ആവശ്യമായ പാൽ, മുട്ട, മാംസം, എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കാൻ സത്വര നടപടി വേണ്ടിയിരിക്കുന്നു.

117. പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പാലിൽ നിന്നും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കി വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കും. അത്യുത്പാദന ശേഷിയുള്ള പശുക്കളുടെ പ്രജനനം വർദ്ധിപ്പിക്കുന്നതിനായി പദ്ധതി നടപ്പിലാക്കും.

118. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ നവീകരിക്കുവാനുള്ള പ്രത്യേക പദ്ധതി നടപ്പാക്കും. അത്യാധുനിക സൗകര്യമുള്ള സ്പെഷ്യാലിറ്റി മൃഗാശുപത്രികൾ സ്ഥാപിക്കുവാൻ നടപടി എടുക്കുന്നതാണ്.

119. കേന്ദ്ര സർക്കാർ സഹായത്തോടെ പത്തു കോടി രൂപയുടെ സംയോജിത കന്നുകാലി വികസന പദ്ധതി തിരഞ്ഞെടുക്കപ്പെട്ട 73 ഡയറി ബ്ലോക്കുകളിൽ നടപ്പാക്കുന്നതാണ്.

120. മുഴുവൻ കന്നുകാലികൾക്കും രോഗ പ്രതിരോധ കുത്തിവെയ്പുകൾ നൽകി കേരളത്തെ കാലിരോഗ നിയന്ത്രിതമാക്കും.

121. കുട്ടികൾക്ക് വളർത്തുമൃഗങ്ങളെ സംരക്ഷിക്കുന്നതിൽ താത്പര്യം ജനിപ്പിക്കുന്നതിനായി 'പാടത്തുനിന്ന് വിദ്യാലയങ്ങളിലേക്ക്' എന്ന പദ്ധതി ആരംഭിക്കും.

*മത്സ്യ ബന്ധനം*

122. സംസ്ഥാനത്തിന്റെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാർ ഫലപ്രദമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കും.

123. തീരപ്രദേശത്ത് സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ ത്വരിതഗതിയിൽ നടപ്പിലാക്കുന്നതാണ്.

124. താനൂരിൽ ഒരു മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം ആരംഭി ക്കുന്നതാണ്. താനൂരിൽ സ്ഥാപിക്കുന്ന മാതൃകാ മത്സ്യബന്ധന ഗ്രാമത്തിൽ മത്സ്യാധിഷ്ഠിത ഭക്ഷ്യ സംസ്കരണവുമായി ബന്ധപ്പെട്ട് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതാണ്.

## പൊതുവിദ്യാഭ്യാസം

125. കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത് മനുഷ്യ വിഭവ ശേഷിയാണ്. ഈ അമൂല്യ സമ്പത്ത് പരമാവധി പ്രയോജനപ്രദമാകണമെങ്കിൽ ഗുണപരമായും ഗണപരമായും വിദ്യാഭ്യാസ നിലവാരം ഉയർന്നേ മതിയാവൂ. അതിനുള്ള പരിപാ ടികളാണ് ഈ സർക്കാർ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്.

126. എട്ടാം ക്ലാസ് വരെ ഇപ്പോൾ നിലവിലുള്ള ഉച്ചഭക്ഷണ പരിപാടി 9, 10 ക്ലാസുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. ഇതിലേയ്ക്കായി 5 കോടി രൂപ വക യിരുത്തുന്നു.

127. സംസ്ഥാനത്തെ സ്കൂളുകളിൽ 6 മുതൽ 14 വയസുവരെ പ്രായമുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ആയ തിന് പെൺകുട്ടികൾക്കും, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും വേണ്ട ചെലവ് എസ്.എസ്.എ.യിൽ നിന്നും മറ്റുള്ള ആൺകുട്ടികൾക്കുള്ള ചെലവ് സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും വഹിക്കുന്നതാണ്.

128. വെങ്ങാനൂർ അയ്യൻകാളി സ്മാരക സ്കൂളിന്റെ വികസന പദ്ധതിക്ക് 1 കോടി രൂപ സാമ്പത്തിക സഹായം ഈ വർഷം തന്നെ ലഭ്യമാക്കുന്നതാണ്.

129. സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഇൻഷ്വറൻസ് പരി രക്ഷ ഉറപ്പാക്കുന്ന പദ്ധതി നടപ്പാക്കും. ഇതിലേയ്ക്കായി 1 കോടി രൂപ വകയിരു ത്തുന്നു.

130. കേരളത്തിലെ 14 ഗവണ്മെന്റ്/എയ്ഡഡ് അന്ധവിദ്യാലയങ്ങളിലെ കുട്ടികൾക്ക് അവരുടെ പഠനം കൂടുതൽ സുഗമമാക്കുന്നതിനായി എല്ലാ അന്ധവി ദ്യാലയങ്ങൾക്കും ബ്രെയ്ലി പ്രിന്റർ നൽകുന്നതാണ്.

*ഉന്നത വിദ്യാഭ്യാസം*

131. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്നീ സമുന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ ഈ സർക്കാർ സ്വീകരിക്കുന്നതാണ്.

132. സംസ്ഥാനത്ത് ഇംഗ്ലീഷിന്റെയും മറ്റ് വിദേശ ഭാഷകളുടെയും പഠനവും ഗവേഷണവും സംസാര ഭാഷാ പരിശീലനവും പ്രോൽസാഹിപ്പിക്കുന്നതിനായി ഒരു സെന്റർ സ്ഥാപിക്കുന്നതാണ്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ വകകൊള്ളിക്കുന്നു.

133. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് 5 പോളിടെക്നിക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണ്.

134. കേരള ചരിത്ര ഗവേഷണ കൗൺസിൽ മുസിരിസ് പൈതൃക പദ്ധതിയിലെ 'പട്ടണം' പ്രദേശത്ത് ദേശീയ-അന്തർദേശീയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ബഹുമുഖ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

135. മലയോര മേഖലയിലെ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലുള്ള, നടുവിൽ ടെക്നിക്കൽ ഹൈസ്ക്കൂൾ പോളിടെക്നിക്കായി ഉയർത്തുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

136. മൗലിക ഗവേഷണവും പ്രയുക്ത ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനോടനുബന്ധിച്ച് 'ട്രിവാൻഡ്രം എഞ്ചിനിയറിംഗ് സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്ക്' സ്ഥാപിക്കുന്നതാണ്. ഇതിനുവേണ്ടി 50 ലക്ഷം രൂപ വകയിരുത്തുന്നു. ഈ കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിനോടനുബന്ധിച്ച് ഒരു ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്ററും ആരംഭിക്കുന്നതാണ്.

*ഗവേഷണവും സാങ്കേതികവിദ്യ കൈമാറ്റവും*

137. കോഴിക്കോട് ഗവ. എഞ്ചിനീയറിംഗ് കോളേജിൽ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്. ഇതിന്റെ ഒന്നാംഘട്ട നിർമ്മാണത്തിനായി 1 കോടി രൂപ വകയിരുത്തുന്നു. സംസ്ഥാനത്തെ 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും 7 സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും 2011 മുതൽ 2015 വരെയുള്ള നാലു വർഷം കൊണ്ട് നടപ്പാക്കുന്ന 142 കോടി രൂപ പദ്ധതി അടങ്കൽ ഉള്ള ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ രണ്ടാംഘട്ടം നടപ്പാക്കുന്നതാണ്. 2011-12 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 12 കോടി രൂപ വകയിരുത്തുന്നു.

## ആരോഗ്യം

138. ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഓരോ ബ്ലോക്ക് പഞ്ചായത്തിലെയും ഒരു ആശുപത്രിയിലെങ്കിലും ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളോടുകൂടിയ ചികിത്സാ സംവിധാനം ലഭ്യമാക്കുന്നതാണ്.

139. എല്ലാ ജില്ലകളിലും ഡയാലിസിസ് സെന്റർ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

140. സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രികൾ ഇല്ലാത്ത എല്ലാ ജില്ലകളിലും അവ ആരംഭിക്കുന്നതാണ്. ആലപ്പുഴ, തൃശൂർ, കോട്ടയം മെഡിക്കൽകോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 43 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഒ. പി. ബ്ലോക്ക് പണിയുന്നതാണ്.

141. ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ ആയുർവേദ ഡ്രഗ്സ് കൺട്രോൾ യൂണിറ്റ് ശക്തിപ്പെടുത്തുന്നതാണ്.

142. കോഴിക്കോട് മെഡിക്കൽ കോളേജിൽ പാവപ്പെട്ട കാൻസർ രോഗികളുടെ ചികിൽസയ്ക്ക് വേണ്ടി ലീനിയർ ആക്സിലറേറ്റർ മെഷീൻ സ്ഥാപിക്കുന്നതിന് 2 കോടി രൂപ അനുവദിക്കുന്നു. ഇവിടെയുള്ള കൊബാൾട്ട് തെറാപ്പി യൂണിറ്റ് പ്രവർത്തന ക്ഷമമാക്കുന്നതാണ്.

143. കോട്ടയം മെഡിക്കൽകോളേജിൽ പുതിയ കാഷ്വാലിറ്റി ബ്ലോക്ക് നിർമ്മാണത്തിനായി 1 കോടി രൂപ വകയിരുത്തുന്നു. ഇവിടെയുള്ള കാർഡിയോ തെറാപ്പിക് ബ്ലോക്കിൽ ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് 1 കോടി രൂപ വകയിരുത്തുന്നു.

144. ആലപ്പുഴ മെഡിക്കൽകോളേജിൽ ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന്, കാൻസർ, പകർച്ചവ്യാധി ചികിത്സകൾ എന്നിവയ്ക്കുമായി 2 കോടി രൂപ അനുവദിക്കുന്നു.

145. പള്ളിപ്പാട് പഞ്ചായത്തിൽ നിലവിലുള്ള മിഡ്വൈഫറി സെന്റർ പി.എച്ച്. സെന്ററാക്കി ഉയർത്തുന്നതാണ്.

146. 4.5 കോടി രൂപയുടെ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്ന ഉഴവൂരിലെ കെ.ആർ. നാരായണൻ മെമ്മോറിയൽ ആശുപത്രി കെട്ടിടത്തിന്റെ പണികൾ ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്.

147. ആധുനിക ചികത്സാസൗകര്യങ്ങൾ പരമാവധി ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടി ചങ്ങനാശ്ശേരി, ഇരിങ്ങാലക്കുട എന്നിവിടങ്ങളിലെ താലൂക്കാശുപത്രികളെ ജനറൽ ആശുപത്രികളായി ഉയർത്തുന്നതാണ്. ഇതിലേയ്ക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

## <u>സാമൂഹ്യക്ഷേമ വകുപ്പ്</u>

148. സാമൂഹത്തിന്റെ കൂടുതൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ സ്ത്രീകൾ, കുട്ടികൾ, ശാരീരികവും മാനസികവുമായ വെല്ലുവിളിനേരിടുന്നവർ, വിധവകൾ, അനാഥർ, വൃദ്ധർ തുടങ്ങിയവർക്ക് വിവിധ പദ്ധതികളിലൂടെ ഈ സർക്കാർ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തും.

149. വയോജനങ്ങൾക്കായി എല്ലാ ജില്ലകളിലും ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിക്കുന്നതാണ്.

150. മാനസികാരോഗ ആശുപത്രി വിട്ടശേഷം പുനരധിവാസം ആവശ്യമു ള്ള രോഗികളെ ശുശ്രൂഷിക്കാൻ എല്ലാ ജില്ലകളിലും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കും.

151. എല്ലാ ജില്ലകളിലും വുമൻ ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കും.

152. ക്യാൻസർ സുരക്ഷാ പദ്ധതി ഊർജ്ജിതമാക്കുന്നതാണ്.

153. സാമൂഹ്യസുരക്ഷാ മിഷനിലൂടെ ആരോഗ്യ വകുപ്പുമായി ചേർന്ന് ഡയാലിസിസ്, കിഡ്നി-ട്രാൻസ്പ്ലാന്റേഷൻ, കൊച്ചുകുട്ടികളുടെ ജന്മനാ ഉള്ള ഹൃദ്രോഗങ്ങൾക്കുള്ള ശസ്ത്രക്രിയ എന്നിവയ്ക്ക് സഹായം ലഭ്യമാക്കും.

154. സൗജന്യ ഉച്ചഭക്ഷണ പദ്ധതിയായ 'വിശപ്പുരഹിത നഗരം' പദ്ധതി ഘട്ടം ഘട്ടമായി എല്ലാ നഗരങ്ങളിലും വ്യാപിപ്പിക്കും.

155. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന സ്ത്രീകൾമാത്രം ഉപയോഗിക്കാവുന്ന 200 ഇ-ടോയ്‌ലെറ്റുകൾ പുതുതായി സ്ഥാപി ക്കുന്നതാണ്.

156. വയനാടും, ഇടുക്കിയിലും പുതിയ മഹിളാ മന്ദിരങ്ങളും ഇടുക്കിയിൽ ഒബ്സർവേഷൻ ഹോമും ആരംഭിക്കുന്നതാണ്. കൗമാരക്കാരായ പെൺകുട്ടി കൾക്ക് ഹയർ സെക്കന്ററി സ്കൂളുകളിൽ കൗൺസലിംഗ്, എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നിവ തുടങ്ങാൻ സർക്കാർ നടപടി സ്വീകരി ക്കുന്നതാണ്.

157. ട്രൈബൽ കോളനികളിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന ''അന്ന ദായിനി പദ്ധതി'' സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്നതാണ്.

158. വനിതകൾക്ക് എതിരെ ഉണ്ടാകുന്ന ആക്രമണങ്ങൾ തടയുന്നതിന് വ്യാപകമായ ബോധവൽക്കരണ നടപടികൾ സ്വീകരിക്കുന്നതാണ്.

159. ഖാദി-ഹിന്ദി പെൻഷനുകൾ പ്രതിമാസം 2000 രൂപയായി വർദ്ധപ്പിച്ചു നൽകുന്നതാണ്.

160. രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത സേനാനികളുടെ പ്രതി മാസ പെൻഷൻ 600 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

## വ്യവസായം

161. വ്യവസായ രംഗത്ത് ഒരു ആധുനിക സമീപനമാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. ഈ നയം, കേരളം ഈ രംഗത്ത് ഇതുവരെ നേടിയ വിജയങ്ങ ളുടെ ഒരു തുടർച്ച കൂടിയായിരിക്കും.

162. കേരളം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാണെന്ന് ലോകത്തിനു മുന്നിൽ വിളംബരം ചെയ്യുവാൻ സാധിച്ചത് സർക്കാരിന്റെ ചരിത്ര നേട്ടമാണെന്ന് പറയാവുന്നത്, 'ജിമ്മി'ൽ (ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്) കൂടിയാണ്. അന്നു പ്രഖ്യാപിച്ച വൻ പദ്ധതികളിൽ ഒന്നാണ് സ്മാർട്ട് സിറ്റി. അന്നത്തെ പ്രതിപക്ഷം സഹകരിച്ചിരുന്നെങ്കിൽ ഇനിയും പല വൻ പദ്ധതികൾ ഇതിനകം തന്നെ കേരള ത്തിൽ പ്രവർത്തനം ആരംഭിച്ചേനെ. ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള നിക്ഷേ പകരെ വീണ്ടും ആകർഷിക്കുന്നതിലേയ്ക്കായി 'എമർജിംഗ്' കേരള എന്ന നിക്ഷേപക സംഗമം നടത്തും.

163. ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയും കൂടി കണക്കിലെടുത്തുകൊണ്ട് അതിന് അനുസൃതമായ ഒരു നയമാ യിരിക്കും ഈ സർക്കാരിന്റേത്. നിക്ഷേപത്തിലൂടെ മാത്രമേ സാമ്പത്തിക വളർച്ച നേടാനാകൂ. കേരളത്തിന്റെ നിക്ഷേപ സൗഹൃദ അന്തരീക്ഷം മുതലെടുത്തു കൊണ്ട് ഒരു കേരള ബ്രാൻഡ് വളർത്തിക്കൊണ്ടുവരും. മുഖ്യമന്ത്രിയുടെ നേതൃ ത്വത്തിൽ കേരളത്തിനകത്തും പുറത്തും ശക്തമായ പ്രചരണ പരിപാടികളും അതിന് ആവശ്യമായ നയങ്ങളും ഭരണ നടപടികളുമായി നിക്ഷേപ രംഗത്ത് ഒരു വൻ ചലനം സൃഷ്ടിക്കുവാൻ ഈ സർക്കാർ തയ്യാറാവുകയാണ്. കേരള സമൂഹ ത്തിന്റെ മൊത്തമായ പിന്തുണ ഈ വൻപരിപാടിക്ക് ഞാൻ അഭ്യർത്ഥിക്കുന്നു.

164. നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമായ വ്യവസായങ്ങൾ മാത്രമേ നാം പ്രോത്സാഹിപ്പിക്കാവൂ. അതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ കിൻഫ്ര, കെ.എസ്.ഐ.ഡി.സി., ഇൻകെൽ എന്നീ സ്ഥാപനങ്ങൾ മുഖേന കേരളത്തിൽ സജ്ജീകരിക്കുന്നതാണ്. കോയമ്പത്തൂർ-കൊച്ചി ഫ്രൈറ്റ് കൊറിഡോർ ഇത്തരുണത്തിൽ പ്രസക്തമാണ്.

165. പൊതുമേഖല കേരള ജനങ്ങളുടെ ഒരു ദൗർബല്യമാണ് എന്നുവേണമെങ്കിൽ പറയാം. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ചു കൂടുതൽ സംയുക്ത സംരംഭങ്ങൾ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കും. ഉടൻതന്നെ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതാണ്.

166. പരമ്പരാഗത വ്യവസായങ്ങൾ നമ്മുടെ സമൂഹത്തിന്റെ സംസ്കാരത്തിന്റെ ഭാഗമാണ്. ഇവയെ സംരക്ഷിക്കുന്നതിനും സാമൂഹ്യ വീക്ഷണത്തോടുകൂടി പരിപോഷിപ്പിക്കുന്നതിനും മുൻഗണന നൽകും.

167. അനേകായിരങ്ങൾ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന രംഗമാണ് ചെറുകിട വ്യവസായരംഗം. കേന്ദ്ര സർക്കാരിന്റെ മൈക്രോ, സ്മാൾ, മീഡിയം എന്റർപ്രൈസസ് പോളിസി വിഭാവനം ചെയ്യുന്ന എല്ലാ സംരക്ഷണവും പിന്തുണയും ഈ സർക്കാർ നൽകുന്നതാണ്.

168. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് കേരളത്തിൽ മുതൽ മുടക്കുവാൻ മടിക്കുന്നവർ ഒരു കാരണമായി പറയുന്നത്. പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതിപോലുള്ള ആശയങ്ങൾ ഈ രംഗത്തു നടപ്പിൽ വരുത്തും.

169. പഠനം പൂർത്തിയാക്കിയ ഉടൻ തൊഴിൽ അന്വേഷിക്കുക എന്നതാണ് ശരാശരി മലയാളിയുടെ രീതി. അതിൽ ഒരു മാറ്റം വരുത്തേണ്ട സമയമായിരിക്കുന്നു. തൊഴിൽ തേടുന്ന സംസ്കാരത്തിന് വിപരീതമായി തൊഴിൽ നൽകുന്ന സംരംഭകരുടെ താവളമായി കേരളത്തെ മാറ്റുക എന്നതാണ് ഈ സർക്കാരിന്റെ ദീർഘവീക്ഷണം. നമ്മുടെ പരിമിതികളെല്ലാം യാഥാർത്ഥ്യ ബോധത്തോടെ അംഗീകരിക്കുമ്പോൾ ഒന്നോ രണ്ടോ അല്ലെങ്കിൽ പത്തോ ഇരുപതോ കൂറ്റൻ വ്യവസായ ശാലകളല്ല, അനേകായിരം ചെറുകിട സംരംഭങ്ങളാണ് കേരളത്തിൽ അനുയോജ്യം എന്നുമനസിലാകും. ഐ.ടി., ടൂറിസം, വാണിജ്യം, സേവനം, ആരോഗ്യം എന്നീ മേഖലകളിൽ ഒരു കുതിച്ചുചാട്ടത്തിനുള്ള വക്കിലാണ് കേരളം

നിൽക്കുന്നത്. ഈ രംഗത്തുപ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നേരിടുന്ന എല്ലാ ത്തരം വിവേചനങ്ങളും ഈ സർക്കാർ മാറ്റുന്നതാണ്.

170. സ്മാർട്ട് സിറ്റിയുടെ തിരിച്ചുവരവിലൂടെ ഐ.ടി. രംഗത്ത് ഒരു അദ്ധ്യായം ആരംഭിക്കുകയാണ്. സ്മാർട്ട് സിറ്റിയിലും സർക്കാരിന്റെ ഐ.ടി. പാർക്കുകളിലും കൂടുതൽ കമ്പനികളെ കൊണ്ടുവരുന്നതിന് സംയുക്തമായി പ്രചരണങ്ങൾ സംഘടിപ്പിക്കും. അതേപോലെ കേരളത്തെ ഇ-ഗവേണൻസ് രംഗത്തും ഇ-കൊമേഴ്സ് രംഗത്തും മുൻപന്തിയിലെത്തിക്കും.

171. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലാണ് ഐ. ടി. നിക്ഷേപത്തിന് ഉടനടി കൂടുതൽ സാദ്ധ്യത കാണുന്നത്. എന്നാൽ ക്രമേണ ഇത് കേരളത്തിലെ സാദ്ധ്യതയുള്ള മറ്റു ചെറു നഗരങ്ങളിലേയ്ക്കുകൂടി വ്യാപിപ്പി ക്കുന്നതാണ്. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ കൂടി ഐ.ടി. പാർക്കുകൾ ആരംഭിക്കുന്നതാണ്.

172. യശഃശരീരനായ മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ സ്മര ണാർത്ഥം അദ്ദേഹം മാളയിൽ സ്ഥാപിച്ച സഹകരണ സ്പിന്നിംഗ് മിൽ നവീകരി ക്കുന്നതിനും വിപുലീകരിക്കുന്നതിനും സഹായധനമായി 2 കോടി രൂപ അനുവദി ക്കുന്നതാണ്. പ്രസ്തുത സ്പിന്നിംഗ് മില്ലിനെ 'കെ.കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്' എന്ന് പുനർനാമകരണം ചെയ്യുന്നതാണ്.

173. കോട്ടയം ഇന്റഗ്രേറ്റഡ് പവർലൂം മിൽ ആധുനികവൽക്കരിക്കുന്നതി നായി 22 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കുവാൻ ഗവൺമെന്റ് തീരുമാനി ച്ചിരിക്കുന്നു. ഇതിന്റെ ഒന്നാം ഘട്ടമായി 2 കോടി രൂപ വകയിരുത്തുന്നു.

***ഇൻകൽ***

174. വ്യാവസായിക പ്രവർത്തനങ്ങൾ വളർത്തുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനായി കൂടുതൽ വ്യവസായിക പാർക്കുകൾ സ്ഥാപി ക്കുകയും ഇതിന് ആവശ്യമായ സഹായം നൽകുകയും ചെയ്യും.

## പരമ്പരാഗത വ്യവസായം

### *കയർ*

175. നമ്മുടെ പരമ്പരാഗത വ്യവസായങ്ങളിൽ എറ്റവും പ്രധാനപ്പെട്ട ഒന്നാണ് കയർ വ്യവസായം. ചകിരി ക്ഷാമം, വിലയുടെ അസ്ഥിരത, വിപണന സംവിധാനങ്ങളുടെ അപര്യാപ്തത, ആധുനികവത്കരണത്തിന്റെ അഭാവം തുടങ്ങിയ കാരണങ്ങളാൽ ഈ വ്യവസായവും അതിലെ തൊഴിലാളികളും പ്രതിസന്ധിയിലാണ്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഈ സർക്കാർ പരമാവധി ശ്രമിക്കുന്നതാണ്.

176. സ്വദേശ വിദേശ ഉപഭോക്താക്കളെ ആകർഷിച്ച് വിപണനം മെച്ചപ്പെടുത്തുന്നതിലേക്ക് ഒരു കയർ ഗ്രാമം രൂപീകരിക്കുന്നതാണ്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

177. കയർമേഖലയിൽ ചകിരി ക്ഷാമം പരിഹരിക്കുന്നതിന് കയർഫെഡ് വാങ്ങി നൽകുന്ന ചകിരിക്ക് കൊടുക്കുന്ന സബ്സിഡിയും ഉൽപന്നമേഖലയിൽ കയർ കോർപ്പറേഷൻ മുഖാന്തിരം നടപ്പാക്കുന്ന ക്രയവില സ്ഥിരതാ പദ്ധതിക്ക് നൽകുന്ന ഫണ്ടും വർദ്ധിപ്പിച്ചുകൊടുക്കുന്നതാണ്.

## <u>പൊതുമരാമത്ത്</u>

178. എറണാകുളം ജില്ലയിലെ സീപോർട്ട്, എയർപോർട്ട് നാലുവരി റോഡ് പൂർത്തിയാക്കും. ഇതിലെ രണ്ടു പാലങ്ങൾക്കുവേണ്ടി 42 കോടി രൂപ നബാർഡിൽ നിന്ന് ലഭ്യമാക്കും. ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ മറ്റു ചെലവുകൾക്കായി 600 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കുവേണ്ടി 5 കോടി രൂപ വകയിരുത്തുന്നു.

### *മൊയ്തു പാലം*

179. 1931-ൽ ബ്രിട്ടീഷുകാർ പണികഴിപ്പിച്ചതും തലശ്ശേരിയെയും കണ്ണൂരിനെയും ബന്ധിപ്പിക്കുന്നതുമായ ധർമ്മടത്തെ മൊയ്തു പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു.

180. ശബരിമലയിലേക്കുള്ള പ്രധാന റോഡുകളുടെയും അനുബന്ധ റോഡുകളുടെയും അറ്റകുറ്റപ്പണികൾ മണ്ഡലകാലത്തിനുമുമ്പ് പൂർണമായും പൂർത്തിയാക്കും. ദീർഘകാലാടിസ്ഥാനത്തിൽ അന്താരാഷ്ട്ര നിലവാരത്തിൽ റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽപ്പെടുത്തി ഇവ പുതുക്കിപ്പണിയുന്നതാണ്.

181. ആലപ്പുഴ, കൊല്ലം ബൈപ്പാസുകൾ കഴിവതും വേഗം പൂർത്തിയാക്കുന്നതിന് നടപടി കൈക്കൊള്ളും.

182. കോട്ടയം ടി.ബി ജംഗ്ഷൻ-കോടിമത-നാട്ടകം റോഡ് ടി.ബി. ജംഗ്ഷൻ മുതൽ നാട്ടകം വരെയുള്ള എം.സി റോഡ് ഭാഗവും മണിപ്പുഴ മുതൽ ദിവാൻ ജംഗ്ഷൻ വരെയുള്ള ഭാഗവും നാലുവരിപ്പാതയാക്കുന്നതാണ്. കോട്ടയം ബൈപാസിന്റെ ഭാഗമായി മണർകാട്-ഏറ്റുമാനൂർ റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിനായി 2 കോടി രൂപ വകയിരുത്തുന്നു. ചിങ്ങവനം-കൊല്ലാട്-കഞ്ഞിക്കുഴി ബൈപ്പാസ് റോഡിന്റെ പുനരുദ്ധാരണത്തിന് ഒരു കോടി രൂപ വകയിരുത്തുന്നു.

183. പരിസ്ഥിതിക്ക് അനുയോജ്യമായ ഗ്രീൻ ബിൽഡിംഗ് പദ്ധതി നടപ്പാക്കും. ഈ പദ്ധതിക്ക് കേന്ദ്ര പാരമ്പര്യേതര ഊർജ്ജവകുപ്പിന്റെ ധനസഹായം പ്രതീക്ഷിക്കുന്നു. വെള്ളനാട്, കട്ടപ്പന എന്നിവിടങ്ങളിൽ മിനിസിവിൽസ്റ്റേഷനുകളുടെ പണി ആരംഭിക്കുന്നതാണ്.

184. സംസ്ഥാനത്തെ റോഡുകൾ ജ്യോമട്രിക്സ് കൂടി പരിഗണിച്ച് ശാസ്ത്രീയമായി പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും.

185. ടെൻഡർ നടപടികൾ ലഘൂകരിക്കുന്നതിനും സുതാര്യമാക്കുന്നതിനും ഇ-ടെണ്ടറിംഗ് നടപ്പിലാക്കും. കൂടുതൽ സുതാര്യത ഉറപ്പാക്കുന്നതിന് പി.ഡബ്ല്യു.ഡി വർക്കുകളുടെ വിശദാംശങ്ങൾ നിർബന്ധമായും വെബ്സൈറ്റിൽ ഉൾക്കൊള്ളിക്കുന്നതാണ്.

## ശുദ്ധജലവിതരണം

186. ജനങ്ങളുടെ ജീവസന്ധാരണത്തിനും, ഉൽപാദനമേഖലയുടെ വികസനത്തിനും ആവശ്യമായ ജലവിതരണശൃംഖല ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ മുൻഗണന നല്കുന്നതാണ്.

187. തിരുവനന്തപുരം നഗരത്തിലെയും സമീപപ്രദേശങ്ങളിലെയും കുടി വെള്ള വിതരണം സുഗമമാക്കുന്നതിന് പേപ്പാറ ഡാമിന്റെ റിസർവോയർ ലവൽ ഇപ്പോഴുള്ള 104.5 മീറ്ററിൽ നിന്ന് ആറു മീറ്റർകൂടി ഉയർത്തുന്നതാണ്. ഇതിലേക്കാ വശ്യമായ കേന്ദ്രാനുമതി താമസിയാതെ ലഭിക്കുന്നതാണ്.

188. തിരുവനന്തപുരം സിറ്റിയിലും സമീപ പ്രദേശങ്ങളിലും അടിക്കടി ഉണ്ടാകുന്ന പൈപ്പ് പൊട്ടൽ പ്രശ്നം പരിഹരിക്കുന്നതിന് പഴയ പൈപ്പുകൾ മാറ്റി പകരം ഡി.ഐ. (ഡക്റ്റയിൽ അയൺ) പൈപ്പുകൾ ഇടുന്നതാണ്. സംസ്ഥാ നത്തിന്റെ വിവിധ വാട്ടർ സപ്ലൈ സ്കീമുകളിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന തിലേക്ക് 65 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

189. കോട്ടയത്ത് വഴിപ്പറമ്പ് മാതൃമല കുടിവെള്ള പദ്ധതി പ്രദേശത്ത് പൈപ്പ് പൊട്ടൽ പ്രശ്നം പരിഹരിക്കുന്നതിന് പഴയ പൈപ്പുകൾ മാറ്റി പകരം ഡി.ഐ. (ഡക്റ്റയിൽ അയൺ) പൈപ്പുകൾ ഇടുന്നതിലേയ്ക്കായി 33 ലക്ഷം രൂപ വകയിരുത്തുന്നു. ഗ്രാമീണ ജലവിതരണ പദ്ധതി ലക്കട്ടൂരിലേയ്ക്ക് വ്യാപിപ്പിക്കു ന്നതിന് 26 ലക്ഷം രൂപ വകയിരുത്തുന്നു.

190. മലപ്പുറം ജില്ലയിലെ വേങ്ങരയിലെയും സമീപ പഞ്ചായത്തുകളി ലെയും കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ഒരു ശുദ്ധജല പദ്ധതി ആരംഭിക്കുന്ന തിന് 1 കോടി രൂപ വകയിരുത്തുന്നു.

191. പ്ലാസ്റ്റിക്ക് കുപ്പികൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നം പരിഹരി ക്കാൻ ടെട്രാ പാക്കുകളിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതാണ്. ഇതി ലേക്ക് അരുവിക്കരയിലും തൊടുപുഴയിലും കോഴിക്കോട് ജില്ലയിലെ തുഷാരഗി രിയിലും ഓരോ പ്ലാന്റുകൾ ആരംഭിക്കും.

## ജലവിഭവം

### *ഡാമിലെ മണൽ ശേഖരണം*

192. ഡാമുകളിൽ നിന്ന് മണൽ വാരുന്നതിന് എന്റെ മുൻഗാമി പ്രഖ്യാപിച്ച പദ്ധതി വിജയത്തിലെത്തുകയുണ്ടായില്ല. ഈ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ യന്ത്രസഹായത്തോടുകൂടി ഡാമിൽ നിന്ന് വാരിയെടുക്കുന്ന മണലും ചെളിയും

വേർതിരിച്ചെടുത്ത് ആവശ്യമുള്ള ശുദ്ധമായ മണൽ ലഭ്യമാക്കുവാനും അതുവഴി വർദ്ധിച്ച വരുമാനം ഉറപ്പുവരുത്തുന്നതുമാണ്.

### *മുല്ലപ്പെരിയാർ പുതിയ അണക്കെട്ട്*

193. മുല്ലപ്പെരിയാർ കേരളത്തെ സംബന്ധിച്ചിടത്തോളം സുരക്ഷയുടെയും തമിഴ്നാടിനെ സംബന്ധിച്ചിടത്തോളം വെള്ളത്തിന്റെയും പ്രശ്നമാണ്. തമിഴ്നാടിന് വെള്ളവും കേരളത്തിന് സുരക്ഷിതത്വവും ഉറപ്പുവരുത്തണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നയം. സുപ്രീംകോടതിൽ നിന്നും നിശ്ചയിച്ചിട്ടുള്ള എംപവേർഡ് കമ്മിറ്റിയുടെ മുമ്പാകെ പുതിയ ഡാം കെട്ടുന്നതിന് തയ്യാറാക്കിയിട്ടുള്ള പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കും. അതനുസരിച്ച് നാലു കൊല്ലത്തിനുള്ളിൽ പുതിയ ഡാം നിർമ്മാണം പൂർത്തീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ഒരു പ്രത്യേക അതോറിറ്റിയെ നിയോഗിക്കും. ഇതിലേയ്ക്ക് ഈ വർഷത്തിന്റെ ചെലവിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### <u>ജലസേചനം</u>

194. മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതി പ്രദേശത്ത് കാഡാ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

195. കൊച്ചി കോർപറേഷൻ പരിധിയിൽപ്പെട്ട തേവര-പേരണ്ടൂർ കനാൽ, മുല്ലശ്ശേരി കനാൽ, മാർക്കറ്റ് കനാൽ, ഇടപ്പള്ളി-തൃപ്പൂണിത്തുറ കനാൽ എന്നിവയുടെയും കോഴിക്കോട് കോർപറേഷനിൽ കനോലി കനാലിന്റെയും പുനരുദ്ധാരണ നടപടി ത്വരിതപ്പെടുത്തുന്നതാണ്.

196. 1200 കോടി രൂപ ചെലവു വരുമെന്ന് കണക്കാക്കുന്നതും 250 പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ഫലപ്രദമാകുന്നതുമായ ലോക ബാങ്ക് സഹായത്തോടെയുള്ള ജലനിധി രണ്ടാംഘട്ട പ്രവർത്തനം നടപ്പുവർഷം തന്നെ ആരംഭിക്കുന്നതാണ്.

197. കുട്ടനാട് പാക്കേജ് പ്രകാരമുള്ള ബണ്ടുകൾ, പമ്പുതറ എന്നിവയുടെ നിർമ്മാണം, വാച്ചാലുകളുടെ പുനരുദ്ധാരണം തുടങ്ങിയ പണികൾക്ക് അടിയന്തിര പ്രാധാന്യം നൽകും. ഇതിലേക്ക് 2800 കോടി രൂപ കേന്ദ്രസഹായമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 200 കോടി രൂപ ഇതിലേയ്ക്കായി വകയിരുത്തുന്നു.

198. മഴവെള്ള സംഭരണത്തിനു വേണ്ടി ആവശ്യമായ സ്ഥലങ്ങളിൽ തടയണ നിർമ്മിക്കുന്നതാണ്.

199. തിരുവനന്തപുരം കാസർഗോഡ് ജലപാത ഗതാഗതയോഗ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കും.

200. കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ ഇടാനുള്ള ബൃഹത്തായ പദ്ധതി നടപ്പാക്കുന്നതാണ്. ഇതിലേക്ക് 12.50 കോടി രൂപ വകയിരുത്തുന്നു.

***മീനച്ചിൽ നദീതട പദ്ധതി***

201. മീനച്ചിൽ നദീതട പദ്ധതിയിൽപെട്ട തൊടുപുഴ താലൂക്കിലെ അറക്കുളത്ത് തടയണ കെട്ടി ഇടുക്കിയിൽ നിന്നും ഒഴുകിവരുന്ന വെള്ളം (tail raise water) തടഞ്ഞുനിർത്തി അവിടെനിന്നും തുരങ്കംവഴി മൂന്നിലവു പഞ്ചായത്തിലെ നരിമറ്റത്ത് എത്തിച്ച് മീനച്ചിലാറിന്റെ പോഷകനദിയായ കടപുഴ ആറ്റിലേയ്ക്ക് ഒഴുക്കിവിട്ട് മീനച്ചിലാറ്റിൽ ഒരു ഘന അടി വെള്ളമെങ്കിലും എല്ലാ കാലാവസ്ഥയിലും ലഭ്യമാക്കാൻ പര്യാപ്തമായ ഒരു പദ്ധതി ഞാൻ പ്രഖ്യാപിക്കുകയാണ്. ഇതിലൂടെ മീനച്ചിലാറിന്റെ ഇരുകരകളിലുമുള്ള പഞ്ചായത്ത്, മുൻസിപ്പൽ പ്രദേശങ്ങളിലെ ജല സ്രോതസ്സ് ശാക്തീകരിക്കാൻ കഴിയുന്ന ബൃഹത്തായ പദ്ധതിയാണ് മീനച്ചിൽ നദീതട പദ്ധതി. ലക്ഷക്കണക്കിന് ജനങ്ങൾക്ക് കുടിവെള്ളവും വിശാലമായ ഒരു പ്രദേശത്ത് ജലസേചന സൗകര്യത്തിലൂടെ വൻ കാർഷിക വികസനവും ഇതിലൂടെ സാദ്ധ്യമാകും. കൂടാതെ വേമ്പനാട്ടുകായലിൽ നിന്നും നദിയിലേക്ക് ഓരുവെള്ളം കയറുന്നത് തടയാനും ഈ പദ്ധതി സഹായകമാണ്. കുടിവെള്ള പദ്ധതി ഒന്നാം ഘട്ടമായും ജലസേചന പദ്ധതി രണ്ടാം ഘട്ടമായും നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയും 65 കോടി രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ ഇടതുപക്ഷ സർക്കാർ ഈ പദ്ധതി പൂർണ്ണമായും അവഗണിക്കുകയാണുണ്ടായത്. വളരെയേറെ പ്രയോജനപ്രദമായ ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം അടിയന്തിരമായി ആരംഭിക്കും. ഇതിനായി 25 കോടി രൂപ വകയിരുത്തുന്നു.

## സിവിൽ സപ്ലൈസ് വകുപ്പ്

202. ഭക്ഷ്യ കാര്യത്തിൽ കമ്മി സംസ്ഥാനമായ കേരളത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിൽ സർക്കാർ മുന്തിയ പരിഗണന നൽകുന്നു. നമ്മുടെ പൊതുവിതരണ സമ്പ്രദായം ശക്തവും വ്യാപ്തവും ഫലപ്രദവും ആക്കുന്നതാണ്.

203. 2011 സെപ്റ്റംബർ മുതൽ അർഹരായ എല്ലാ ബി.പി.എൽ കുടുംബ ങ്ങൾക്കും കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ ഭക്ഷ്യധാന്യം നൽകുന്നതാണ്. 20,56,487 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഇതിനായി നിലവിലു ളള ബജറ്റ് വിഹിതത്തിനു പുറമേ 200 കോടി രൂപ കൂടി വകയിരുത്തുന്നു.

204. സപ്ലൈകോ കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിന്റെ വിലയിൽ കുടി ശ്ശികയായ തുക ഉടനെ കൊടുത്തു തീർക്കുന്നതിനുവേണ്ടി നിലവിലുളള ബജറ്റ് വിഹിതത്തിനു പുറമേ 50 കോടി രൂപ അധികമായി വകയിരുത്തുന്നു.

205. തലശ്ശേരി, നിലമ്പൂർ, കൂത്താട്ടുകുളം, പാലാ, തിരുവല്ല, കൊല്ലം, കഴ ക്കൂട്ടം എന്നീ സ്ഥലങ്ങളിൽ അതിനൂതന വ്യാപാര സൗകര്യങ്ങളുളള ചില്ലറ വില്പന കേന്ദ്രങ്ങളായ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതാണ്.

206. സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൂടുതൽ ചില്ലറ വ്യാ പാര കേന്ദ്രങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതാണ്.

207. നിലവിലുളള 75 മാവേലി സ്റ്റോറുകളെ ആധുനിക സൗകര്യങ്ങളുളള സൂപ്പർമാർക്കറ്റുകളാക്കി മാറ്റുന്നതാണ്.

208. ദുർബ്ബല ജനവിഭാഗങ്ങളുടെ അധിവാസ കേന്ദ്രങ്ങളിൽ 10 മാവേലി സ്റ്റോറുകൾ പുതുതായി ആരംഭിക്കും. കൂടാതെ 10 സൂപ്പർ മാർക്കറ്റുകളെ ആധു നിക വ്യാപാര സൗകര്യങ്ങളോടുകൂടിയ പീപ്പിൾസ് ബസാറുകളാക്കി മാറ്റുന്നതാ ണ്.

209. റേഷൻ കടകൾ മുഖേന 13 അവശ്യ സാധനങ്ങൾകൂടി വിതരണം ചെയ്യുന്നതിനുളള ബൃഹത്തായ ഒരു പദ്ധതി സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.

354 കോടി രൂപ മുതൽമുടക്കു പ്രതീക്ഷിക്കുന്ന ഈ പദ്ധതി കേന്ദ്രാനുമതി കിട്ടുന്ന മുറയ്ക്ക് നടപ്പാക്കുന്നതാണ്.

## വനം-വന്യജീവി വകുപ്പ്

210. വനവും വന്യജീവികളും നമ്മുടെ ആവാസ വ്യവസ്ഥയുടെ അനിവാര്യഘടകങ്ങളാണ്. അതിനാൽ അവയെ സംരക്ഷിക്കുകയും ജനോപകാരപ്രദമാക്കി തീർക്കുകയും ചെയ്യുക എന്ന സമീപനമാണ് ഈ സർക്കാരിന് ഉള്ളത്. അതോടൊപ്പം വന്യ മൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്ന് കർഷകരേയും കാർഷിക വിളകളേയും പരിരക്ഷിക്കേണ്ട കടമയും സർക്കാരിനുണ്ട്.

211. ഇതോടൊപ്പം മൃഗങ്ങൾക്ക് കുടിവെള്ളവും തീറ്റയും ലഭ്യമാക്കാനായി ചതുപ്പു നിലങ്ങൾ വികസിപ്പിക്കുന്നതിനും അവയ്ക്ക് പ്രിയമുള്ള സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും വേണ്ട പദ്ധതികൾ നടപ്പാക്കും.

212. വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്നും ജനങ്ങൾക്ക് സംരക്ഷണം നൽകുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി സൗരോർജ്ജ കമ്പിവേലി സ്ഥാപിക്കുന്നതിനും കിടങ്ങുകൾ കുഴിക്കുന്നതിനും മതിലുകൾ കെട്ടുന്നതിനും കൃഷിക്കാർക്ക് സഹായധനം നൽകുന്നതാണ്. കൂടാതെ വന്യമൃഗങ്ങളുടെ പ്രവേശനം തടയാൻ കഴിവുള്ള മുൾച്ചെടികൾ അടങ്ങുന്ന ജൈവവേലി പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തുന്നു.

213. വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷി നാശം നേരിട്ട കർഷകർക്കും മരണം സംഭവിച്ചവരുടെ അവകാശികൾക്കും യഥാസമയം നഷ്ടപരിഹാരം നൽകുന്നതിനും ഈ ഇനത്തിൽ ഇപ്പോഴുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും വേണ്ടി വനം വകുപ്പിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള 80 ലക്ഷം രൂപയ്ക്കു പുറമേ ആവശ്യമായി വരുന്ന അധിക ഫണ്ട് ലഭ്യമാക്കുന്നതാണ്.

214. ഇക്കോ ടൂറിസം നടപ്പിലാക്കുന്ന വന പ്രദേശങ്ങളിലും, ശബരിമല, കുരിശ്ശുമുടി, മുതലായ തീർത്ഥാടന പ്രദേശങ്ങളിലും പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് വേണ്ടി പ്രത്യേക സംവിധാനങ്ങൾ, പങ്കാളിത്ത വനപരിപാലന പരിപാടി

കൾ വഴി ഏർപ്പെടുത്തും. നാട്ടാന പരിശീലനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി പാപ്പാൻമാർക്കും ആനകളുടെ ഉടമസ്ഥർക്കും പരിശീലനം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കും.

215. വന-സംരക്ഷണ-പരിപാലന പ്രവർത്തനങ്ങളിൽ വന സംരക്ഷണ സമിതികളുടെയും, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് നിലവിലുള്ള കൺവീനർ സമ്പ്രദായത്തിന് കാലോചിതമായ മാറ്റങ്ങൾ വരുത്തും.

216. വർദ്ധിച്ചുവരുന്ന ആഗോള താപനത്തിന്റെ ദൂഷ്യഫലങ്ങളെ ലഘൂകരിക്കുന്നതിനും പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അന്താരാഷ്ട്ര വന വർഷമായി ആചരിക്കുന്ന നടപ്പുവർഷം 60 ലക്ഷത്തോളം കൂടതൈകൾ പൊതുജനങ്ങൾക്ക് വിതരണം നടത്തുന്നതാണ്. സാമൂഹ്യ വനവത്കരണത്തിന്റെ ഈ വൃക്ഷത്തൈകൾ പൊതുജനപങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുന്നതാണ്.

217. ഉപയോഗയോഗ്യമായ തടിയുടെ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ മരം നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതി വനം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. ഇത് പ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, മറ്റു ഫലവൃക്ഷങ്ങൾ എന്നിവ സ്വകാര്യ ഭൂമികളിൽ വച്ചുപിടിപ്പിക്കുന്നതാണ്. ഈ പദ്ധതി 1600 ഹെക്ടറിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## റവന്യൂ

218. വിവിധ ആവശ്യങ്ങൾക്കായി ജനങ്ങൾ ഏറ്റവും കൂടുതൽ ബന്ധപ്പെടുന്ന വകുപ്പുകളിലൊന്നാണ് റവന്യൂ. ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും ജനങ്ങൾക്ക് കാലതാമസമില്ലാതെ മികച്ച സേവനം ലഭ്യമാക്കാനും ഗവൺമെന്റ് പ്രാധാന്യം നൽകും.

219. പ്രവർത്തന വേഗത, സുതാര്യത, കാര്യക്ഷമത എന്നിവ ഉറപ്പാക്കാനായി ഇ-ഗവേണൻസിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി താലൂക്ക് ഓഫീസ്തലം വരെ വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഏർപ്പെടുത്തും. എല്ലാ

പൊതു സ്ഥലങ്ങളുടെയും ഭൂസ്വത്തുക്കളുടെയും റീസർവ്വെ പൂർത്തിയാക്കുന്നതാണ്.

220. മൂന്നാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിയമം ലംഘിച്ച് അവിഹിത നേട്ടമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ പൊതു സ്ഥലങ്ങൾ കൈയേറുന്ന പ്രവണതയെ ശക്തമായി നേരിടുന്നതാണ്.

221. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും ജില്ലാ ആസ്ഥാനങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കും ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ സ്ഥലമെടുപ്പ് നടത്തും.

222. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ദുരന്ത നിവാരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കും. ദുരന്ത നിവാരണം സംബന്ധിച്ച് പൊതു ജനങ്ങളെ അവബോധം സൃഷ്ടിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

223. ഭൂരഹിതർക്ക് മിച്ചഭൂമി പതിച്ചു നൽകി പട്ടയം നൽകുന്ന നടപടി ത്വരിതപ്പെടുത്തും. വനാവകാശ നിയമം അനുസരിച്ച് അർഹരായ പട്ടികവർഗ കുടുംബങ്ങൾക്ക് അവകാശ രേഖകൾ നൽകും. നൂറുവർഷത്തിലേറെ പഴക്കമുള്ള പൈതൃക മന്ദിരങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും റവന്യൂ വകുപ്പിന്റെ കീഴിൽ വരുന്ന ഇത്തരം സ്ഥാപനങ്ങൾ നവീകരിച്ച് സംരക്ഷിക്കുകയും ചെയ്യും.

224. ഏതെങ്കിലും പൊതുപദ്ധതി നടപ്പാക്കാനായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് തക്കതായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കുന്നതാണ്.

### *ഇടുക്കിയിലെ കർഷകർക്ക് പട്ടയം*

225. പിറന്ന മണ്ണിൽ യാതൊരു അവകാശവുമില്ലാതെ അന്യരായി കഴിഞ്ഞു പോരുന്ന ആയിരക്കണക്കിന് കർഷകർ ഇടുക്കി ജില്ലയിലുണ്ട്. ഒരു വർഷത്തിനുള്ളിൽ അവർക്കെല്ലാം പട്ടയം നൽകുന്നതാണ്.

226. മൂന്നാറിൽ അനധികൃത കൈയേറ്റം നടത്തിയവരിൽനിന്ന് ഭൂമി മോചിപ്പിച്ച് ആ പ്രദേശത്തിന്റെ തനതു പരിസ്ഥിതിയും ജൈവവൈവിധ്യവും സംരക്ഷിക്കും.

## ഗതാഗതം

227. ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ മുന്തിയ പ്രാധാന്യം നൽകുന്നു. റോഡ്, ജല, റെയിൽ, വ്യോമ മേഖലകളിലെ മെച്ചപ്പെട്ട ഗതാഗത സൗകര്യം വികസനത്തിന്റെ അവിഭാജ്യ ഘടകമാണ്.

228. കെ.എസ്.ആർ.ടി.സി.ക്ക് പ്രതിമാസം 40 കോടിയോളം രൂപ എന്ന കണക്കിൽ ഏകദേശം 500 കോടി രൂപയുടെ പ്രവർത്തന നഷ്ടമാണുള്ളത്. ഈ സ്ഥാപനത്തിനെ മുന്നോട്ടുകൊണ്ടുപോകാൻ സർക്കാരിന്റെ ഉദാരമായ സഹായം ആവശ്യമുണ്ട്. ഈ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് സർക്കാർ 100 കോടി രൂപയുടെ അധിക സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്.

229. നടപ്പു സാമ്പത്തിക വർഷം ആയിരം പുതിയ ബസ്സുകൾ നിരത്തിൽ ഇറക്കുന്നതാണ്. ഇതിൽ 60 ശതമാനം ബസ്സുകൾ പുതിയ റൂട്ടുകളിൽ സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നു. 138 പുതിയ ലോഫ്ളോർ പ്രീമിയം ബസുകൾ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ നിരത്തിലിറക്കും.

230. നെയ്യാറ്റിൻകര, എറണാകുളം, കോഴിക്കോട് എന്നീ മേജർ ബസ് സ്റ്റേഷനുകളിൽ വനിതാ യാത്രക്കാരുടെ സുരക്ഷക്കായി ''സേഫ് വുമൺ സേഫ് ട്രാവൽ'' സംവിധാനം ഏർപ്പെടുത്തും. കണ്ണൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ആധുനിക ബസ് ടെർമിനലും, വ്യാപാര സമുച്ചയവും ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതാണ്.

231. എം. ഗവേണൻസ് പദ്ധതിയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസുകളിൽ ഗ്ളോബൽ പൊസിഷനിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതാണ്. തന്മൂലം യാത്രക്കാർക്ക് ബസ് സമയം മൊബൈൽ ഫോണിലൂടെ അറിയാൻ കഴിയും.

*റെയിൽവേ*

232. കേരളത്തിന്റെ റെയിൽവേ വികസനത്തിന് അനുപേക്ഷണീയമായ ഒരു ഘടകം പാളം സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുക എന്നുള്ളതാണ്. പൊന്നിൻ വില നടപടികൾ വേഗതയിലാക്കി ഭൂവില യഥാസമയം ലഭ്യമാക്കുന്നതിന് വേണ്ട എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

233. അങ്കമാലി-ശബരി റെയിൽ പാത നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിന്റെ പണികൾ എത്രയും വേഗം ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

*ജലഗതാഗതം*

234. ജലഗതാഗത വുകപ്പ് ഈ സാമ്പത്തിക വർഷം 7 പുതിയ സ്റ്റീൽ ബോട്ടുകൾ കൂടി വാങ്ങുന്നതാണ്. ഇതിലേയ്ക്കായി 9 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

235. ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ 50 ലക്ഷം രൂപ മുതൽ മുടക്കി ആധുനിക സ്ലിപ്പ് വേയുടെ നിർമ്മാണം പൂർത്തീകരിക്കും. എല്ലാ ബോട്ടു യാത്രക്കാർക്കും ക്രൂവിനും സമഗ്ര ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തും.

*മോട്ടോർ വാഹന വകുപ്പ്*

236. മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം നവീകരിച്ച് കാര്യക്ഷമവും സുതാര്യവുമാക്കും. ഇതിന്റെ ഭാഗമായി ഈ വകുപ്പിൽ സമ്പൂർണ്ണ ഇ-ഗവേർണൻസ് പദ്ധതി നടപ്പാക്കുന്നതാണ്. റോഡ് സുരക്ഷാ പരിപാലനത്തിന് എട്ടു ജില്ലകളിൽ റഡാർ സർവലൻസ് സംവിധാനം നടപ്പാക്കും. നടപ്പുസാമ്പത്തിക വർഷം കാസർകോട് പർളാ ചെക്ക്പോസ്റ്റിൽ ഒരു ഇലക്ട്രോണിക് വെയിംഗ് ബ്രിഡ്ജ് സ്ഥാപിക്കുന്നതാണ്. മോട്ടോർ വാഹന നികുതി, സെസ്, മറ്റു ഫീസുകൾ മുതലായവ അടയ്ക്കുന്നതിന് പൊതുജനങ്ങൾക്ക് ഇപ്പോൾ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ദൂരീകരിക്കാൻ ഇന്റർനെറ്റ് വഴിതന്നെ പ്രസ്തുത അടവുകൾ നടത്താൻ വകുപ്പിൽ ഇലക്ട്രോണിക് പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തും.

237. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സഹായത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ കെൽട്രോണിന്റെ സാങ്കേതിക നിയന്ത്രണത്തിൽ ട്രാഫിക് ജാഗ്രതാ നിയന്ത്രണ സംവിധാനം നടപ്പാക്കും.

238. ചേർത്തല-മണ്ണുത്തി ദേശീയ പാത ആധുനിക റോഡ് സുരക്ഷാ സംവിധാനം ഏർപ്പെടുത്തി മാതൃകാ റോഡായി പ്രഖ്യാപിക്കും. അപകട നിവാരണം ഉറപ്പാക്കുന്നതിനും മദ്യപിച്ച് വാഹനം ഓടിക്കുന്നത് കണ്ടെത്തുന്നതിനും ശാസ്ത്രീയ സംവിധാനം ഏർപ്പെടുത്തുവാൻ പൊതുമരാമത്ത്-പോലീസ് വിഭാഗങ്ങൾക്ക് റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്നും തുക അനുവദിക്കുന്നതാണ്.

## ദേവസ്വം

239. ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ വനഭൂമി ലഭിച്ചിട്ട് 5 വർഷങ്ങൾ കഴിഞ്ഞു. എന്നാൽ കാര്യമായ പ്രവർത്തനങ്ങൾ ഒന്നും നടപ്പിലായിട്ടില്ല. ശബരിമല വികസനത്തിന് ഈ സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു 'മാസ്റ്റർ പ്ലാൻ സെല്ലും', ദേവസ്വം വകുപ്പ് മന്ത്രി ചെയർമാനായി ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിയും രൂപീകരിക്കുന്നതാണ്. ഇതിലേയ്ക്കായി 15 കോടി രൂപ വകയിരുത്തുന്നു.

240. കഴിഞ്ഞ ശബരിമല സീസണിലുണ്ടായ പുല്ലുമേട് ദുരന്തം പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സേഫ്റ്റി മാനുവൽ തയ്യാറാക്കുന്നുണ്ട്. അതിലെ നിർദ്ദേശങ്ങൾ കർശനമായും നടപ്പിൽ വരുത്തുന്നതാണ്.

241. ശബരിമലയിലെത്തുന്ന തീർത്ഥാടകരിൽ നല്ല പങ്ക് തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക സംസ്ഥാനങ്ങളിൽ നിന്നുമാണ്. സുരക്ഷാ സംബന്ധമായ കാര്യങ്ങളും മറ്റും അവിടെ നിന്നും വരുന്ന തീർത്ഥാടകരുടെ ശ്രദ്ധയിൽപ്പെടുത്താനും ശബരിമലയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ അവരുടെ കൂടി സഹകരണം തേടാനുമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ദേവസ്വം മന്ത്രിമാരുടെ ഒരു കോൺഫറൻസ് ആഗസ്റ്റ് മാസത്തിൽ നടത്തുന്നതാണ്.

242. മലബാർ ദേവസ്വം ബോർഡുമായി ചേർന്ന് ക്ഷേത്രകലകൾ അഭ്യസിപ്പിക്കുന്നതിന് ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്.

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

243. സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിൽ കഴിയുന്ന ദുർബല ജനവിഭാഗങ്ങളാണ് പട്ടികജാതി പട്ടികവർഗങ്ങളിൽ ഉൾപ്പെടുന്നത്. അവരുടെ ക്ഷേമവും സുസ്ഥിതിയും ഈ സർക്കാർ ഉറപ്പുവരുത്തുന്നതാണ്.

244. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ ലൈബ്രറികളിൽ പുസ്തകങ്ങൾ വാങ്ങുന്നതിലേയ്ക്ക് 50 ലക്ഷം രൂപ വകയിരുത്തുന്നു.

245. മിടുക്കരായ പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ഉറപ്പാക്കുന്നതിലേയ്ക്കായി ഈ വർഷം 10-ാം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും 'എ', 'എ+', ഗ്രേഡുകൾ ലഭിച്ച വിദ്യാർത്ഥികൾക്ക് സൗജന്യമായി എൻട്രൻസ് കോച്ചിംഗ് നൽകി 2013-14 ലെ പ്രവേശന പരീക്ഷയ്ക്ക് സജ്ജമാക്കുന്നതാണ്.

246. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ വായ്പാ പരിധി ഉയർത്തുന്നതാണ്.

247. പ്രാകൃത ഗോത്രവർഗ്ഗക്കാരുടെ ഉപജീവനരക്ഷ നടപ്പാക്കുന്നതിനുള്ള സംയോജിത വികസനം ആണ് പട്ടികവർഗ്ഗ വികസന മേഖലയിൽ ഈ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. എല്ലാ ആദിവാസി കോളനികളെയും സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിനും പര്യാപ്തമായ സാമൂഹ്യ സാമ്പത്തിക വികസന പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്.

248. കടക്കെണിയിൽപ്പെട്ട് ഉഴലുന്ന ആദിവാസികളെ സഹായിക്കുന്നതിനായി ഒരു നിശ്ചിത കാലയളവുവരെയുള്ള കടങ്ങൾ എഴുതി തള്ളുന്നതിനും കൂടുതൽ സഹായം ലഭ്യമാക്കുന്നതിനും ഉതകുന്ന രീതിയിൽ ഒരു കടാശ്വാസ പദ്ധതി നടപ്പാക്കുന്നതാണ്. ആദിവാസി മേഖലകളിൽ സാമൂഹ്യ-സാംസ്കാരിക

കൂട്ടായ്മയ്ക്ക് ഉതകുന്ന രീതിയിലുള്ള കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിക്കുന്നതാണ്.

249. എല്ലാ ആദിവാസി മേഖലകളിലും തൊഴിലവസരങ്ങൾ, ഉന്നത വിദ്യാഭ്യാസം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനുവേണ്ടി 'സഹായി' എന്ന പേരിൽ സേവന കേന്ദ്രങ്ങൾ ആരംഭിക്കും.

250. അവിവാഹിതരായ ആദിവാസി അമ്മമാർക്കായി ഒരു പ്രത്യേക പുനരുദ്ധാരണ പാക്കേജ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

251. ആദിവാസികളുടെ പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കും. പ്രസ്തുത മേഖലയിൽ നിന്നുള്ള ഉത്പന്നങ്ങളുടെ ലാഭകരമായ വിപണനത്തിന് ആവശ്യമായ പിന്തുണ ഉറപ്പു വരുത്തും.

## സഹകരണം

252. സംസ്ഥാനത്തെ എല്ലാ മേഖലകളിലേയും ജനങ്ങൾക്ക് സഹായം എത്തിക്കാൻ സഹകരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുകയും ജനോപകാരപ്രദമാക്കുകയും ചെയ്യുന്നതിന് സർക്കാർ ബാധ്യസ്ഥമാണ്.

253. സഹകരണ മേഖലയിലെ നെല്ല് സംഭരണ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്.

254. തൃശ്ശൂർ ജില്ലയിലെ അഞ്ചേരിയിൽ പട്ടികജാതി പട്ടിക വർഗ്ഗ ഫെഡറേഷന്റെ ആഭിമുഖ്യത്തിലുള്ള ആയുർധാര മരുന്നുല്പാദന യൂണിറ്റ് എൻ.സി.ഡി.സി യുടെ സഹായത്തോടെ നവീകരിക്കുന്നതാണ്.

### *ഖാദി മേഖലയിൽ 5000 പേർക്ക് പുതിയ തൊഴിലവസരങ്ങൾ*

255. സംസ്ഥാന സർക്കാരിൻെറയും ഖാദി ഗ്രാമ വ്യവസായ കമ്മീഷൻെറയും സഹായത്തോടെ ഖാദി മേഖലയിൽ 5000 പേർക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണ്.

*റബ്ടെക് ഇന്ത്യയ്ക്ക് ധനസഹായം*

256. എൻ.സി.ഡി.സി. ധനസഹായത്തോടെ കേരളം, കർണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ധനസഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## തദ്ദേശസ്വയം ഭരണം

*ഗ്രാമവികസനം - കേന്ദ്രാവിഷ്കൃത ഫണ്ടുകൾ*

257. കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ആനുകൂല്യം നേടുന്ന കാര്യത്തിൽ കേരളം വളരെ പിന്നിലാണ്. ഈ സ്ഥിതിക്ക് മാറ്റം വരുത്തും. ഭാരത് നിർമ്മാൺ യോജനയിൽപെട്ട പദ്ധതികൾക്ക് മാനദണ്ഡങ്ങളിൽ സംസ്ഥാനത്തിന്റെ ആവശ്യമനുസരിച്ച് കഴിയുന്ന മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിഗണിക്കാമെന്ന് പ്ലാനിംഗ് കമ്മീഷൻ സമ്മതിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ PMGSY, MGNREGS, NRLM തുടങ്ങിയ പദ്ധതികളിൽ സംസ്ഥാന സർക്കാർ പരമാവധി കേന്ദ്രസഹായം നേടിയെടുക്കാൻ ശ്രമിക്കും.

258. PMGSY പദ്ധതിയിലെ ടെൻഡർ എക്സസ് സംസ്ഥാന സർക്കാർ വഹിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം അർഹമായ കേന്ദ്രസഹായം ലഭിക്കാതെവരും. ഈ സ്ഥിതികണക്കിലെടുത്ത് ഈ പദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതമായി 20 കോടി രൂപ വകയിരുത്തുന്നു.

259. PMGSY യുടെ മരാമത്ത് പണികൾ സംബന്ധിച്ച വ്യവസ്ഥകൾ സ്റ്റേറ്റ് PWD യുടെയോ കേന്ദ്ര PWD യുടേയോ രീതിയിൽ ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി തേടുന്നതാണ്.

*മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി*

260. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദവും അഴിമതി വിമുക്തമാക്കുന്നതാണ്. ഈ പദ്ധതിയുടെ

ആനുകൂല്യം കാർഷിക മേഖല, ക്ഷീര മേഖല, നീർത്തടാധിഷ്ഠിത പദ്ധതികൾ എന്നിവയിലേക്ക് വ്യാപിപ്പിക്കുന്നതാണ്.

261. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും. അതോടൊപ്പം ഗവൺമെന്റിതര സംഘടനകൾക്കും സ്വാശ്രയ സ്വയം സഹായ സംഘങ്ങൾക്കും ആവശ്യമായ സഹായവും നൽകും.

*പഞ്ചായത്ത് വകുപ്പ്*

262. ഗ്രാമസ്വരാജ് എന്ന ഗാന്ധിയൻ സങ്കൽപ്പം അർത്ഥവത്തായും കൂടുതൽ ഫലപ്രദമായും ഈ സർക്കാർ നടപ്പിലാക്കും.

263. കേരളത്തിലെ എല്ലാ ഗ്രാമപ്പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടേയും സേവനപരവും ഭരണപരവുമായ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഊർജസ്വലവുമാക്കുന്ന ബൃഹത്തായ ഒരു പദ്ധതി ഈ സർക്കാർ നടപ്പാക്കുന്നതാണ്. ഇതിലേക്ക് ലോക ബാങ്കിൽ നിന്ന് 200 ദശലക്ഷം യു.എസ്. ഡോളർ ധനസഹായമായി ലഭിക്കും.

ടൂറിസം

264. ആധുനിക സമൂഹത്തിൽ ആഗോള പ്രാധാന്യമുള്ള ഒരു സാമ്പത്തിക പ്രവർത്തനമായി ടൂറിസം മാറിക്കഴിഞ്ഞു. തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുന്നതിലും വരുമാനവും വിദേശ നാണ്യ വിനിമയവും വർദ്ധിപ്പിക്കുന്നതിലും സാംസ്കാരികവും പാരമ്പര്യവും പരിരക്ഷിക്കുന്നതിലും ടൂറിസം നിർണായകമായ സ്വാധീനം ചെലുത്തുന്നു.

265. അടിസ്ഥാന സൗകര്യ വികസനത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചും പുതിയ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ചും സംസ്ഥാനത്തേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി നിരവധി പദ്ധതികൾ ഈ സർക്കാർ നടപ്പാക്കുന്നതാണ്.

266. കോട്ടയം ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കക്കല്ല്, അയ്യമ്പാറ, മാർമല അരുവി, വാഗമൺ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചു

കൊണ്ടുള്ള ഒരു പുതിയ ടൂറിസം പ്രോജക്ട് നടപ്പിലാക്കാൻ 1 കോടി രൂപ വകകൊള്ളിക്കുന്നു.

### *ശിവഗിരി കൺവെൻഷൻ സെന്റർ*

267. ശ്രീ നാരായണ ധർമ്മ സംഘം ട്രസ്റ്റ് ശിവഗിരിയിൽ പണികഴിപ്പിക്കുന്ന കൺവെൻഷൻ സെന്ററിന് സഹായ ധനമായി ഒരു കോടി രൂപ വകയിരുത്തുന്നു.

268. പമ്പാ നദിയിലെ ആറന്മുള, നീരേറ്റുപുറം ജലമേളകൾക്ക് (കെ.സി. മാമൻ മാപ്പിള ട്രോഫി) ഉള്ള ഗ്രാന്റ് 5 ലക്ഷം രൂപ വീതം വർദ്ധിപ്പിക്കുന്നതാണ്.

269. കോഴിക്കോട് മാനാഞ്ചിറയിൽ സാമൂതിരി ടവറിനും, കുഞ്ഞാലിമരയ്ക്കാർ ഗാർഡനും 25 ലക്ഷം രൂപ അനുവദിക്കുന്നു.

270. മലപ്പുറം ജില്ലയിലെ ഒടുമ്പ്രത്തെയും, കൂട്ടായിലെയും കാനോലി കനാൽ വഴിയുള്ള ജലപാതകളെ ബന്ധിപ്പിച്ച് ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

271. കണ്ണൂർ കോട്ടയിൽ ലൈറ്റ് ആന്റ് സൗണ്ട് ഷോ പരിപാടിയ്ക്ക് 5 ലക്ഷം രൂപ വകയിരിത്തുന്നു.

272. ചെറുവത്തൂരിലെ വീരമലക്കുന്നിനെ ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതാണ്. ഭൂതത്താൻകെട്ട് ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതാണ്.

### <u>കായിക വകുപ്പ്</u>

273. കേരളത്തിലെ സ്പോർട്സ് വികസനത്തിന്റെ ഒരു പ്രധാന പരിമിതി നിലവാരമുള്ള കളിസ്ഥലങ്ങളുടെയും പരിശീലന സൗകര്യങ്ങളുടെയും അപര്യാപ്തതയാണ്. തന്മൂലം അടിസ്ഥാന സൗകര്യങ്ങളുടെയും പരിശീലന കേന്ദ്രങ്ങളുടെയും വികസനത്തിനുള്ള ഒരു സമഗ്ര പാക്കേജിന് രൂപം നൽകുന്നതാണ്.

274. ഇതിന്റെ ഭാഗമായി ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട പ്രധാന സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

275. കേരളം ആതിഥേയത്വം വഹിക്കുന്ന മുപ്പത്തഞ്ചാമത് ദേശീയ കായിക മേള വിജയകരമാക്കാൻ കാര്യവട്ടം യൂണിവേഴ്സിറ്റി സ്റ്റേഡിയം, വട്ടിയൂർക്കാവ് പോളിടെക്നിക് സ്റ്റേഡിയം, കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം എന്നിവയെ ആന്വിറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായി 120 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

276. മഞ്ചേരി, മൂവാറ്റുപുഴ, തൊടുപുഴ, കോട്ടയം, പത്തനംതിട്ട എന്നി വിടങ്ങളിലെ സ്റ്റേഡിയങ്ങളുടേയും സ്പോർട്സ് കോംപ്ലക്സുകളുടേയും നിർമ്മാണം ആരംഭിക്കുന്നതാണ്. സ്പോർട്സ് കൗൺസിലിനും കായികക്ഷേമ വകുപ്പിനും അവയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി 4 കോടി രൂപ വീതം അധികമായി വകയിരുത്തിയിട്ടുണ്ട്.

277. പാലാ മുനിസിപ്പൽ സ്റ്റേഡിയം നവീകരിക്കുന്നതിനും സിന്തറ്റിക് ട്രാക് സ്ഥാപിക്കുന്നതിനും ഒരു സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുമായി 1 കോടി രൂപ വകയിരുത്തുന്നു.

### *ജി.വി.രാജാ സ്പോർട്സ് കോംപ്ലക്സ്*

278. കേരളത്തിലെ കായിക രംഗത്തെ കുലപതിയായ ജി.വി.രാജയുടെ ജന്മസ്ഥലമായ പൂഞ്ഞാറിൽ അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിന് പര്യാപ്തമായ ഒരു സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

### *ഇടുക്കി വോളിബാൾ അക്കാദമി*

279. കായിക കേരളത്തിന് നിരവധി സംഭാവനകൾ ചെയ്തിട്ടുള്ള ഇടുക്കി ജില്ലയിലുള്ള വോളിബാൾ അക്കാദമിക്ക് കെട്ടിടവും ഹോസ്റ്റലും പണിയുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

## തൊഴിൽ വകുപ്പ്

280. സംസ്ഥാനത്ത് പൊതു സാമ്പത്തിക വളർച്ചയ്ക്ക് ഉത്തരവാദിത്ത ബോധമുള്ള തൊഴിലാളികളുടെ സേവനം അനിവാര്യമാണ്. തൊഴിലാളികളും തൊഴിലുടമകളും തമ്മിലുള്ള ബന്ധം സൗഹാർദ്ദപരമായിരിക്കണം. ഈ ലക്ഷ്യങ്ങൾ മുൻനിർത്തി ലേബർ കമ്മീഷണറേറ്റിന്റെ പ്രവർത്തനം പുന:സംഘടിപ്പിക്കുന്നതാണ്.

281. പൊതുജനങ്ങളുടെയും തൊഴിലാളികളുടെയും തൊഴിൽ സംബന്ധമായ പരാതികളും സേവനങ്ങളും സംബന്ധിച്ചുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനായി ഒരു ലേബർ കാൾ സെന്റർ സ്ഥാപിക്കുന്നതാണ്.

282. നോക്കുകൂലി പോലെ സമൂഹത്തിലുള്ള അനഭിലഷണീയമായ പ്രവണതകൾ അവസാനിപ്പിക്കുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളെ നേരിടുന്നതിന് സർക്കാർ കർശന നടപടികൾ കൈക്കൊള്ളുന്നതാണ്.

283. കുടിശ്ശികയായ കെട്ടിട നിർമ്മാണ തൊഴിലാളിക്ഷേമനിധി ബോർഡിലേക്കുള്ള സെസ് ഊർജ്ജിതമായി പിരിച്ചെടുക്കും. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പിഴപ്പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ ഒഴിവാക്കിക്കൊടുക്കുന്നതാണ്.

### *എംപ്ലോയ്മെന്റ് & ട്രെയിനിംഗ്*

284. എംപ്ലോയ്മെന്റ് എക്സ്ചെഞ്ചുകൾ മുഖേനയുള്ള എല്ലാ നിയമനങ്ങളും പൂർണ്ണമായും സുതാര്യവും ലളിതവുമാക്കുന്നതിന് ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ലിസ്റ്റ് വെബ്സൈറ്റ് മുഖേന പ്രസിദ്ധീകരിക്കുന്നതാണ്.

285. തൊഴിൽമന്ത്രി ചെയർമാനായി കൊല്ലം ജില്ലയിൽ ഒരു സ്കിൽ ഡവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതാണ്.

286. ഈ സാമ്പത്തിക വർഷം തന്നെ ഹരിപ്പാട് ഒരു പുതിയ ടെക്നിക്കൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കും.

287. ഇ-ഗവേർണൻസിന്റെ ഭാഗമായി തൊഴിൽ മന്ത്രാലയത്തിന്റെ കീഴിലുള്ള എല്ലാ വകുപ്പുകളും, ക്ഷേമനിധി ബോർഡുകളും കമ്പ്യൂട്ടർവത്കരിക്കുന്നതാണ്.

### *ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സതേൺ റീജ്യനൽ സെന്റർ*

288. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (IGNOU) യുടെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള സതേൺ റീജ്യണൽ സെന്റർ, കൊല്ലം ജില്ലയിലെ ചവറയിൽ ആരംഭിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. വിദ്യാർത്ഥികൾക്കും തൊഴിൽ പരമായി പരിശീലനം തേടുന്നവർക്കും ഏറെ പ്രയോജനം ചെയ്യുന്ന ഈ സ്ഥാപനം ഏകദേശം 1500 പേർക്ക് പ്രത്യക്ഷമായോ പരോക്ഷമായോ തൊഴിലവസരം ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## <u>ഊർജ്ജ വകുപ്പ്</u>

289. ഊർജ്ജോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നത് ഈ സർക്കാരിന്റെ പ്രധാനപ്പെട്ട ലക്ഷ്യമാണ്. ഇതിനായി വൈദ്യുതി ബോർഡിന്റെ പദ്ധതികൾക്കു പുറമേ കാറ്റിൽ നിന്നും ചെറുകിട ജലപദ്ധതികളിൽ നിന്നുമുള്ള വൈദ്യുതി ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതാണ്.

290. ഊർജ്ജ സംരക്ഷണ അവാർഡുകൾ നൽകുന്നതിനും ഊർജ്ജ സംരക്ഷണ നടപടികൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനും വേണ്ടി 25 ലക്ഷം രൂപ വകയിരുത്തുന്നു. ഒരു ഊർജ്ജ സംരക്ഷണ ഫണ്ട് രൂപവത്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

291. ഇലക്ട്രിക്കൽ സൂപ്പർവൈസർ ലൈസൻസിന് ഓൺ ലൈനായി അപേക്ഷിക്കുന്നതിന് സംവിധാനമൊരുക്കും.

292. എല്ലാ നഗരങ്ങളിലും ജൈവദ്രവ്യ ഊർജ്ജ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്.

293. ഊർജ്ജ ശൃംഖലയിൽ 'പീക്ക് ലോഡ്' കുറക്കുക എന്ന ലക്ഷ്യത്തോടെ സോളാർ ഫോട്ടോ വോൾട്ടെയ്ക്ക് ഇൻവെർട്ടേഴ്സ് (Solar Photo Voltaic Inverters) സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതാണ്.

294. അനർട്ടിന്റെ ആഭിമുഖ്യത്തിൽ ആവശ്യക്കാർക്ക് അക്ഷയ ഊർജ്ജ സംരക്ഷണ ഉപകരണങ്ങളും തുടർ സഹായവും എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് എനർജി മാർട്ടുകൾ എന്ന സംരംഭക ശൃംഖല രൂപീകരിക്കുന്നതാണ്.

295. ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നിയന്ത്രണത്തിലുള്ള 9 മേഖലാ മീറ്റർ ടെസ്റ്റിംഗ് ലാബുകൾ നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ലബോറട്ടറീസ് (എൻ.എ.ബി.എൽ) നിലവാരത്തിലേക്ക് അപ്ഗ്രേഡ് ചെയ്യുന്നതാണ്.

## തുറമുഖ വകുപ്പ്

296. യാത്ര, ചരക്കുഗതാഗതം എന്നിവ സുഗമമാക്കുന്നതിനായി ബേപ്പൂർ തുറമുഖത്തിൽ ഡ്രഡ്ജിംഗ് നടത്തുന്നതാണ്. തുറമുഖ പദ്ധതി നടത്തിപ്പിനായി ഒരു സ്വകാര്യ നിക്ഷേപകനെ ഉടനെ തെരഞ്ഞെടുക്കുന്നതാണ്. പദ്ധതിയുടെ പാരിസ്ഥിതിക അനുമതിക്കുള്ള പഠനത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇ.പി.സി കോൺട്രാക്ട് കൺട്രോളിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ബ്രേക്ക്വാട്ടർ നിർമ്മാണം, റിക്ലമേഷൻ എന്നിവ പൂർത്തിയാക്കുന്നതിലേക്ക് യു.എസ്. ആസ്ഥാനമായുള്ള അകോം ലിമിറ്റഡ് എന്ന കമ്പനിയെ കൺസൾട്ടന്റായി നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

297. പൊന്നാനി തുറമുഖം സ്വിസ് ചലഞ്ച് സിസ്റ്റത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് ചെന്നൈ ആസ്ഥാനമായ മലബാർ പോർട്ട്സ് നൽകിയ നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്. തുറമുഖ പദ്ധതിക്കായി കൺസെഷൻ ഉടമ്പടി ഉടൻ ഒപ്പുവയ്ക്കുന്നതാണ്.

298. സംസ്ഥാന മാരിടൈം ബോർഡ് രൂപവത്കരിക്കുന്നതാണ്. മാരിടൈം ബോർഡിന്റെ രൂപീകരണത്തോടെ മാരിടൈം മേഖലയിലെ വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിൽ വരുത്താൻ കഴിയും. ഇതിനായുള്ള നിയമ നിർമ്മാണ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## ട്രഷറി

299. ഈ വർഷം തിരുവനന്തപുരം ജില്ലയിലെ കുടപ്പനകുന്ന് സിവിൽ സ്റ്റേഷനോടനുബന്ധിച്ചും, കോട്ടയ്ക്കൽ, എരുമേലി, ചിറ്റാർ എന്നിവിടങ്ങളിലും ഓരോ സബ്ട്രഷറി സ്ഥാപിക്കുന്നതാണ്.

## സാംസ്കാരിക രംഗം

300. നമ്മുടെ സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നവീകരിക്കുവാനും കൂടുതൽ ഫലപ്രദവുമാക്കുവാനും നടപടികൾ സ്വീകരിക്കുന്നതാണ്.

301. എന്റെ മുൻഗാമി അവതരിപ്പിച്ച ബജറ്റിൽ എടുത്തുപറഞ്ഞിട്ടുള്ള സാംസ്കാരിക നായകൻമാരുടെയും സാമൂഹ്യപരിഷ്കർത്താക്കളുടെയും സ്മാരകങ്ങൾക്കും അക്കാഡമികൾക്കും വേണ്ടി പ്രഖ്യാപിച്ച ധനസഹായ തുക ഈ ബജറ്റിലും വകയിരുത്തുന്നതാണ്.

302. പല്ലനയിലെ കുമാരനാശാന്റെ സമാധി ആശാൻ കവിതകളെ സംബന്ധിച്ച ഒരു പഠന ഗവേഷണ കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് ആയി 10 ലക്ഷം രൂപ വകയിരുത്തുന്നു.

303 കലാമണ്ഡലം കൽപിത സർവകലാശാലയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതാണ്.

304. സംഗീത നാടക അക്കാഡമിയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര തീയേറ്റർ ഫെസ്റ്റിവെൽ സംഘടിപ്പിക്കുന്നതാണ്.

### *കേരള ഫോക്‌ലോർ അക്കാദമി*

305. കേരള ഫോക്‌ലോർ അക്കാദമിക്ക് ഒരു കേന്ദ്രം പാലക്കാട് ചെമ്പൈ സ്മാരക സംഗീതകോളേജിനോടനുബന്ധിച്ച് ആരംഭിക്കുന്നതാണ്. ക്ഷേത്ര കലകൾ, വാദ്യസംഗീതം എന്നിവയുടെ പരിശീലനത്തിന് ഇവിടെ സൗകര്യങ്ങൾ ഉണ്ടാക്കുന്നതാണ്. ഇതിലേയ്ക്കായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

306. മലയാള ഭാഷയുടെ നോവൽ സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് അമൂല്യമായ സംഭാവനകൾ നൽകിയ സി.വി.രാമൻപിള്ളയുടെ പ്രതിമ തിരുവനന്തപുരം നഗരത്തിൽ സ്ഥാപിക്കുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

307. ഇട്ടി അച്യുതൻ വൈദ്യർ സ്മരകത്തിന്റെ നിർമ്മാണത്തിനായി ചേർത്തലയിലെ ഹോർത്തൂസ് മലബാറിക്കസ് ട്രസ്റ്റിന് 15 ലക്ഷം രൂപ ഗ്രാന്റായി വകയിരുത്തുന്നു.

308. എറണാകുളത്ത് നിർമ്മിക്കുന്ന പണ്ഡിറ്റ് കറുപ്പൻ സ്മാരകത്തിന് 25 ലക്ഷം രൂപ വകയിരുത്തുന്നു.

309. തിരുവനന്തപുരത്തെ സംഗീത ഭാരതിക്ക് 20 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കുന്നു.

310. ഇടുക്കി പദ്ധതിയുടെ കാരണക്കാരനും ഗോത്രവർഗ്ഗതലവനുമായ ചെമ്പൻ കൊലുമ്പന്റെ ഇടുക്കി ആസ്ഥാനത്തുള്ള സമാധി സംരക്ഷിക്കുന്നതിന് ബജറ്റിൽ 2 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

### *പ്രവാസി നോർക്ക പദ്ധതികൾ*

311. വിദേശ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങൾ മൂലം ജോലിയും സമ്പാദ്യവും നഷ്ടപ്പെട്ട് മടങ്ങി വരുന്ന ഹതഭാഗ്യരായ മലയാളികളെ പുനരധിവിപ്പിക്കുന്നതിന് നോർക്കയുടെ ആഭിമുഖ്യത്തിൽ വിപുലമായ പരിപാടികൾ നടപ്പാക്കുന്നതാണ്.

312. പ്രവാസി മലയാളികൾക്ക് ആവശ്യമുള്ള ഘട്ടങ്ങളിൽ നിയമോപദേശം നൽകുവാനായി ഒരു പ്രവാസി ലീഗൽ എയ്ഡ് സെല്ലും, ഇവർക്കായി 24 മണിക്കൂറും ഹെൽപ് ലൈൻ സേവനവും ലഭ്യമാക്കുന്ന ഒരു ബിസിനസ് സെന്റർ സ്ഥാപിക്കുന്നതാണ്. സംസ്ഥാനത്ത് മൂലധന നിക്ഷേപം നടത്താൻ താത്പര്യമുള്ള പ്രവാസികൾക്ക് ആവശയമുള്ള വിവരങ്ങൾ ലഭ്യമാക്കുവാനും, പരാതികൾ പരിഹരിക്കുവാനുമുള്ള സംവിധാനം ലഭ്യമാക്കുവാനും ഉദ്ദേശിച്ചാണ് ഈ ബിസിനസ് സെന്റർ സ്ഥാപിക്കുന്നത്.

313. പ്രവാസികളുടെ തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുവാനും, രാജ്യാന്തര തലത്തിൽ അംഗീകാരമുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുമായി ക്രമീകരിക്കപ്പെട്ട പാഠ്യപദ്ധതിയിലുള്ള ഓവർസീസ് എംപ്ളോയ്മെന്റ് സ്കിൽ ടെസ്റ്റിംഗ് സെന്റർ ആരംഭിക്കുന്നതാണ്.

## പരിസ്ഥിതി

314. പരിസ്ഥിതി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന 'നീർത്തടങ്ങളുടെ ആവാസ പുന:സ്ഥാപനം' എന്ന പദ്ധതിയിൽപെടുത്തി കുളമംഗലം മേച്ചിറക്കുളം പുനരുജ്ജീവിപ്പിക്കുന്നതാണ്.

315. ഉടുമ്പൻചോല താലൂക്കിലെ ജൈവവൈവിദ്ധ്യ സമ്പന്ന മേഖലകളുടെ സംരക്ഷണം ജൈവ വൈവിദ്ധ്യ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നതാണ്.

316. പമ്പാ പ്രവർത്തന പദ്ധതിയും കുട്ടനാട് പദ്ധതിയും സംയോജിപ്പിച്ചുകൊണ്ട് പമ്പാനദിയുടെ ജൈവ വൈവിദ്ധ്യ സംരക്ഷണവും പുനരുദ്ധാരണവും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി ഈ വർഷം ആരംഭിക്കുന്നതാണ്.

### *കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണം*

317. കേരളത്തിലെ ഹൈന്ദവക്ഷേത്രങ്ങൾ ആരാധനാലയങ്ങൾ മാത്രമല്ല ഒരു സംസ്കാരത്തിന്റെ ഭാഗം കൂടിയാണ്. പല ക്ഷേത്രങ്ങളോടും ചേർന്നുള്ള കാവുകളും കുളങ്ങളും ആൽത്തറകളും ഇന്ന് നാശത്തിന്റെ വക്കിലാണ്. ഇവയുടെ പുനരുദ്ധാരണത്തിന് ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതാണ്. ഇതിലേയ്ക്കായി 5 കോടി രൂപ വകയിരുത്തുന്നു.

## പാർലമെന്ററി കാര്യം

318. കേരള ചരിത്രത്തിലെ വിധിനിർണ്ണായകമായ പല നിർമ്മാണങ്ങൾക്കും വേദിയായ പഴയ നിയമസഭാ മന്ദിരം പൈതൃക പദവി നൽകി സംരക്ഷിക്കുന്നതാണ്. കേരള നിയമ നിർമ്മാണ സഭയുടെ ചരിത്രം ഉൾക്കൊള്ളുന്ന പുസ്തകം 'കേരള നിയമസഭാ ചരിത്രം' പ്രസിദ്ധീകരിക്കുന്നതാണ്.

## ഭവനനിർമ്മാണം

319. ഭക്ഷണവും വസ്ത്രവും പോലെ മനുഷ്യജീവിതത്തിൽ അനിവാര്യമായ ഒരു ഘടകമാണ് ഭവനം. ഈ യാഥാർത്ഥ്യം മനസിലാക്കിക്കൊണ്ടും, കണക്കിലെടുത്തുകൊണ്ടും എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമായി സമഗ്രമായ ഒരു പാർപ്പിട നയം ഉടനെ പ്രഖ്യാപിക്കുന്നതാണ്.

320. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവരുടെ ഭവന പദ്ധതികൾക്കായി ഒരു സ്റ്റേറ്റ് ഷെൽട്ടർ ഫണ്ട് രൂപീകരിക്കും. വിദേശമലയാളികളുടെ നിക്ഷേപവും ഇതിലേയ്ക്ക് പ്രയോജനപ്പെടുത്തും.

321. കേരളത്തിൽ ഏകദേശം 7 ലക്ഷത്തോളം വീടുകളുടെ കുറവാണുള്ളത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ഭവന നിർമ്മാണത്തിന് ഊന്നൽ നൽകിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണ ബോർഡ്, ഭവന നിർമ്മാണ രംഗത്തുള്ള മറ്റു സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സംസ്ഥാനത്ത് പ്രതിവർഷം ഒരു ലക്ഷത്തി നാൽപതിനായിരം വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

### *സാഫല്യം ഭവന പദ്ധതി*

322. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരുടെ ഭവന നിർമ്മാണം ഏറ്റെടുത്തുനടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ ശക്തമാക്കുന്നതോടൊപ്പം ഈ വിഭാഗത്തിൽ തന്നെ ഏറ്റവും പിന്നിലുള്ളവരുടെ പാർപ്പിട പ്രശ്നം അടിയന്തിരമായി പരിഹരിക്കുന്നതിന് ''സാഫല്യം'' എന്ന പേരിൽ ഒരു പുതിയ ഭവന പദ്ധതി ഈ വർഷം തന്നെ ആവിഷ്ക്കരിച്ചു നടപ്പിലാക്കും. സർക്കാർ സബ്സിഡിയോടുകൂടി സമയബന്ധിതമായി നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തും. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പതിനായിരം വീടുകൾ നിർമ്മിക്കും. സബ്സിഡി ഇനത്തിൽ 10 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നു.

### ഭവന നിർമ്മാണ ബോർഡ്

323. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 2006-11 കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ ഒട്ടും തൃപ്തികരമായിരുന്നില്ല. ഭവന നിർമ്മാണ ബോർഡ് ഈ കാലഘട്ടത്തിൽ കേവലം 2932 വീടുകളുടെ നിർമ്മാണമാണ് രണ്ടു പദ്ധതികളിലായി ഏറ്റെടുത്തത്. തിരിച്ചടവിൽ വീഴ്ച വരുത്തിയതുമൂലം കഴിഞ്ഞ 5 വർഷം യാതൊരു സാമ്പത്തിക സഹായവും ഹഡ്കോയിൽ നിന്നും ലഭിച്ചില്ല. 1996-2001 കാലഘട്ടത്തിൽ എൽ.ഡി.എഫ്. ഭരണകാലത്തുണ്ടായ ഭീമമായ കടബാദ്ധ്യത തീർക്കുന്നതിനായി 2001 ൽ യു.ഡി.എഫ്. സർക്കാർ ഹഡ്കോയുമായി ഒരു ഡിഫാൾട്ട് റെസലൂഷൻ പാക്കേജ് ഒപ്പിടുകയും 2001-06 കാലഘട്ടത്തിൽ 847.89 കോടി രൂപ ഹഡ്കോയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത പാക്കേജ് പ്രകാരം 2006-11 കാലഘട്ടത്തിലെ തിരിച്ചടവിൽ എൽ.ഡി.എഫ്. സർക്കാർ വീഴ്ച വരുത്തി. ഹഡ്കോയുടെ ഭാഗത്തുനിന്നുള്ള കടുത്ത നടപടികൾ ഒഴിവാക്കുന്നതിനായി കുടിശ്ശികയും അതിന്റെ പലിശയും ചേർത്ത് 770 കോടി രൂപ 31.03.2012 ന് ഉള്ളിൽ അടയ്ക്കാമെന്ന് ഹഡ്കോയുമായി ധാരണയുണ്ടാക്കി. ഇതുമൂലം എൽ.ഡി.എഫ്. ഭരണകാലത്ത് അടയ്ക്കേണ്ടിയിരുന്ന കുടിശ്ശികയുടെ ബാദ്ധ്യത പുതിയ സർക്കാരിന്റെ മേൽ വന്നുപതിച്ചിരിക്കുകയാണ്. ഈ തുക അടയ്ക്കുന്നതിലേയ്ക്ക് ആദ്യ ഗഡു എന്ന നിലയിൽ 250 കോടി രൂപ വകയിരുത്തുന്നു.

### കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ

324. ഹഡ്കോയിൽ നിന്നും വായ്പ ലഭിക്കാത്ത സാഹചര്യത്തിൽ ഇപ്പോഴത്തെ പ്രതിസന്ധി തരണം ചെയ്യുന്നതിനായി സംസ്ഥാനത്തിന്റേതായ ഒരു ഹൗസിംഗ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ച്, നാഷണൽ ഹൗസിംഗ് ബാങ്ക് മുതലായ സ്ഥാപനങ്ങളിൽ നിന്നും ധന സമാഹരണം നടത്തി, സംസ്ഥാനത്തെ വിവിധ ഭവന നിർമ്മാണ ഏജൻസികൾക്കും, വ്യക്തികൾക്കും ന്യായമായ നിരക്കിൽ ഭവന വായ്പ നൽകാൻ ഉദ്ദേശിക്കുന്നു. പുതിയ കോർപ്പറേഷന്റെ രൂപീകരണത്തിനായി 1 കോടി രൂപ വകയിരുത്തുന്നു.

### *കേരള സ്റ്റേറ്റ് ഹൗസിംഗ് സെക്ടർ റെഗുലേറ്ററി അതോറിറ്റി*

325. ഭവന നിർമ്മാണ മേഖലയിൽ പ്രത്യേകിച്ചും ഫ്ളാറ്റ് നിർമ്മാണ രംഗത്ത് ഉയർന്നുവന്നിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കെട്ടിട നിർമ്മാതാക്കളും ഗുണഭോക്താക്കളും തമ്മിൽ ഉണ്ടാകുന്ന തർക്കങ്ങൾ സമയ ബന്ധിതമായി പരിഹരിക്കുന്നതിനുമായി ക്വാസി-ജുഡീഷ്യൽ അധികാരത്തോടു കൂടിയ ഒരു അതോറിറ്റി നിയമിക്കുന്നതാണ്.

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്

326. ഇലക്ട്രോണിക് മാധ്യമ വിസ്ഫോടനത്തിന്റേതായ ഇക്കാലത്ത് വകുപ്പിന്റെ പ്രവർത്തനം ഫലപ്രദവും സുതാര്യവുമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

327. കഴിഞ്ഞ നിയമ സഭാ തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ എല്ലാ സാമ്പത്തിക അച്ചടക്കങ്ങളും ലംഘിച്ചുകൊണ്ട് കണ്ടിൻജൻസി ഫണ്ടിൽ നിന്നു പോലും പണമെടുത്ത് പരസ്യങ്ങൾ നൽകാൻ പി.ആർ.ഡി നിർബന്ധിക്കപ്പെട്ട സാഹചര്യം ഗവൺമെന്റ് ഗൗരവപൂർവം പരിശോധിക്കുന്നതാണ്. 2010 - 11 സാമ്പത്തിക വർഷത്തിൽ 6 കോടി 15 ലക്ഷം രൂപ വകയിരുത്തിയ സ്ഥാനത്ത് 21 കോടി 81 ലക്ഷത്തിലേറെ രൂപയുടെ പരസ്യമാണ് പി.ആർ.ഡി നൽകിയതെന്ന് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നു.

### *പത്രപ്രവർത്തകർക്ക് ക്ഷേമപദ്ധതികൾ*

328. പത്രപ്രവർത്തകർക്കുള്ള പെൻഷൻ കുടിശ്ശിക അടിയന്തിരമായി നൽകാനും പെൻഷൻ ട്രഷറി സേവിംഗ് ബാങ്ക് മുഖേന നൽകാനും വേണ്ട നടപടികൾ സ്വീകരിക്കും.

329. കേരള പ്രസ്സ് അക്കാദമിയുടെ പുതിയ ഹോസ്റ്റൽ മന്ദിര നിർമ്മാണത്തിന് 10 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കുന്നു.

330. കേരളത്തിലെ പത്രപ്രവർത്തകർക്കായി വിവിധ വികസന-ക്ഷേമ പരിപാടികൾ നടപ്പാക്കുന്നതിന് സർക്കാർ താഴെ പറയുന്ന പ്രകാരം ധനസഹായം നൽകുന്നതാണ്.

331. കേരള പത്രപ്രവർത്തക ആരോഗ്യ പരിരക്ഷാപദ്ധതിക്ക് 40 ലക്ഷം രൂപ അനുവദിക്കുന്നു. പത്രപ്രവർത്തകർക്കുള്ള ഭവന സബ്സിഡിക്ക് 50 ലക്ഷം രൂപ വകയിരുത്തുന്നു. ഇത് വീട് വാങ്ങുന്നവർക്കും പുതിയ വീട് വയ്ക്കുന്ന വർക്കും ലഭ്യമാകും. തിരുവനന്തപുരത്തെ കേസരി മന്ദിരത്തിൽ ഡിജിറ്റൽ പത്ര ആർക്കൈവ്സിന് 20 ലക്ഷം രൂപ വകയിരുത്തുന്നു. കൂടാതെ മറ്റു പ്രസ്ക്ലബ്ബു കൾക്ക് താഴെപ്പറയുന്ന തുക അനുവദിക്കുന്നതാണ്.

332. ഡൽഹിയിലെ പ്രസ് ക്ലബ് ഓഫ് ഇന്ത്യയ്ക്ക് 25 ലക്ഷം രൂപ. മല പ്പുറം പ്രസ്സ്ക്ലബിന് 15 ലക്ഷം രൂപ. KUWJ യുടെ ഡൽഹി ഘടകത്തിന് 25 ലക്ഷം രൂപ. കൊല്ലം പ്രസ്സ് ക്ലബിന് 15 ലക്ഷം രൂപ. തിരുവനന്തപുരം പ്രസ്ക്ലബ്ബിനോടനുബന്ധിച്ച് മീഡിയ മാനേജ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

## ന്യൂനപക്ഷ ക്ഷേമ വകുപ്പ്

333. കേരള സ്റ്റേറ്റ് വഖഫ് ബോർഡിനുള്ള ഗ്രാന്റ് 2 കോടി രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

## ക്രമസമാധാന പരിപാലനം

334. പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനോടൊപ്പം സേനയിലെ ക്രിമിനൽ പ്രവണതയ്ക്കെതിരെ ശക്തമായ നടപടി കൈക്കൊള്ളുന്ന തുമാണ്. മണിചെയിൻ പോലുള്ള തട്ടിപ്പുകളിൽ കർശന നടപടി കൈക്കൊള്ളു ന്നതും വനിതകൾക്കെതിരെ വർദ്ധിച്ചുവരുന്ന അക്രമങ്ങൾ ഗൗരവമായികണ്ട് നട പടികൾ സ്വീകരിക്കുന്നതാണ്.

335. സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്ര ത്തിന്റെ തുറക്കാതെ സൂക്ഷിച്ചിരുന്ന നിലവറകൾ തുറന്നപ്പോൾ അമൂല്യമായ സമ്പത്താണ് കണ്ടെത്തുവാൻ സാധിച്ചത്. സുപ്രീംകോടതിക്ക് മാത്രമേ ഇത് സംബന്ധിച്ച് ആധികാരികമായി കാര്യങ്ങൾ അറിയുവാനും തീരുമാനം എടുക്കു വാനും സാധിക്കുകയുള്ളൂ. എന്നാലും ഈ സമ്പത്ത് പൂർണ്ണമായും സുരക്ഷിതമാക്കുവാനുള്ള ബാദ്ധ്യതയും ഉത്തരവാദിത്തവും സംസ്ഥാനസർക്കാ

രിനുണ്ട്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ തന്നെ ഇതിനാവശ്യമായ സുരക്ഷാ സംവിധാനം അവിടെ ഏർപ്പെടുത്തുവാൻ 1 കോടി രൂപ ഗവൺമെന്റ് മാറ്റിവയ്ക്കുന്നു.

336. പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം പണിയുന്നതിന്, ആവശ്യമായ സ്ഥലമുള്ള ശ്രീകാര്യം, കരമന, തുമ്പ, പൊൻമുടി, നെയ്യാറ്റിൻകര, എഴുകോൺ, തെന്മല, മൂഴിയാർ, പുളിക്കീഴ്, പെരുനാട്, വിഴ്ഞപുരം, അരൂർ, കുറത്തിക്കാട്, കരീലക്കുളങ്ങര, പള്ളക്കത്തോട്, തലയോലപ്പറമ്പ്, ഉദയംപേരൂർ, തടിയിട്ടപറമ്പ്, തൃത്താല, ഇടക്കര, വാഴക്കാട്, കരിപ്പൂർ, ചോമ്പാല, കണ്ണവം എന്നീ 24 സ്റ്റേഷനുകൾക്കും കെട്ടിടം പണിയുന്നതിനാവശ്യമായ 7.2 കോടി രൂപയിൽ ഈ വർഷം 2 കോടി രൂപ വകയിരുത്തുന്നു.

337. കമ്മ്യൂണിറ്റി പോലീസ് സ്കീം, സ്റ്റുഡന്റ്സ്-പോലീസ് കേഡറ്റ് സ്കീം എന്നിവ നടപ്പിലാക്കുന്നതിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

## നീതിന്യായ വകുപ്പ്

338. ഈരാറ്റുപേട്ട, ഹരിപ്പാട്, പാല, കൂത്തുപറമ്പ്, കായംകുളം എന്നീ സ്ഥലങ്ങളിൽ കോടതിക്ക് കെട്ടിടം പണിയുന്നതിന് 2.5 കോടി രൂപ വകകൊള്ളിക്കുന്നു. പുതിയ കോടതികൾ ആരംഭിക്കുന്നതിന് ഹൈക്കോടതി 40 സ്ഥലങ്ങൾ ശുപാർശ ചെയ്തിട്ടുണ്ട് അതിൽ ദേവികുളം, ചാവക്കാട്, പുനലൂർ, കൽപ്പറ്റ, തിരൂർ, ചെങ്ങന്നൂർ എന്നീ സ്ഥലങ്ങളിൽ സബ്കോടതികൾ ഈ വർഷം ആരംഭിക്കുന്നതാണ്.

## എക്സൈസ് വകുപ്പ്

339. കേരളത്തിലെ പ്രതിശീർഷമദ്യ ഉപഭോഗം ഇന്ത്യയിലെ തന്നെ ഉയർന്നതാണ്. ഈ സ്ഥിതി ആശങ്കാജനകമാണ്. ലഹരിവിമുക്ത ബോധവത്കരണപ്രവർത്തനങ്ങൾക്കുള്ള ഇപ്പോഴത്തെ ബഡ്ജറ്റ് വിഹിതം 20 ലക്ഷം രൂപയാണ്. അത് 2 കോടി രൂപയായി ഉയർത്തുന്നു.

340. എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതും വകുപ്പ് ആധുനികവൽക്കരിക്കുന്നതുമാണ്.

341.എക്സൈസ് ചെക്കുപോസ്റ്റുകൾ വാണിജ്യ നികുതി ചെക്കുപോസ്റ്റുകളുമായി സംയോജിപ്പിക്കുന്നതാണ്.

342. തൃശ്ശൂരിൽ സ്ഥാപിക്കുന്ന എക്സൈസ് അക്കാഡമിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 25 ലക്ഷം രൂപ വകയിരുത്തുന്നു.

343: പാലക്കാട് ടൗൺ, കോട്ടയം ടൗൺ, തിരുവനന്തപുരം, ആര്യനാട്, കാട്ടാക്കട, ശാസ്താംകോട്ട, അടൂർ, ചേർത്തല, കുട്ടനാട്, ചെങ്ങന്നൂർ, ബദിയടുക്ക, ബന്തടുക്ക, കാസർകോട് എന്നിവിടങ്ങളിൽ പുതിയ ഓഫീസ് സമുച്ചയങ്ങൾ പണിയുന്നതാണ്.

## രജിസ്ട്രേഷൻ വകുപ്പ്

344. സംസ്ഥാനം ഒട്ടാകെയുള്ള സബ് രജിസ്ട്രാർ ഓഫീസുകളെ ലോക്കൽ ഏരിയ ശൃംഖല വഴി റവന്യൂ ഓഫീസുകളുമായി ബന്ധപ്പെടുത്തി തൽസമയം ഓൺലൈനായി വിവരങ്ങൾ കൈമാറി ഉടൻതന്നെ പോക്കുവരവ് രേഖപ്പെടുത്താനുള്ള സമ്പ്രദായം നടപ്പിലാക്കുന്നതാണ്. പ്രമാണങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈനാക്കുന്നതു മുഖേന നടപടിക്രമങ്ങൾക്ക് സുതാര്യതയും വ്യക്തതയും കൈവരിക്കുവാൻ സഹായിക്കുന്നതാണ്.

### *നിക്ഷേപകരുടെ സംരക്ഷണം*

345. നിക്ഷേപകരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി കേരളത്തിൽ ഒരു സമഗ്ര നിയമം നിലവിലില്ല. ഈ അവസ്ഥ മുതലെടുത്ത് ചില വ്യക്തികളും സ്ഥാപനങ്ങളും ആകർഷകമായ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ച് അവരുടെ പദ്ധതികളിലും സ്ഥാപനങ്ങളിലും പണം നിക്ഷേപിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും അവസാനം അവർ ഈ പണവുമായി മുങ്ങി ജനങ്ങളെ വഞ്ചിക്കുകയും ചെയ്യുന്നു. നിക്ഷേപകരുടെ താത്പര്യങ്ങൾ സംരക്ഷിക്കുവാനും, വഞ്ചിക്കുന്ന വ്യക്തി/സ്ഥാപനങ്ങളുടെ ആസ്തികൾ കണ്ടുകെട്ടി വിൽപന നടത്തി നിക്ഷേപകർക്ക് പണം തിരികെ നൽകുവാനും, ഇത്തരം ക്രിമിനൽ കുറ്റങ്ങൾ വിചാരണ ചെയ്യാൻ പ്രത്യേക കോടതി സ്ഥാപിക്കുവാനും മറ്റും വ്യവസ്ഥ ചെയ്യുന്ന ഒരു സമഗ്രനിയമം കൊണ്ടുവരാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നു.

### *ഇന്റഗ്രേറ്റഡ് റവന്യൂ റസീപ്റ്റ് മാനേജ്മെന്റ് സിസ്റ്റം (IRRMS)*

346. സർക്കാരിന്റെ നികുതിയുൾപ്പെടെയുളള റവന്യൂ പിരിവുകൾ സുതാര്യവും ആയാസരഹിതവുമാക്കുന്നതിന്റെ ഭാഗമായി സർക്കാരിലേക്ക് അടയ്ക്കേണ്ട വിവിധതരം നികുതികളും മറ്റു തുകകളും ഇ-പേയ്മെന്റ് സംവിധാനം മുഖേനയോ, ബാങ്ക് ശാഖകൾ മുഖേനയോ അടയ്ക്കാനായി വിവിധ ബാങ്കുകളുമായി ചേർന്ന് ഒരു സംയോജിത പദ്ധതി ആവിഷ്കരിക്കുന്നതാണ്. ഇന്റഗ്രേറ്റഡ് റവന്യൂ റസീപ്റ്റ് മാനേജ്മെന്റ് സിസ്റ്റം എന്ന ഈ പദ്ധതിമൂലം നികുതിദായകർ തുക ഒടുക്കുന്നതിനായി ട്രഷറിയിലും ഓഫീസുകളിലും വരേണ്ടതില്ല. സർക്കാരിനെ സംബന്ധിച്ച് പണം ഉടൻതന്നെ സർക്കാർ അക്കൗണ്ടിൽ ലഭ്യമാകുകയും, റീകൺസിലിയേഷൻ നടപടികൾ എളുപ്പമാകുകയും ചെയ്യും. പ്രാരംഭഘട്ടത്തിൽ വാണിജ്യ നികുതി, എക്സൈസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ ഈ വർഷം തന്നെ ഇത് നടപ്പാക്കുന്നതാണ്.

# IV

## വിഭവസമാഹരണം

347. നമ്മുടെ നികുതിപിരിവ് അതിന്റെ സാദ്ധ്യത വച്ചുനോക്കിയാൽ വളരെ കുറവാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും നികുതി വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് സർക്കാരിന്റെ നേട്ടമായി കാണുവാൻ സാധിക്കുകയില്ല. മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കിയപ്പോൾ ഏകതല നികുതി സമ്പ്രദായത്തിൽ നിന്നും ബഹുതല സമ്പ്രദായത്തിലേക്ക് മാറിയപ്പോൾ ഉണ്ടായ ഒരു സാധാരണവർദ്ധനവാണ് കഴിഞ്ഞവർഷങ്ങളിൽ രേഖപ്പെടുത്തിയത്. ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ്. കൂടുതൽ ഊർജ്ജിതമായ ശ്രമം നടത്തിയാൽ നികുതി വരുമാനവും നികുതിയേതര വരുമാനവും വർദ്ധിപ്പിക്കുവാനും അതുവഴി മുടങ്ങിക്കിടക്കുന്ന വികസനപദ്ധതികൾക്ക് ആവശ്യമായ വിഭവസമാഹരണം നടത്തുവാനും കഴിയും. അധിക വിഭവസമാഹരണത്തിന് നികുതിയേതര മാർഗ്ഗങ്ങൾ തേടുന്നതിനോടൊപ്പം നികുതിനിർണ്ണയത്തിലൂടെയും നികുതി ചോർച്ച തടയുന്നതിലൂടെയും നികുതി

കൊടുക്കൽ, ഒടുക്കൽ സമ്പ്രദായത്തിന് കൂടുതൽ സുതാര്യതയും ആകർഷണീയതയും ഉറപ്പാക്കി വിഭവ സമാഹരണം കാര്യക്ഷമമാക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്.

## നികുതി മേൽനോട്ട സമിതിയും വിലനിരീക്ഷണ സമിതിയും

(Tax Monitoring Cell & Price Monitoring Bureau)

348. സർ, സംസ്ഥാനത്തിന്റെ വിവിധതരം നികുതികളുടെ പിരിവിനെ സംബന്ധിച്ച നടപടികൾ മോണിറ്റർ ചെയ്യുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ധനകാര്യവകുപ്പിൽ ഒരു പ്രത്യേകം സമിതി രൂപീകരിക്കുന്നതാണ്. ധനകാര്യവകുപ്പുമന്ത്രി ചെയർമാനായ ഈ സമിതിയിൽ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് വിഭവസമാഹരണം കാര്യക്ഷമമാക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. നികുതിവകുപ്പിനും സർക്കാരിനും നികുതി സംബന്ധമായ വിഷയങ്ങളിൽ ലഭിക്കുന്ന പഠന ഗവേഷണ റിപ്പോർട്ടുകളും വ്യാപാര - വ്യവസായ മേഖലകളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങളും വിശകലനം ചെയ്ത് സർക്കാരിന് വേണ്ട ഉപദേശങ്ങൾ നൽകുക എന്നത് ഈ സമിതിയുടെ പ്രധാന ചുമതലയായിരിക്കും. ഉൽപന്ന സേവന നികുതി (GST) നടപ്പാക്കുന്നതിലേയ്ക്ക് മുൻകൂട്ടി എടുക്കേണ്ട തയ്യാറെടുപ്പുകളും ഈ സമിതിയുടെ അധികാരപരിധിയിൽപ്പെടുന്നതായിരിക്കും. വിവിധയിനം നികുതി പിരിവ് അവലോകനം ചെയ്യുന്നതിനും, വിവിധ നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനെപ്പറ്റി സർക്കാരിനെ ഉപദേശിക്കുന്നതിനും ഈ സമിതിക്ക് അധികാരം ഉണ്ടായിരിക്കും.

349. മൂല്യവർദ്ധിത നികുതി ഒരു ബഹുതല നികുതി സമ്പ്രദായമാണ്. ആദ്യഘട്ട വിൽപനയ്ക്കുശേഷം പിന്നീട് വരുന്ന ഓരോ ഘട്ടത്തിലും മൂല്യവർദ്ധനവിന്റെ അടിസ്ഥാനത്തിലാണ് നികുതി. ഓരോ സാധനങ്ങളുടേയും ആദ്യഘട്ടത്തിലെ വിലയും പിന്നീടുള്ള ഓരോ ഘട്ടങ്ങളിലെ വിലയും പരിശോധിക്കുവാനുള്ള ഒരു സംവിധാനം ഇപ്പോൾ നിലവിലില്ല. കമ്പോളത്തിൽ ക്രയവിക്രയം ചെയ്യുന്ന എല്ലാ സാധനങ്ങളുടെയും വിൽപനക്കണ്ണിയിൽ ഈടാക്കുന്ന വിലനിലവാരം സംബന്ധിച്ചുള്ള ഒരു വിവരശേഖരം ഉണ്ടാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. പുതിയതായി നടപ്പിലാക്കാൻ പോകുന്ന ജി.എസ്.ടി.

സമ്പ്രദായത്തിൽ ഇത്തരത്തിലുള്ള സംവിധാനത്തിന് വളരെ പ്രസക്തിയുണ്ട്. ഇതിനായി ഒരു വില നിരീക്ഷണസമിതി ആരംഭിക്കുന്നതായിരിക്കും.

**ധനകാര്യമന്ത്രിയുടെ വെബ്സൈറ്റും പരാതി പരിഹാരത്തിനായി കോൾസെന്ററും വീഡിയോ കോൺഫറൻസിംഗും.**

350. www.kerala-fm.gov.in എന്ന പേരിൽ ധനകാര്യമന്ത്രിക്ക് ഒരു വെബ്സൈറ്റും പരാതികൾ സ്വീകരിക്കുന്നതിനായി ഒരു കോൾസെന്ററും സ്ഥാപിക്കും. സംസ്ഥാനത്തെ ഏതൊരു നികുതിദായകനും വ്യാപാരി വ്യവസായി കർഷക സംഘടനയ്ക്കും അവരവരുടെ പരാതികൾ ഇതിലൂടെ സമർപ്പിക്കാവുന്നതാണ്. സമയബന്ധിതമായി അവ പരിഹരിക്കുന്നതിന് സംവിധാനമുണ്ടാകും. ഇവ പരിഹരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വീഡിയോ കോൺഫറൻസ് സംവിധാനം നടപ്പിലാക്കുന്നതാണ്. അപ്രകാരം തീർപ്പാകാത്ത പരാതികൾ ധനകാര്യമന്ത്രി അവലോകനം ചെയ്യുന്നതാണ്. ഇതുവഴി നികുതിദായകരുടേയും കർഷകവ്യവസായ സമൂഹത്തിന്റേയും പരാതികൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**നികുതി നിർണ്ണയം**

351. വാറ്റ് നിയമപ്രകാരം ഒരു വ്യാപാരി തന്റെ റിട്ടേൺ, ഉള്ളടക്കങ്ങൾ എന്നിവ ഫയൽ ചെയ്ത് നികുതി ഒടുക്കിയാൽ വ്യാപാരിയെ സംബന്ധിച്ച് അയാളുടെ അസസ്മെന്റ് പൂർത്തിയായതായി കണക്കാക്കപ്പെടും. പക്ഷേ നികുതി നിർണ്ണയാധികാരി ഈ റിട്ടേൺ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ വിൽപന/വാങ്ങലുകൾ, ചെക്ക്പോസ്റ്റ് വിവരങ്ങൾ എന്നിവ ക്രോസ് വെരിഫിക്കേഷൻ ചെയ്യേണ്ടതും വ്യാപാരി ഫയൽ ചെയ്തിട്ടുള്ള വിവിധ ഡിക്ലറേഷനുകൾ, ഡെലിവറിനോട്ട് നികുതിവെട്ടിപ്പു കേസുകൾ എന്നിവയുമായി കണക്കുകൾ ഒത്തുനോക്കേണ്ടതും ആവശ്യമാണ്. കമ്പ്യൂട്ടർ മുഖേനയുള്ള സ്ക്രൂട്ടിനി അല്ലാതെ വിശാലമായ അർത്ഥത്തിൽ പരിശോധന ഫലപ്രദമായാലേ അതിൽനിന്നും അസസ്മെന്റുകൾ നടപ്പിലാക്കി അധിക നികുതിവരുമാനം ഉണ്ടാക്കുവാൻ സാധിക്കുകയുള്ളൂ. പ്രത്യേകമായ ഓഡിറ്റ് അസസ്മെന്റ് വിഭാഗം നിർത്തലാക്കിയ സാഹചര്യത്തിൽ, നിർണ്ണയാധികാരിയിൽ നിന്നും വേറിട്ടൊരു

അധികാരി റിട്ടേൺ സ്ക്രൂട്ടിനി ചെയ്യുന്ന സാഹചര്യം ഇല്ലാതായി. ഇത് പരിഹരിക്കുന്നതിനായി സ്ക്രൂട്ടിനിക്ക് നിർണ്ണയാധികാരിയുടെ സർട്ടിഫിക്കേഷൻ നിർബന്ധമാക്കുന്നതാണ്. ഇതിനുപുറമേ ഒരു ഓവർചെക്ക് സംവിധാനവും നടപ്പിലാക്കുന്നതാണ്. ഇന്റലിജൻസ്, ഇന്റേണൽ ഓഡിറ്റ്, ഡാറ്റാ മൈനിംഗ് എന്നീ വിഭാഗങ്ങളെക്കൂടി സ്ക്രൂട്ടിനിക്കും അസസ്മെന്റിനും ഫലപ്രദമായി വിനിയോഗിക്കേണ്ടതുണ്ട്. ഇതു കൂടാതെ ജി.എസ്.ടി. യിൽ സേവനമേഖല കൂടി ഉൾപ്പെടുന്ന സാഹചര്യംകൂടി പരിഗണിച്ച് വാണിജ്യനികുതിവകുപ്പിനെ ശക്തിപ്പെടുത്തുന്നതാണ്. സ്ക്രൂട്ടിനിയും അസസ്മെന്റും ശക്തിപ്പെടുത്തുന്നതു വഴി ഗണ്യമായ അധികനികുതിവരുമാനം പ്രതീക്ഷിക്കുന്നു.

352. സെൽഫ് അസസ്മെന്റ് സമ്പ്രദായത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് നിയമാനുസൃതം പ്രവർത്തിക്കുന്ന വ്യാപാരികളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇവരുടെ സത്യസന്ധതയെ ബഹുമാനിക്കുകയും അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഈ ഉദ്ദേശത്തോടുകൂടി നികുതിവകുപ്പ് വ്യാപാരികൾക്ക് 'വിശ്വസ്തതാരം'(Star of Trust) സർട്ടിഫിക്കേഷൻ നൽകുന്ന പദ്ധതി ആവിഷ്കരിക്കുന്നതാണ്. ഇത് അവർക്ക് അവരുടെ ബോർഡുകളിലും പരസ്യങ്ങളിലും പ്രസിദ്ധപ്പെടുത്താവുന്നതാണ്.

**രജിസ്ട്രേഷൻ യജ്ഞം**

353. സർ, ഗണ്യമായ വ്യാപാരം നടത്തുന്ന പല സ്ഥാപനങ്ങളും മൂല്യവർദ്ധിത നികുതി നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കാതെയും കണക്കെഴുതി സൂക്ഷിക്കാതെയും നികുതിവലയിൽ നിന്നും ഒഴിവാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരക്കാരെ നികുതിദായകരിൽ ഉൾപ്പെടുത്തുവാൻ ഈ വർഷം ഒരു രജിസ്ട്രേഷൻ യജ്ഞം നടത്തുവാൻ തീരുമാനിക്കുന്നു.

354. മൂല്യവർദ്ധിത നികുതിനിയമപ്രകാരം വ്യാപാരികൾക്ക് രജിസ്ട്രേഷൻ എടുക്കുവാനുള്ള നിയമനടപടിക്രമങ്ങൾ ലഘൂകരിച്ചെങ്കിലും ഇതു സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കുമ്പോൾ ഈ

മേഖലയിൽ ശ്രദ്ധേയമായ ഒരു നടപടിയും എൽ.ഡി.എഫ്. സർക്കാർ എടുത്തതായി കാണുന്നില്ല. ഏകതല നികുതി സമ്പ്രദായമായ കേരള വിൽപന നികുതി നിയമത്തിൻകീഴിൽ രജിസ്റ്റർ ചെയ്ത വ്യാപാരികളുടെ എണ്ണത്തിൽ നിന്നും ശ്രദ്ധേയമായ വർദ്ധനവ് ബഹുതല നികുതി സമ്പ്രദായമായ മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കിയിട്ടും നേടുവാൻ സാധിച്ചിട്ടില്ല. എല്ലാ രജിസ്ട്രേഡ് വ്യാപാരികളും അവരവരുടെ രജിസ്ട്രേഷൻ നമ്പരും കച്ചവടസ്ഥാപനത്തിന്റെ രജിസ്ട്രേഡ് പേരും എല്ലാവർക്കും കാണാവുന്ന രീതിയിൽ പ്രദർശിപ്പിച്ചിരിക്കണം. ഇതുപാലിക്കുന്നുണ്ടോ എന്നുറപ്പുവരുത്താൻ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാരെക്കൊണ്ട് Street survey നടത്തുന്നതായിരിക്കും.

## ആഢംബര സെസ്സ്

355. ആർഭാട ചെലവും പാഴ്ചെലവും നിരുത്സാഹപ്പെടുത്തുന്നതിനുവേണ്ടി 20 ലക്ഷം രൂപയിൽ കൂടുതൽ വിലയുള്ള ആഢംബരകാറുകളുടെ വിൽപനയിന്മേൽ ആഢംബരസെസ്സ് പിരിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. ആഢംബര സെസ്സ്, നികുതിയിന്മേൽ 2% നിരക്കിലായിരിക്കും വസൂലാക്കുന്നത്.

356. കൂടാതെ 4000 ചതുരശ്ര അടിയോ അതിൽക്കൂടുതലോ തറ വിസ്തീർണ്ണമുള്ള വീടുകൾക്കും ബിൽഡിങ് ടാക്സിനു പുറമേ 2% സെസ്സ് പിരിക്കുന്നതായിരിക്കും. ഇതിൽ നിന്നും 5 കോടി രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ദുർബലവിഭാഗത്തിനു വേണ്ടി ഏറ്റെടുക്കുന്ന പാർപ്പിട പദ്ധതിക്ക് ഈ തുക വിനിയോഗിക്കുന്നതായിരിക്കും.

357. പാൻപരാഗ് പോലുള്ള ചവയ്ക്കുന്ന പുകയില ഉൽപന്നങ്ങളുടെ ഉപയോഗം യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്നതായും അവരുടെ ആരോഗ്യത്തിന് ഭീഷണി ഉയർത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയുടെ ഉപഭോഗം നിരുത്സാഹപ്പെടുത്തുന്നതിനായി ഇത്തരം ഉൽപന്നങ്ങളിന്മേലുള്ള നികുതിനിരക്ക് 20 ശതമാനമാക്കി ഉയർത്തുന്നു. ഇതിൽനിന്നും 5 കോടി രൂപ അധികവരുമാനം ലഭിക്കുന്നതാണ്.

358. അതുപോലെ വർദ്ധിച്ചുവരുന്ന മദ്യഉപഭോഗവും ആശങ്കയുണർത്തുന്നു. മദ്യത്തിന്റെ ഉപഭോഗം നിരുത്സാഹപ്പെടുത്തുന്നതിനായി വിദേശമദ്യത്തിന്റെ ആദ്യവിൽപനയിന്മേൽ നിലവിലുള്ള ഒരു ശതമാനം സാമൂഹ്യസുരക്ഷാ സെസ്സ് 6 ശതമാനമായി ഉയർത്തുന്നു. ഇതിൽ നിന്നും 135 കോടി രൂപ അധികവരുമാനം ലഭിക്കുന്നതാണ്.

## സർച്ചാർജ്ജ്

359. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ 2004 ൽ നഷ്ടത്തിലായിരുന്നപ്പോൾ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് അനുവദിച്ച 5% സർചാർജ്ജ് ഇളവ് ഇപ്പോൾ കോർപ്പറേഷൻ ലാഭത്തിലാണെന്നതു പരിഗണിച്ച് ഈ സാമ്പത്തികവർഷം മുതൽ പിൻവലിച്ച മുൻനിരക്കായ 10% പുനഃസ്ഥാപിക്കുന്നതാണ്. ഇതിൽ നിന്നും 192 കോടി രൂപ അധികവരുമാനം ലഭിക്കുന്നതാണ്.

## ഇളവുകൾ

360. **അനുമാനനികുതിദായകർക്കുള്ള പ്രാരംഭ വിറ്റുവരവുപരിധി** - നിലവിൽ 50 ലക്ഷം രൂപ വാർഷികവിറ്റുവരവുള്ളതും രജിസ്ട്രേഷനുള്ള പ്രാദേശിക വ്യാപാരികളിൽനിന്നും ഉൽപന്നങ്ങൾ വാങ്ങുന്നതുമായ വ്യാപാരികൾക്ക് മൂല്യവർദ്ധിത നികുതിവിധേയമായ ചരക്കുകളുടെ വിറ്റുവരവിന്മേൽ അര ശതമാനം നിരക്കിൽ അനുമാനനികുതി അടക്കുവാൻ അനുവാദമുണ്ട്. ആദായനികുതിനിയമം, മൂല്യവർദ്ധിതനികുതി നിയമം എന്നിവ പ്രകാരം വാർഷിക വിറ്റുവരവ് 60 ലക്ഷം രൂപയിൽ താഴെയുള്ളവർ ചാർട്ടേഡ് അക്കൗണ്ടന്റുമാർ ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റുകൾ ഫയൽ ചെയ്യേണ്ടതില്ല. ഈ സാഹചര്യത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി അനുമാനനികുതിദായകരുടെ വിറ്റുവരവുപരിധി 60 ലക്ഷം രൂപയായി ഉയർത്തുന്നതാണ്.

361. **അനുമാനനികുതി** - ലളിതവത്കരിക്കപ്പെട്ട അനുമാനനികുതി സമ്പ്രദായമനുസരിച്ച് 20 ലക്ഷം രൂപയിൽതാഴെ വാർഷിക വിറ്റുവരവുള്ള

ചെറുകിടവ്യാപാരികൾ ഒരുവർഷം 3000/- രൂപ ഇപ്പോൾ നികുതിയായി അടക്കേണ്ടതുണ്ട്. ഈ നിരക്ക് 2000 ആയി കുറയ്ക്കുന്നതാണ്.

362. പാൽ കറക്കുന്ന യന്ത്രം, തെങ്ങുകയറ്റ യന്ത്രങ്ങൾ, എല്ലാത്തരം ജൈവവളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവയെ നികുതി വിമുക്തമാക്കുന്നതാണ്.

**കുടുംബസംബന്ധമായ പ്രമാണ രജിസ്ട്രേഷനിൽ ഡ്യൂട്ടിയിളവ്**

363. ഒരു കുടുംബത്തിൽ പിതാവോ മാതാവോ തങ്ങളുടെ മക്കൾക്കോ അവരുടെ മക്കൾക്കോ നൽകുന്ന ദാനാധാരങ്ങൾ, അപ്രകാരം അവർ നടത്തുന്ന ധനനിശ്ചയാധാരങ്ങൾ, കുടുംബാംഗങ്ങൾ തമ്മിൽ നടത്തുന്ന ഭാഗ ഉടമ്പടികൾ എന്നിവയിന്മേൽ ഉയർന്ന നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതിനാൽ ഉയർന്ന സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുന്നു. പകരം ഈ ഗണത്തിൽപെടുന്ന ഏതൊരു പ്രമാണ രജിസ്ട്രേഷനും 1000 രൂപയുടെ സ്റ്റാമ്പ് ഡ്യൂട്ടി നൽകിയാൽ മതിയാവുന്നതാണ്.

**നടപടിക്രമങ്ങളുടെ ലഘൂകരണം -**
**സംയോജിത ചെക്ക്പോസ്റ്റ് ഡാറ്റാ മാനേജ്മെന്റ് സിസ്റ്റം -**

364. സർ, ഇ-ഫയലിംഗ്, ഇ-പേയ്മെന്റ് എന്നിവ ഏർപ്പെടുത്തിയിട്ടും ഒരു കൺസ്യൂമർ സ്റ്റേറ്റ് ആയ നമ്മുടെ സംസ്ഥാനത്ത് അതിർത്തി കടന്നുവരുന്ന സാധനങ്ങളുടെ ഇനം തിരിച്ചുള്ള വിവരശേഖരം നാളിതുവരെ ലഭ്യമല്ല. നികുതിഭരണം കാര്യക്ഷമമാകണമെങ്കിൽ വാറ്റ് നിയമപ്രകാരമുള്ള ക്രഡിറ്റ് ശൃംഖലയിലെ ഓരോ കണ്ണിയും സസൂക്ഷ്മം പരിശോധനാവിധേയമാക്കേണ്ടത് അത്യാവശ്യമാണ്. ചെക്ക്പോസ്റ്റുകളിൽ വിവരങ്ങൾ ശേഖരിക്കുന്നത് ഇതിന്റെ പ്രധാനഭാഗമാണ്. ചരക്കുകൾ ചെക്ക്പോസ്റ്റിലേക്ക് എത്തുന്നതിനു മുമ്പുതന്നെ വ്യാപാരി സമർപ്പിക്കുന്ന രേഖകളിലെ വിവരങ്ങൾ ശേഖരിക്കാനും ഇതിനെ ചരക്കുവാങ്ങുന്ന വ്യാപാരിയുടെ വിവരങ്ങളുമായി ബന്ധിപ്പിക്കാനും, വിവിധ ചെക്ക്പോസ്റ്റുകൾ വഴിയുള്ള ചരക്കുനീക്കം സംബന്ധിച്ച കാര്യങ്ങൾ പരസ്പരം പരിശോധിക്കാനും കഴിയുന്നതരത്തിൽ കാര്യക്ഷമമായുള്ള ഒരു സംയോജിത ചെക്ക്പോസ്റ്റ് ഡാറ്റാ മാനേജ്മെന്റ് സിസ്റ്റം നികുതിവെട്ടിപ്പിനുള്ള പ്രവണതകൾ

ഇല്ലായ്മ ചെയ്യും. ഇത്തരം വിവര വിശകലനങ്ങൾ നടത്തുവാൻ ഉതകുന്ന സംയോജിത ചെക്പോസ്റ്റുകൾ സ്ഥാപിക്കുന്നതാണ്. ഒരു ഡീലറുടെ ടിൻ നമ്പർ ദുരുപയോഗം ചെയ്ത് മറ്റുള്ളവർ ചരക്ക് കടത്തിക്കൊണ്ടുവരുന്നു എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അതിർത്തി ചെക്ക്പോസ്റ്റിലൂടെ സംസ്ഥാനത്തിലേക്ക് കടന്നുവരികയും പോവുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാരപഥം TIN/PIN ഡീലർമാരുടെ മൊബൈൽ ഫോണിൽ Alert Message SMS ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. അതുപോലെ ചരക്കുനീക്കത്തെ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനായി ഇന്റലിജൻസ് വിഭാഗത്തിന് ആവശ്യമായ വിവരസാങ്കേതിക വിദ്യാസൗകര്യങ്ങൾ നൽകി സജ്ജരാക്കുന്നതാണ്.

365. **സംയുക്തപരിശോധനകൾ** - വാണിജ്യനികുതി, **മോട്ടോർവാഹനം**, എക്സൈസ്, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകളിലെ പരിശോധനാസംഘങ്ങൾക്കെല്ലാം അവരുടെ ആവശ്യമനുസരിച്ച് സംസ്ഥാനത്തിനകത്തേക്ക് വരുന്ന ചരക്കുവാഹനങ്ങൾ സംയുക്തമായി പരിശോധിക്കുന്ന സമ്പ്രദായം സംയോജിത ചെക്ക്പോസ്റ്റുകളിൽ നടപ്പിലാക്കുന്നതാണ്. ഇത് വിവിധ ചെക്ക്പോസ്റ്റുകളിൽ വാഹനങ്ങൾ പരിശോധനകൾക്കായി നിർത്തിയിടുന്ന സമയത്തിൽ വളരെയധികം കുറവുവരുത്തുകയും അതുവഴി ഗതാഗതക്കുരുക്ക് ഒഴിവാക്കുകയും ചെയ്യും. ഇത്തരത്തിൽ ഒരു പൈലറ്റ് പ്രോജക്ട് വാളയാറിൽ സ്ഥാപിക്കുന്നതാണ്.

**വ്യാപാര വ്യവസായ വാണിജ്യ പ്രശ്നപരിഹാര ബ്യൂറോ**

366. സംസ്ഥാനത്തിന്റെ വിഭവ സമാഹരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം വ്യാപാര വ്യവസായ വാണിജ്യ മേഖലയിൽ കാലാകാലങ്ങളിൽ ഉയർന്നുവരുന്ന നികുതിസംബന്ധമായ പ്രശ്നങ്ങളും നികുതിദായകരുടെ പരാതികളും പരിഹരിക്കുന്നതിന് ഒരു സ്ഥിരം സംവിധാനത്തിന് രൂപം നൽകേണ്ടത് ആവശ്യമാണെന്ന് ഞാൻ കരുതുന്നു. അതിനുവേണ്ടി നികുതിവകുപ്പിനുകീഴിൽ വ്യാപാര വ്യവസായ വാണിജ്യ

പ്രശ്നപരിഹാര ബ്യൂറോ രൂപീകരിക്കുന്നതാണ്. (Greivance Redressal Bureau for Trade, Commerce and Industry)

367. **കയറ്റുമതി-ഇറക്കുമതി സുഗമമാക്കാൻ കേന്ദ്ര-സംസ്ഥാന നടപടിക്രമങ്ങൾ സംയോജിപ്പിക്കൽ** - ആഗോള സമ്പദ് വ്യവസ്ഥയുമായി അതിവേഗം താദാത്മ്യം പ്രാപിക്കുന്നതരത്തിൽ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയും വളർന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് നാമുള്ളത്. സുഗമവും തടസ്സരഹിതവുമായ രീതിയിൽ ചരക്കുനീക്കത്തിനു സഹായകരമായ ഒരു സംവിധാനം നടപ്പാക്കേണ്ടതിനായി നാം തയ്യാറെടുക്കേണ്ടതുണ്ട്. കസ്റ്റംസ്, ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ് (DGFT), വാണിജ്യനികുതി മുതലായ വിവിധ ഏജൻസികൾ വെവ്വേറെയാണ് ഇപ്പോൾ ഇത് കൈകാര്യം ചെയ്യുന്നത്. ഈ ഏജൻസികളിലെ വിവരങ്ങൾ സംയോജിപ്പിക്കാനും കൂട്ടിച്ചേർക്കാനുമുള്ള പ്രവൃത്തികളിലേക്ക് നീങ്ങുകയാണെങ്കിൽ ഇറക്കുമതി സുഗമമാക്കാനും നികുതിനഷ്ടം ഒഴിവാക്കാനും സഹായകരമാകും. അടുത്തവർഷം വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പൂർണ്ണമായും പ്രവർത്തനമാരംഭിക്കുന്നതോടുകൂടി അതുവഴിയുള്ള ഇറക്കുമതിയും കയറ്റുമതിയും കാര്യമായ തോതിൽ വർദ്ധിക്കുവാനുള്ള സാഹചര്യം ഉണ്ട്. അതിനായി ഇപ്പോഴേ വകുപ്പിനെ സജ്ജമാക്കേണ്ടതുണ്ട്. കയറ്റുമതിക്കുള്ള ചരക്കുനീക്കം സുഗമമായും സമയനിഷ്ഠമായും നടക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതാണ്. ഇതിനായി സെൻട്രൽ എക്സൈസ്, കസ്റ്റംസ് അധികാരികളുടെ കീഴിലുള്ള കയറ്റുമതികേന്ദ്രങ്ങളിൽ വാണിജ്യനികുതി ഉദ്യോഗസ്ഥരെ വിന്യസിക്കുന്നതാണ്.

368. **ഫെസിലിറ്റേഷൻ സെന്റർ** - വ്യാപാരികൾക്ക് തങ്ങളുടെ ചരക്കുനീക്കം സംബന്ധമായ വിവരങ്ങൾ സമർപ്പിക്കാനായി എല്ലാ വിമാനത്താവളങ്ങളിലും പ്രധാന റെയിൽവേ സ്റ്റേഷനുകളിലും തുറമുഖങ്ങളിലും വാണിജ്യനികുതിവകുപ്പിന്റെ ഫെസിലിറ്റേഷൻ സെന്ററുകൾ തുറക്കുന്നതാണ്. രജിസ്റ്റർചെയ്ത വ്യാപാരികൾക്ക് ഡിക്ലറേഷനുകൾ ഇ-ഫയലിംഗ് മുഖേന സമർപ്പിക്കാനും അതുപ്രകാരം ചരക്കുഗതാഗതം നടപ്പാക്കാനുമുള്ള സൗകര്യം ഏർപ്പെടുത്തും. രജിസ്റ്റർ ചെയ്ത വ്യാപാരികൾക്ക് ഇവിടങ്ങളിൽനിന്നും ചരക്കുനീക്കം നടത്തുന്നതിനായി ഡെലിവറിനോട്ട് ഉപയോഗിക്കാൻ അനുവാദം നൽകും. ഇതുമൂലം ഇവിടെ നടക്കുന്ന വിവിധ ചരക്കുകളുടെ വ്യാപാരത്തോത്

തിട്ടപ്പെടുത്തുവാൻ സാധിക്കുന്നു. അതുവഴി നമ്മുടെ സംസ്ഥാനത്തിനു ലഭിക്കേണ്ട നികുതി തിട്ടപ്പെടുത്തുവാനും നികുതിയിൽ ഉണ്ടാകുന്ന ചോർച്ച കൃത്യമായും കണ്ടെത്തുവാനും സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഒരു കോടി രൂപ ബജറ്റിൽ വക കൊള്ളിക്കുന്നു.

369. **മൂല്യവർദ്ധിതനികുതി നിയമം നടപ്പിലാക്കിയതിനെ തുടർന്ന് നികുതിനിരക്കിൽ തർക്കമുള്ള സാധനങ്ങളെക്കുറിച്ച്** – വാറ്റ് നിയമത്തിന്റെ ഷെഡ്യൂളുകൾ എച്ച്.എസ്.എൻ. കോഡുമായി ബന്ധപ്പെട്ട് കിടക്കുന്നതുകൊണ്ട് ഒരു വസ്തു ഏത് ഷെഡ്യൂളിൽ ഉൾപ്പെടുന്നു എന്ന് വകുപ്പ് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്ന വ്യവസ്ഥ നിലവിലുണ്ട്. വാറ്റ് നിലവിൽ വന്നശേഷം ചിലപ്പോൾ കാലങ്ങൾ കഴിഞ്ഞായിരിക്കാം ആരെങ്കിലും സ്പഷ്ടീകരണം ചോദിക്കുന്നതും അത് നൽകുന്നതും. സ്പഷ്ടീകരണം മൂലം പലപ്പോഴും പിൻകാല പ്രാബല്യത്തോടെ അവർ പിരിച്ചെടുക്കാത്ത നികുതി അടയ്ക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. സ്പഷ്ടീകരണം നിമിത്തം വാറ്റ് ശൃംഖലയിലെ എല്ലാ വ്യാപാരികളുടേയും നികുതി പുനർനിർണ്ണയിക്കപ്പെടുമ്പോൾ തുടർവ്യാപാരികൾക്ക് അർഹമായ ഇൻപുട്ട് നികുതി ക്രെഡിറ്റിന് അവസരമില്ല. അവരുടെ ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി, സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിച്ച ശേഷം ഉൽപാദകനോ, ആദ്യവ്യാപാരിയോ, എം.ആർ.പി. യിൽ മുഴുവൻ നികുതിയും അടച്ചാൽ വാറ്റ് ചങ്ങലയിലെ തുടർവ്യാപാരികൾക്ക് എതിരെ പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ നടപടികളും ഒഴിവാക്കുന്നു. അന്തിമ ഉപഭോക്താവിന് നൽകുന്ന വിലയ്ക്കുള്ള മുഴുവൻ നികുതിയും സർക്കാരിന് ലഭിക്കുന്നതിനാൽ ഈ നടപടിമൂലം സർക്കാരിന് വരുമാനനഷ്ടമുണ്ടാകുന്നില്ല.

### സമയപരിധി ദീർഘിപ്പിക്കൽ

370. വിൽപന നികുതി നിയമം, മൂല്യവർദ്ധിത നിയമം, ലക്ഷ്വറി ടാക്സ് നിയമം, എന്നിവയുടെ കീഴിൽ ഇനിയും തീർപ്പാക്കാൻ ബാക്കിയുള്ള അസസ്മെന്റുകളും, റിമാൻഡ് അസസ്മെന്റുകളും പരിഷ്കരിച്ച അസസ്മെന്റുകളും തീർപ്പാക്കാനുള്ള സമയപരിധി ഒരുവർഷംകൂടി ദീർഘിപ്പിച്ചിരിക്കുന്നു. ഇതുകൂടാതെ ആംനസ്റ്റി സ്കീമിന്റെ കാലാവധി

സെപ്റ്റംബർ 30 വരെയും ദീർഘിപ്പിക്കുന്നു. അതിനായി പ്രസ്തുത നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നു.

### പരാമാവധി കോമ്പൗണ്ടിംഗ് തുക

371. ഒരു നിയമലംഘനത്തിന് ഒരു സാമ്പത്തികവർഷം വസൂലാക്കാവുന്ന പരമാവധി കൂടിയ കോമ്പൗണ്ടിംഗ് തുക നിലവിൽ 4 ലക്ഷം രൂപയാണ്. എന്നാൽ ഉയർന്ന വ്യാപ്തിയിലുള്ള നികുതിവെട്ടിപ്പുകൾ തടയാൻ ഈ തുക അപര്യാപ്തമാണ്. ഇത് പരിഗണിച്ച് നിലവിലുള്ള പരിധിയായ 4 ലക്ഷം രൂപയിൽ നിന്നും 8 ലക്ഷം രൂപയായി ഉയർത്താൻ ഉദ്ദേശിക്കുന്നു. ഇതിൽനിന്നും 1 കോടി രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു.

### ഇ-ഫയലിംഗും ഇ-പേയ്മെന്റും

372. ആഢംബരനികുതി, കാർഷികാദായനികുതി, മണി ലെൻഡിംഗ് എന്നീ നിയമങ്ങൾ പ്രകാരം വകുപ്പിന് സമർപ്പിക്കുന്ന അപേക്ഷകൾ, റിട്ടേണുകൾ, പ്രസ്താവനകൾ എന്നിവയും നികുതി, മറ്റു ഫീസുകൾ എന്നിവയും ഇലക്ട്രോണിക് മാധ്യമത്തിലൂടെ സമർപ്പിക്കുവാൻ അവസരമൊരുക്കുന്നതാണ്. ഇതിനായി ആവശ്യമായ നിയമഭേദഗതികൾ കൊണ്ടുവരുന്നതാണ്.

## കോമ്പൗണ്ടിങ് പദ്ധതികൾ

### സ്വർണ്ണം

373. കോമ്പൗണ്ടിങ് സമ്പ്രദായത്തിൽ നികുതി അടയ്ക്കാൻ സ്വർണ്ണ വ്യാപാരികൾക്ക് ഒരു പദ്ധതി നിലവിലുണ്ട്. നിലവിലുള്ള സമ്പ്രദായമനുസരിച്ച് 1 കോടിക്കുമേൽ വാർഷിക വിറ്റുവരവുള്ളവർക്ക് തലേവർഷം അടച്ച നികുതിയുടെ 125 ശതമാനമാണ് നടപ്പുവർഷം അടയ്ക്കേണ്ട കോമ്പൗണ്ടഡ് നികുതി. എന്നാൽ ഇതിന് ടേണോവറുമായി ബന്ധമില്ല. വിറ്റുവരവ് എത്ര വർദ്ധിച്ചാലും ആ വർദ്ധനവ് കോമ്പൗണ്ടഡ് നികുതിയിൽ പ്രതിഫലിക്കുന്നില്ല. ഇതുമൂലം

സർക്കാരിന് വലിയ നഷ്ടം സംഭവിക്കുന്നു എന്നതിനാൽ ഈ സമ്പ്രദായം പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു. ഒരുവർഷം പൂർണ്ണമായി വ്യാപാരമില്ലാത്തവരെ കോമ്പൗണ്ടിങ് പദ്ധതിയിൽ അംഗമാകാൻ അനുവദിക്കുന്നതല്ല. കഴിഞ്ഞവർഷത്തെ വ്യാപാരതോതുമായി കോമ്പൗണ്ടഡ് നികുതിനിരക്കിനെ ബന്ധപ്പെടുത്തുവാനും യുക്തിസഹമാക്കുന്നതിനുമായി ഇവർ അടയ്ക്കേണ്ട കോമ്പൗണ്ടഡ് നികുതി, നിലവിലുള്ള നികുതി നിരക്കോ, അല്ലെങ്കിൽ വിറ്റുവരവിന്റെ 1.25 ശതമാനമോ ഏതാണോ കൂടുതൽ അത് അടയ്ക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നതാണ്. കോമ്പൗണ്ട് സമ്പ്രദായം സ്വീകരിച്ച വ്യാപാരികളെ നികുതിപിരിക്കാൻ അനുവദിക്കുന്നതല്ല. ബുള്ള്യന്റെ വിറ്റുവരവും, കോമ്പൗണ്ടിങ് വിറ്റുവരവിൽ ഉൾപ്പെടുമെന്നും സ്പഷ്ടീകരിക്കുന്നു. കോമ്പൗണ്ടിങ് നിരക്കിനെ വിറ്റുവരവുമായി ബന്ധപ്പെടുത്തിയ സാഹചര്യത്തിൽ, സ്റ്റോക്ക് ഇരട്ടിയാവുകയാണെങ്കിൽ അവർക്ക് നൽകിയ കോമ്പൗണ്ടിങ് അനുമതി പിൻവലിക്കുമെന്ന വ്യവസ്ഥ വേണ്ടെന്നുവയ്ക്കുകയാണ്. മറ്റു വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരുന്നതാണ്. ഇതിൽനിന്നും 15 കോടി രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു.

**ധനബില്ലിലെ വ്യവസ്ഥകൾ സാധൂകരിക്കും**

374. 2011-12 ലെ ആദ്യ ബജറ്റിൽ ചില നികുതി നിർദ്ദേശങ്ങളും നടപടികളുടെ ലഘൂകരണങ്ങളും പ്രഖ്യാപിക്കുകയുണ്ടായി. ഇതിലേയ്ക്ക് 2011 ലെ ധനബിൽ സഭയിൽ അവതരിപ്പിക്കുകയും 1986 ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യു ആക്ടിലെ നാലാം വകുപ്പിലെ ഡിക്ലറേഷന്റെ ബലത്തിൽ പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ പ്രാബല്യത്തിലാക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ 12-ാം നിയമസഭയുടെ കാലാവധി അവസാനിച്ച് പ്രസ്തുത സഭ പിരിച്ചു വിട്ടതിനാൽ ഭരണഘടനയുടെ 196(5) അനുച്ഛേദമനുസരിച്ച് പ്രസ്തുത ബിൽ ലാപ്സായി. പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ പുനഃസ്ഥാപിക്കുന്നതാണ്.

**ലോട്ടറികൾ**

375. ആഴ്ചയിൽ ഒരു ദിവസം മാത്രമാണ് ഇപ്പോൾ സംസ്ഥാന ഭാഗ്യക്കുറി നടത്തിവരുന്നത്. 2010 ആഗസ്റ്റ് മാസം 30-ന് മുമ്പ് നടത്തിയിരുന്നതുപോലെ

ആഴ്ചയിൽ എല്ലാ ദിവസവും ഭാഗ്യക്കുറി ആരംഭിക്കുന്നതാണ്. ഇതിൽനിന്നും 263 കോടി രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു.

# V

## ഉപസംഹാരം

376. സർ, കഴിഞ്ഞ അഞ്ചുവർഷത്തെ സാമ്പത്തിക കെടുകാര്യസ്ഥതയുടെ ഫലമായി സംസ്ഥാനത്തിന് താങ്ങേണ്ടി വന്നത് ദുർവഹമായ സാമ്പത്തിക ഭാരമാണ്.അതിൽ നിന്നുള്ള മോചനം എല്ലാ വിഭാഗം ജനങ്ങളുടെയും ആഗ്രഹമായിരുന്നു. അത് യാഥാർത്ഥ്യമാക്കാനും സംസ്ഥാനത്തിനാകെ ആശ്വാസം പകരാനുമുള്ള എളിയ ശ്രമമാണ് എന്റെ ബജറ്റ്. ഇക്കാര്യത്തിൽ ഒരു പരിധിവരെ വിജയിക്കാൻ കഴിഞ്ഞു എന്നാണ് എന്റെ ഉത്തമവിശ്വാസം.

377. ഐക്യജനാധിപത്യമുന്നണി കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ മുമ്പാകെ വച്ച വാഗ്ദാനങ്ങളും സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങളും നിറവേറ്റുവൻ മതിയായ തുക വകയിരുത്തുകയും മുൻ സർക്കാർ വരുത്തിവച്ച അതിഭീമമായ ബാദ്ധ്യതകൾ ഏറ്റെടുക്കുകയും ചെയ്തശേഷവും കമ്മി 350 കോടിയിൽ ഒതുക്കി നിർത്തിക്കൊണ്ട് 2011-12 സാമ്പത്തിക വർഷം അവസാനിപ്പിക്കുവാൻ കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

378. സർ, ഒ.എൻ.വി.യുടെ ഒരു കവിതാശകലം ഉദ്ധരിച്ചുകൊണ്ട്, 'പാലിച്ചു വാഗ്ദാനമേറെ' എന്ന അവകാശവാദത്തോടും 'വാഗ്ദത്ത ഭൂമിയിലേയ്ക്കുള്ളതാവട്ടെ യാത്ര' എന്ന മംഗളാശംസയോടും കൂടി എന്റെ മുൻഗാമി അവതരിപ്പിച്ച 2011-12 ലെ ബജറ്റ് വാഗ്ദത്ത ഭൂമിയിൽ എത്താതെ സാമ്പത്തിക ശിക്ഷണമില്ലായ്മയുടെയും കെടുകാര്യസ്ഥതയുടെയും ചെങ്കടലിന്റെ അഗാധ ഗർത്തങ്ങളിലേയ്ക്ക് പതിച്ച കാഴ്ചയാണ് നാം കണ്ടത്.

379. ഇത്തരുണത്തിൽ എവിടെയാ വാഗ്ദത്ത ഭൂമി ചോദിപ്പൂ ഞാൻ, എവിടെയാ സൗപർണ്ണ ഭൂമി ? എന്ന ഒ.എൻ.വി.യുടെ കവിതയിലെ ചോദ്യം

തന്നെയാണ് ഏതൊരു കേരളീയന്റെയും മനസിൽ ഇപ്പോൾ ഉയർന്നുവരുന്നത്. അതിന് ഉത്തരം കൊടുക്കുവാൻ നാമെല്ലാം ബാദ്ധ്യസ്ഥരാണ്.

380. സർ, ഈയൊരവസ്ഥ ഇനിയാവർത്തിക്കുവാൻ പാടില്ല. ഈ ദുരവസ്ഥയിൽ നിന്നു നമ്മുടെ സംസ്ഥാനത്തെ കൈപിടിച്ചു കയറ്റാനുള്ള എളിയ ശ്രമമാണ് ഞാൻ എന്റെ ബജറ്റിലൂടെ നടത്തിയിട്ടുള്ളത്.

381. ഈ സാഹചര്യത്തിൽ, മുൻ ബജറ്റിനെക്കാൾ ഉയർന്ന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ എന്റെ ബജറ്റിന് കഴിയുമെന്ന ഉറച്ച വിശ്വാസമാണ് എനിക്കുള്ളത്. അതിന്റെ സവിശേഷതകൾ ഞാൻ വ്യക്തമാക്കട്ടെ;

- റവന്യൂ വരുമാനം ആദ്യ ബജറ്റിൽ 38547 കോടി രൂപയായിരുന്നത് ഈ പുതുക്കിയ ബജറ്റിൽ 39428 കോടി രൂപയായി ഉയരുന്നു.
- റവന്യൂകമ്മി 6019 കോടി രൂപ എന്നത് 5534 കോടി രൂപയായി കുറയുന്നു.
- GSDP യുടെ 1.97 ശതമാനമായിരുന്ന റവന്യൂകമ്മി 1.81 ശതമാനമായി കുറയുന്നു.
- ധനക്കമ്മി 10641 എന്നത് 10507 ആയി കുറയുന്നു.
- GSDP യുടെ 3.48 ശതമാനമായിരുന്ന ധനക്കമ്മി 3.43 ശതമാനമായി കുറയുന്നു.
- മൂലധനചെലവ് 4712 കോടി രൂപയായിരുന്നത് 5064 കോടി രൂപയായി വർദ്ധിക്കുന്നു.
- വികസനച്ചെലവുകൾ 28646 കോടി രൂപ എന്നത് 29872 കോടി രൂപയായി വർദ്ധിക്കുന്നു.

**382. സർ,** ഞാൻ 2011-12-ലേക്കുളള പുതുക്കിയ ബജറ്റിന്റെ സംക്ഷിപ്ത രൂപം അവതരിപ്പിക്കുന്നു.

| | | *(രൂപ കോടിയിൽ)* |
|---|---|---|
| റവന്യൂ വരുമാനം | : | 39427.51 |
| റവന്യൂ ചെലവ് | : | 44961.42 |
| റവന്യൂ കമ്മി | : | 5533.91 |
| മൂലധന ചെലവ് | : | 3814.69 |
| വായ്പകളും മുൻകൂറുകളും (തനി) | : | -1158.38 |
| ധനക്കമ്മി | : | -10506.99 |
| പൊതുകടം (തനി) | : | 7793.76 |
| പൊതുകണക്ക് (തനി) | : | 2554.15 |
| ആകെ മിച്ചം | : | -159.07 |
| വർഷാരംഭ രൊക്ക ബാക്കി | : | 175.78 |
| ഇപ്പോൾ പ്രഖ്യാപിച്ച അധികച്ചെലവ് | : | 982.73 |
| അധികവിഭവ സമാഹരണം | : | 615.75 |
| വർഷാന്ത്യ രൊക്ക ബാക്കി | : | -350.27 |

383. കേരളത്തിന്റെ സാമ്പത്തിക മേഖലയ്ക്കാകെ വലിയൊരു ഉണർവും ഉത്തേജനവും പകരാൻ ഈ ബജറ്റിന് കഴിയും.

384. സർ, സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുവാനും ദുർബലമേഖലകളുടെ സർവ്വാശ്ളേഷിയായ വികസനം ഉറപ്പുവരുത്തുവാനും അടിസ്ഥാന സൗകര്യവികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുവാനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുവാനും തൊഴിൽ സാദ്ധ്യതകൾ തുറന്നു കിട്ടുവാനും സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ലോക സമ്പദ് വ്യവസ്ഥയുമായി സമന്വയിപ്പിക്കുവാനും എന്റെ ഈ ബജറ്റ് കളമൊരുക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.

385. സർ, ഇവയെല്ലാം യാഥാർത്ഥ്യമാകണമെങ്കിൽ അതിനുള്ള ഇച്ഛാശക്തി സമസ്ത മേഖലകളും പ്രകടമാക്കേണ്ടതുണ്ട്. തയ്യാറെടുപ്പുകൾ നടത്തേണ്ടതുമുണ്ട്. അതിലേയ്ക്കാവശ്യം ഭരണ പ്രതിപക്ഷങ്ങൾ തമ്മിലുള്ള പോർവിളി

കളല്ല, ജനക്ഷേമം മുൻനിർത്തിയുള്ള അപൂർവ്വമായ ഒരു ഭരണ പ്രതിപക്ഷ കൂട്ടായ്മയാണ്. ഒരുമിച്ച് കരം പിടിച്ചുള്ള മുന്നേറ്റമാണ്. എങ്കിൽ വികസന ചക്രവാളങ്ങൾ കീഴടക്കുവാൻ നമുക്ക് സാധിക്കും. ആർഷ സംസ്കാരത്തിന്റെ ആധാരശിലയും പുണ്യഗ്രന്ഥവുമായ ഋഗ്വേദം ഉപദേശിക്കുന്നതും ഇത്തരമൊരു കൂട്ടായ്മയാണ്.

**സമാനീ വ: ആകൂതി**
**സമാനാ: ഹൃദയാനി വ:**
**സമാനമസ്തു വോ മന:**
**യഥാ വ: സുസഹാസതി**

386. നിങ്ങളുടെ കർമ്മങ്ങൾ ഒന്നായിരിക്കട്ടെ; നിങ്ങളുടെ ഹൃദയങ്ങൾ ഒന്നായിരിക്കട്ടെ; നിങ്ങളുടെ മനസുകൾ ഒന്നായിരിക്കട്ടെ; അങ്ങനെ ഒരുമയോടെ പ്രവർത്തിച്ചു ക്ഷേമം കൈവരിക്കുവാൻ നമുക്ക് കഴിയട്ടെ.

387. സർ, ഈ ആത്മവിശ്വാസത്തോടെ ഞാൻ ബജറ്റ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**//ജയ് ഹിന്ദ്//**